Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯
പേജ് ൧൨

കൊല്ലം ൧൯൪൪ ജനുവരി ൧൦-ാം
൧൧൧൯ ധനു ൨൬-ാം തിങ്കളാഴ്ച

ലക്കം ൧൯൧
ഒററപ്രതി ൨ അണ.

## മതപരിവർത്തനങ്ങൾ

ബനാറീസ് ഹിന്ദുസർവ്വകലാശാലയിലെ പ്രാചീന ഭാരതീയ ചരിത്രവകുപ്പിൻെറ മേലാവായ ഡാക്ടർ എ. എസ്. അൾട്ടേകർ എം. എ. എൽ. എൽ. ബി. ഡി. ലിററ്. ഇപ്രകാരം എഴുതുന്നു:—

കിഴക്കെ ബംഗാളിലെ അനേകായിരം ഹിന്ദുക്കളുടെ നിർബന്ധിതമതപരിവർത്തനം, ഈ സാധുക്കളെ വീണ്ടും ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുന്ന പ്രശ്നത്തെ പുനരുദയം ചെയ്യിച്ചിരിക്കുന്നു. ൨൩ വർഷത്തിനു മുൻപ് മാപ്പിളലഹളക്കാലത്ത് ഈ പ്രശ്നം ഉദിച്ചിരുന്നതാണ്. എന്നാൽ അന്നു പൊട്ടിപ്പുറപ്പെട്ട വികാരങ്ങൾ ഇന്നത്തെപ്പോലെ തീക്ഷ്ണമല്ലായിരുന്നു. ഇന്നാകട്ടെ നിർബന്ധിതമതപരിവർത്തനങ്ങൾ അല്ലെന്നു വിവിധപീഠങ്ങളിലെ ആചാര്യന്മാർതന്നെയും പ്രസ്താവിക്കുന്നതായി കാണുന്നു. മാമൂൽ വിശ്വാസങ്ങളുടെ ഒരു ദുർഗ്ഗസ്ഥാനമെന്നു പറയാവുന്ന ബനാറിസ് ബ്രാഹ്മണസഭപോലും ബംഗാളിലെ ഇപ്പോഴത്തെ മതപരിവർത്തനങ്ങളൊന്നും വാസ്തവത്തിൽ മതപരിവർത്തനങ്ങളാകുന്നില്ലെന്നും, അതിൽപെട്ടവർ ഹിന്ദുക്കളായിത്തന്നെ ശേഷിക്കുന്നു എന്നും പ്രസ്താവിക്കുന്നു.

കിഴക്കെബംഗാൾ സംഭവം ഹിന്ദുസമുദായത്തെ അതിൻെറ കർത്തവ്യത്തേയും, യാഥാർത്ഥ്യബോധത്തേയും സംബന്ധിച്ചിടത്തോളം പ്രബുദ്ധമാക്കിയിട്ടുണ്ടെന്നുള്ളത് സംതൃപ്തിക്ക് ഒരു കാരണംതന്നെ. ഒരു ആയിരംവർഷം മുൻപുതന്നെ ഈ മനോഭാവം സ്വീകരിച്ചിരുന്നെങ്കിൽ ഇന്നത്തെ ഹിന്ദുമുസ്ലിംപ്രശ്നംതന്നെയും ഉത്ഭവിക്കയില്ലായിരുന്നു. എന്തെന്നാൽ ഇന്ത്യയിലെ മുസ്ലിംജനസംഖ്യ ഒരുകോടിയിലധികം വരികയില്ലായിരുന്നു എന്നാണ് വിചാരിക്കേണ്ടത്.

പക്ഷെ മദ്ധ്യകാലങ്ങളായപ്പോഴേയ്ക്ക് ഹിന്ദുമതം പുനഃപരിവർത്തനത്തെ സംബന്ധിച്ച അത്യന്തം അയുക്തമായ ഒരു മനോഭാവമാണ് സ്വീകരിച്ചത്. എത്രതന്നെ ബലാൽക്കാരമായും ചതിവിലും ആണ് ഒരാൾ മററുമതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതെന്നിരുന്നാൽ പോലും അയാളെ വീണ്ടും ഹിന്ദുമതത്തിലേക്ക് സ്വീകരിക്കുകയില്ലെന്നായി. ഹിന്ദുമതത്തിൽ ജനിക്കാത്തവരെ അതിൽ ഉൾപ്പെടുത്തുകയില്ലെന്ന് തീർച്ചയുമായിരുന്നു. പതിനേഴാം നൂററാണ്ടിൽ പ്രഞ്ചുസഞ്ചാരിയായിരുന്ന ബെർണിയർ ബനാറിസ്സിലെ ഹിന്ദുക്കളോട് തക്ക ഒരു ചോദ്യം ചോദിച്ചു. 'നിങ്ങൾ പറയുന്നു നിങ്ങളുടെ മതമാണ് ഏററവും നല്ലതെന്ന്. അങ്ങനെയാണെങ്കിൽ എന്നെ ആ മതത്തിലേയ്ക്കു എന്തുകൊണ്ട് സ്വീകരിക്കുന്നില്ല' ബ്രാഹ്മണർ മറുപടി നൽകി, അതു് എല്ലാവർക്കും നല്ല മതമാണെന്ന് ഞങ്ങൾ പറയുന്നില്ല. ഹിന്ദുക്കൾക്കായി ഈശ്വരൻ അതു നൽകിയിരിക്കുന്നു. അവർക്ക് അതേററവും നല്ലതുമാണ്. മററു മതക്കാർക്ക് അവരുടെ മതങ്ങൾ ഏററവും നന്നായിരിക്കും. അവർ അവതന്നെ അനുസരിക്കട്ടെ. ഞങ്ങളുടെ മതത്തിൽ അവരെ ചേർക്കുകയില്ല."

എന്നാൽ, വൈദികകാലത്തെ ഭാരതീയർ വിശ്വത്തെമുഴുവൻ ആര്യന്മാക്കുന്നതിൽ വിശ്വസിച്ചിരുന്നു. "കൃണ്വന്തോ വിശ്വമാര്യം" എന്നുള്ളതായിരുന്നു അവരുടെ മുദ്രാവാക്യം. അക്കാലത്ത് ഇന്ത്യയിൽ ഭിന്നമതവിഭാഗക്കാർ ധാരാളമുണ്ടായിരുന്നു. അവയെല്ലാം ക്രമേണ ആര്യമതത്തിൽ ലയിച്ചു. ഈ പരിവർത്തനം അത്രവളരെ പരിപൂർണ്ണമായിരുന്നതിനാൽ ഹിന്ദുമതംഎന്നറിയപ്പെടുന്ന സങ്കീർണ്ണതയിൽ അവയിലൊന്നുപോലും തിരിച്ചറിയാൻ കഴിയാത്ത നിലയിലായിരിക്കുന്നു. എടുക്കുകയും കൊടുക്കുകയുംചെയ്കയെന്നതായിരുന്നു അതിൻെറ രീതി. അനേകം അഹൈന്ദവദേവതകൾ ഹിന്ദുമതത്തിലേയ്ക്കു അംഗീകരിക്കപ്പെട്ടു. അനാര്യന്മാരുമായുള്ള വിവാഹങ്ങളും സാധാരണമായിരുന്നു. സാത്വികവൃത്തിക്കാരായി ഗണിക്കപ്പെട്ടിരുന്ന അർജ്ജുനഭീമാദിപൌരാണികപാത്രങ്ങൾ പോലും ഉലൂപിക, ഹിഡിംബി തുടങ്ങിയ അനാര്യവനിതകളെ വിവാഹംചെയ്തതായി കാണുന്നു.

വൈദേശികരെ ഹിന്ദുക്കളാക്കുന്ന 'പതിവ്' അനേക നൂററാണ്ടു കാലത്തേയ്ക്കു നിർവിഘ്നം നടന്നു. ബി. സി. ൪-ാം നൂററാണ്ടിൽ ഇന്ത്യയിൽ ഒരു ഗ്രീക്ക് ആക്രമണം ഉണ്ടായി. അനന്തരം പഞ്ചാബിൽ നടന്ന ഒന്നര നൂററാണ്ടുകാലത്തെ ഗ്രീക്ക് ഭരണത്തിനിടയിൽ അനേകം ഗ്രീക്കുകാർ അവിടെ താമസമുറച്ചു. ഇവരെല്ലാവരും പിന്നീട് ഹിന്ദുമതമോ, ബുദ്ധമതമോ സ്വീകരിക്കാനിടയായി. മിനാൻഡർ, ഹെർമായിയോസ് എന്നിങ്ങനെയുള്ള ഗ്രീക്ക് രാജാക്കന്മാർ കടുത്ത ബുദ്ധമതവിശ്വാസികളായിത്തീരുകയും മററനേകം ഗ്രീക്കുകാർ അവരെ അനുകരിക്കുകയും ചെയ്തു. അക്കാലത്ത് ബുദ്ധമതം മാത്രമേ ജനങ്ങളെ മതമാററിയിരുന്നുള്ളു എന്ന് വിചാരിക്കരുത്. ഒട്ടേറെ ഗ്രീക്കുകാരെ ആകർഷിച്ചത് ഹിന്ദുമതമായിരുന്നു. വളരെ ഗ്രീക്കുകാർ വൈഷ്ണവമതക്കാരായിത്തീരുകയും ചെയ്തു. ബി. സി. ൧൦൦-ൽ വിദിശാരാജ്യത്തിൽ വന്ന ഹെലിയോഡോറസ് എന്ന ഗ്രീക്ക് രാജ്യതന്ത്രജ്ഞൻ വൈഷ്ണവമതതത്വങ്ങളാൽ ആകൃഷ്ടനായി ഒരു പരമഭാഗവതനായി കലാശിക്കയും, മാളവരാജ്യത്തിലെ തലസ്ഥാനനഗരത്തിലുള്ള വിഷ്ണുക്ഷേത്രത്തിൽ ഒരു ഗരുഡധ്വജം സ്ഥാപിക്കയുമുണ്ടായി. പ്രസ്തുത ധ്വജം ഇന്നും കാണാവുന്നതാണ്.

ബി. സി. ൨൦൦ മുതൽ എ. ഡി. ൩൦൦ വരെയുള്ള കാലത്തിൽ ഇന്ത്യയിൽ വീണ്ടും വിദേശികൾ ജേതാക്കളെന്ന നിലയിൽ വന്നെത്തി. പാർത്ഥിയന്മാർ, സിത്തിയന്മാർ, കുശാനന്മാർ എന്നിവർ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. പക്ഷെ ഇവരെല്ലാം താമസിയാതെ ഹിന്ദുക്കളും ബുദ്ധമതക്കാരുമായിത്തീരുകയാണ് ചെയ്തത്. രണ്ടു തലമുറക്കാലംകൊണ്ട് സിത്തിയന്മാർ മുഴുവൻ ഹിന്ദുക്കളായിക്കഴിഞ്ഞു. അതിനിടയിൽ അവരുടെ വൈദേശിക നാമങ്ങളെല്ലാം മാറി രുദ്രദമൻ, ജയദമൻ തുടങ്ങിയ ഹൈന്ദവനാമങ്ങൾ സ്വീകരിച്ചതായിട്ടാണ് കാണുന്നത്. പശ്ചിമക്ഷത്രപവംശത്തിലെ മൂന്നാമത്തെ രാജാവ് ഹൈന്ദവമതത്തിൻെറയും, സംസ്കാരത്തിൻെറയും തികഞ്ഞ ആരാധകനായിരുന്നു എന്ന് അദ്ദേഹത്തിൻെറ ലിഖിതങ്ങളിൽ തെളിച്ചുപറഞ്ഞിട്ടുണ്ട്. ഡക്കാണിലെ ബ്രാഹ്മണരാതവാഹനന്മാർ പ്രാകൃതം ഉപയോഗിച്ചുകൊണ്ടിരുന്നപ്പോൾ രുദ്രദമനാകട്ടെ സംസ്കൃതംതന്നെ ഉപയോഗിച്ചുവന്നു എന്നുള്ളതും പ്രസ്താവ്യമാണ്. കുശാൻ രാജവംശത്തിലെ രണ്ടാമത്തെ രാജാവിൻെറ വൈദേശികമായ പേരു് വീമകാഡ്ഫൈസസ് എന്നാണെങ്കിലും, അദ്ദേഹത്തിൻെറ നാണയങ്ങളിൽ ശിവൻെറ രൂപവും താൻ ഏററവും വലിയ ശിവഭക്തനാണെന്നർത്ഥംവരുന്ന പരമമാഹേശ്വരൻ എന്ന പേരുമാണു കാണുന്നതു്. വീമായുടെ അനന്തരഗാമിയായിരുന്ന കനിഷ്കൻ മികച്ച ബുദ്ധമതവിശ്വാസിയായിരുന്നു എന്നു് പ്രസിദ്ധമാണ്. അഞ്ചും ആറും നൂററാണ്ടുകളിൽ ഹൺവർഗ്ഗക്കാർ ഇന്ത്യയെ ആക്രമിച്ചു് വൻപിച്ച പ്രദേശങ്ങൾ കീഴടക്കി. പക്ഷെ അവരും ഹിന്ദുക്കളായിത്തീർന്നു. അവരുടെ വംശത്തിലെ രണ്ടാമത്തെ രാജാവായ മിഹിരകുലൻ ഒരു ശിവഭക്തനായിരുന്നു. ശിവൻെറ മുൻപിലല്ലാതെ മറൊരു മൂർത്തിയുടെ മുൻപിലും അദ്ദേഹം തലകുനിച്ചിട്ടില്ലെന്നു് രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിൻെറ നാണയങ്ങളിൽ ശിവൻെറ കാളയായ നന്ദികേശ്വരൻെറ രൂപവും, "ശിവൻ ജയിക്കട്ടെ" എന്ന ലിഖിതവും കാണുന്നു.

ഇക്കാലത്തെ ഹിന്ദുക്കൾ തങ്ങളുടെ മതം പ്രസംഗിക്കുന്നതിനായി അന്യദേശങ്ങളിൽപോലും പോയിരുന്നു. ജാവ. സുമാട്രാ, ബോർണിയോ എന്നിവിടങ്ങളിൽ അനേകംപേർ ഹിന്ദുമതം പ്രസംഗിച്ചിരുന്നു. എ. ഡി. ൪൧൩-ൽ ഫാഹിയൻ ജാവ സന്ദർശിച്ചപ്പോൾ അവിടെ ഹിന്ദുമതം തഴച്ചുവളർന്നിരിക്കുന്നതായി അദ്ദേഹം കണ്ടു. എ. ഡി. ൪-ാംനൂററാണ്ടിൽ ബോർണിയോയിലെ അനേകം രാജാക്കന്മാർ ഹിന്ദുമതക്കാരായിരുന്നു. അവർ നടത്തിയിരുന്ന വൈദികയാഗങ്ങളെപ്പററി വിവരങ്ങൾ അടങ്ങിയ സ്തംഭങ്ങൾ അവിടെ കാണപ്പെടുന്നു. അനന്തരകാലങ്ങളിൽ അവിടെയെല്ലാം ബുദ്ധമതം പ്രചരിച്ചു എന്ന് പ്രസിദ്ധമാണ്.

സെമിററിക് രാജ്യങ്ങളിലും ഹിന്ദുമതം പ്രചരിക്കാതിരുന്നില്ല. ക്രിസ്ത്വബ്ദത്തിൻെറ ആരംഭകാലത്ത് ഏഷ്യാമൈനറിൽ ഒട്ടേറെ ഹിന്ദുക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ടാറണിലെ ക്യാർറണിൽ വാർതടാകത്തിനു പട്ടിഞ്ഞാറുവശത്ത് ൧൨ ൧൫ അടിവീതം പൊക്കമുള്ള വിഗ്രഹങ്ങളോടുകൂടിയ ക്ഷേത്രങ്ങൾ നിലനിന്നിരുന്നു. വിഗ്രഹഭഞ്ജകനായ സെയിൻറ് ഗ്രിഗറി എ. ഡി. ൩൦൪-ൽ അവ നശിപ്പിച്ചുകളഞ്ഞതായി കാണുന്നു. കാക്കസസിലെ ബാക്കു എന്ന സ്ഥലത്തുണ്ടായിരുന്ന ഹൈന്ദവക്ഷേത്രം എ. ഡി. ൧൦-ാംനൂററാണ്ടുവരെ നിലനിന്നിരുന്നു.

എ. ഡി. ൮-ാംനൂററാണ്ടിൽ ഇന്ത്യയിൽ മുസ്ലീം ആക്രമണം ആരംഭിച്ചപ്പോഴേയ്ക്കു് ഹിന്ദുമതം വെറും യാഥാസ്ഥിതികമായി ദീർഘദൃഷ്ടിയില്ലാതെ ചമഞ്ഞിരുന്നു. ആദ്യകാലത്തെ ആക്രമണകാരികളെയെന്നപോലെ മുസ്ലീങ്ങളെ അതു് തന്നിൽ ലയിപ്പിക്കയില്ലെന്നായി. എങ്കിലും, നിർബന്ധിതമായോ, ചതിവിലോ മുസ്ലീങ്ങളാകാനിടയായവരെ തിരിച്ചെടുക്കണമെന്നുള്ളതിൽ അന്നത്തെ ഹിന്ദുക്കൾക്ക് ശ്രദ്ധയുണ്ടായിരുന്നു. പുനഃപരിവർത്തനപ്രശ്നം ആദ്യമായി ഗൌരവാവഹമായ ഭാവത്തിൽ ഉദിച്ചതു് (൭൧൨ എ. ഡി.) സിന്ധിലായിരുന്നു. അന്നത്തെ സിന്ധ് സമുദായനേതാക്കന്മാർ കാര്യത്തിൻെറ ഗൌരവം മനസ്സിലാക്കി ദേവലസ്മൃതിയെന്നപേരിൽ ഒരു സ്മൃതി ഉണ്ടാക്കുകയും, അതിലെ നിയമങ്ങൾ അനുസരിച്ച് പുനഃപരിവർത്തനം സാധുവാണെന്നു് വിധിക്കയും ചെയ്തു. മതം മാററപ്പെട്ടവർക്ക് വീണ്ടും ഹിന്ദുമതത്തിൽ ചേരണമെന്ന് ൨൦ വർഷത്തിനകം തോന്നിയാൽ അതു് സാധിച്ചുകൊടുക്കണമെന്ന് അതിൽ പറയുന്നു. സ്ത്രീപുരുഷന്മാർ ഒന്നുപോലെ ഇങ്ങനെ വീണ്ടെടുക്കപ്പെട്ടിരുന്നു. നിർബന്ധിതവിവാഹം നടക്കുകയും, അതിൽ സ്ത്രീകൾ ഗർഭധരിക്കാനിടയാകുകയും ചെയ്താൽപോലും അവരെ വീണ്ടും ഹിന്ദുകുടുംബങ്ങൾക്ക് സ്വീകരിക്കാമെന്നായിരുന്നു നിയമം.

എ. ഡി. ൧൧-ാംനൂററാണ്ടുവരെ ഈ നിയമം അനുസരിച്ച് ഹിന്ദുക്കൾ പ്രവർത്തിച്ചു എന്നുള്ളതിനു ധാരാളം തെളിവുകൾ ഉണ്ട്. അതിൻെറ ഫലമായി സിന്ധിലെ മുസ്ലിംശക്തി എല്ലാതരത്തിലും ക്ഷയിക്കാനിടയായെന്നു് അൽബരൂണി തുടങ്ങിയ മുസ്ലീംചരിത്രകാരന്മാർ പറയുന്നു. മിക്ക മുസ്ലീങ്ങളും വിഗ്രഹാരാധനക്കാരായെന്നു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചാബിൽ ജയബാലൻ എന്ന രാജാവിൻെറ പുത്രൻ ഘസ്നിമഹമ്മദു് കൊടുക്കാമെന്നു പറഞ്ഞ ഒരു ഗവൺമെൻറുദ്യോഗത്തിൽ ഭ്രമിച്ചു് മുസ്ലീമായെങ്കിലും അദ്ദേഹം വീണ്ടും ഹിന്ദുവായിത്തീർന്നു.

പക്ഷെ ഇപ്രകാരമുള്ള പുനഃപരിവർത്തനങ്ങൾ ക്രമേണ ക്ഷയിക്കാൻതുടങ്ങി, ബ്രാഹ്മണർ അവയെ അനുകൂലിക്കാതായെന്ന് അൽബരൂണിതന്നെ വീണ്ടും രേഖപ്പെടുത്തിയിരിക്കുന്നു. ചില സ്ഥലങ്ങളിൽ പുനഃപരിവർത്തനങ്ങൾ അംഗീകരിച്ചിരുന്നെങ്കിൽ മററു സ്ഥലങ്ങളിൽ അവയെ വിരോധിച്ചുമിരുന്നു. രാജപുട്ടാണായിലെ തേഹരിയാ രജപുത്രന്മാർക്ക് വീണ്ടും ഹിന്ദുക്കളാകണമെന്നു വളരെ മോഹമുണ്ടായിരുന്നിട്ടുപോലും അവർക്ക് അതു് സാധിച്ചില്ല. ടിപ്പുസുൽത്താൻ മതംമാററിയവരും തിരിച്ചുവരണമെന്നാഗ്രഹിച്ചിട്ട് യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ അവരിൽ ഒരുകൂട്ടക്കാർ പ്രത്യേകം ഒരു ജാതിയായിത്തീരുകയാണുണ്ടായതു്.

ബംഗാളും മഹാരാഷ്ട്രവും പിന്നെയും വളരെ കാലത്തേയ്ക്കു് പുനഃപരിവർത്തനം തുടർന്നുകൊണ്ടുതന്നെയിരുന്നു. മുസ്ലിമായിത്തീർന്ന ഒരു രാജാവിനെപ്പോലും ബംഗാൾ ബ്രാഹ്മണർ വീണ്ടെടുക്കുകയുണ്ടായി. എങ്കിലും ഒടുവിൽ ബംഗാളും അതിൽനിന്ന് വിരമിക്കയാണു് ചെയ്തതു്. മഹാരാഷ്ട്രത്തിൽ അതു പിന്നെയും കുറേക്കാലത്തേക്കുകൂടി തുടർന്നു. ഒരു നിംബാൽക്കർസർദാർ മതംമാറിയപ്പോൾ ശിവജി അദ്ദേഹത്തെ വീണ്ടെടുത്തെന്നുതന്നെയല്ല, തൻെറ മകളെ വിവാഹംചെയ്തുകൊടുക്കുകകൂടി ചെയ്തു. ശിവജിതന്നെആഗ്രയിൽനിന്നു രക്ഷപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ സേനാനായകനായ നേതാജിപാൽക്കർ അവിടെ കുടുങ്ങുകയും മതം മാററപ്പെടുകയുമുണ്ടായി. ഒരു പത്താൻസ്ത്രീയെ മുസ്ലീങ്ങൾ അദ്ദേഹത്തിനു വിവാഹം ചെയ്തുകൊടുത്തു. എന്നാൽ നേതാജിപാൽക്കർ കുടുംബസമേതം ഒളിച്ചോടി ദക്ഷിണാപഥത്തിലെത്തിയപ്പോൾ ശിവജി അവരെയെല്ലാം ഹിന്ദുക്കളാക്കി. തഞ്ചാവൂരിലെ മഹാരാഷ്ട്രരാജാക്കന്മാർ വെറും വിളംബരത്താൽ മാത്രം ജനങ്ങളെ കൂട്ടത്തോടെ ഹിന്ദുക്കളാക്കിവന്നതായി മദ്രാസ്സ്ബാസ്തിരി വർണ്ണിക്കുന്നു. പാനിപ്പട്ടു് യുദ്ധത്തിൽ നരഹരിരാഹൽക്കർ എന്ന ബ്രാഹ്മണനെ മുസ്ലിങ്ങൾ മതംമാററി അങ്ങനെ ൧൨ വർഷത്തിനുശേഷം അയാൾ ഒളിച്ചോടി വീട്ടിലെത്തിയപ്പോൾ ആദ്യമായി ചെയ്ത പ്രവൃത്തി വീണ്ടും ഹിന്ദുമതം സ്വീകരിക്കുകയെന്നുള്ളതായിരുന്നു. പക്ഷെ അന്നത്തെപേഷ്വായ്ക്ക് ശിവജിയുടെ ദീർഘദൃഷ്ടിയില്ലാത്തതിനാൽ അദ്ദേഹം അതു് അംഗീകരിച്ചില്ല.

ഇതിൽനിന്നെല്ലാം മനസ്സിലാക്കാനുള്ളതു് ഹിന്ദുമതത്തിലേക്ക് ആളുകളെ സ്വീകരിക്കാത്തതു് അനേകം ദീർഘദൃഷ്ടികളുടെ സുവിചിന്തിതമായ അഭിപ്രായത്തിനും നടപടിക്കും വിരുദ്ധമാണെന്നാണ്. ആളുകളെ പുനഃപരിവർത്തനം ചെയ്യുന്നതിനു വിരുദ്ധമായി പ്രസ്തുത നടപടികളിൽ യാതൊന്നുമുണ്ടായിരുന്നില്ല. (ഹിന്ദു)

# പണ്ഡിതമാളവ്യജി—സ്മരണകൾ

(എൽ. ജി. ഖരേ)

പണ്ഡിതമാളവ്യജിയുമായി ആദ്യം എന്നെ പരിചയപ്പെടുത്തിയതു് ലോകമാന്യബാലഗംഗാധരതിലകനായിരുന്നു ഞങ്ങളുടെ കുടുംബത്തിൽ ലോകമാന്യനെ അന്നു് അറിഞ്ഞിരുന്നതു് 'ഇന്ദീവരദളശ്യാമം' എന്ന അപരാഭിധാനത്തിലായിരുന്നു. അതിനു കാരണമായ കഥ ഒന്നു വേറെയാണെങ്കിലും, അതിവിടെ പ്രതിപാദിക്കുന്നില്ല. മേലുദ്ധരിച്ചിരിക്കുന്നതു് കാളിദാസന്റെ പ്രസിദ്ധമായ ഒരു പദ്യശകലത്തിന്റെ ആദ്യഭാഗമാണു്. മഹാ



നായ ആ രാഷ്ട്രീയപ്രവർത്തകനെ അലഹബാദിൽവച്ചു് അതേ പദ്യത്തിന്റെ അവസാനഭാഗമായ 'വന്ദേഹം യദുനന്ദനം' എന്നഭാഗംചൊല്ലി ഉപചാരപൂർവ്വം ഞാൻ സ്വീകരിച്ചു. കനോജ് ബ്രാഹ്മണനായ ലോകമാന്യതിലകനെ യദുവംശജനായി കീർത്തിക്കുന്ന ആ ഭാഗം കേട്ടപ്പോൾ മാളവ്യജി യദുവംശത്തിന്റെ ഉല്പത്തിയെപ്പറ്റി എന്നോടു സംസാരിക്കുകയും, അതേ തുടർന്നു ഒരു വാക്സമരത്തിൽതന്നെ പ്രവേശിക്കുകയും ചെയ്തു. കനോജ്ബ്രാഹ്മണവംശത്തിൽപെട്ട തിലകനെ യദുവംശജനായി വാഴ്ത്തുന്നതു ന്യായീകരിക്കാമോ എന്നും അദ്ദേഹം ചോദിച്ചു. ലോകമാന്യൻ ഇതെല്ലാംകേട്ടു വളരെ ചിരിച്ചു. മഹത്തായ രാഷ്ട്രീയചർച്ചകളിൽനിന്നും വടക്കേഇന്ത്യയിൽ പാണ്ഡവന്മാരുടെകാലത്തു നിവസിച്ചിരുന്ന വിവിധവംശങ്ങളെക്കുറിച്ചുള്ള ക്ഷുദ്രമായ ഒരു വാദപ്രതിവാദത്തിലേക്കുള്ള മാളവ്യജിയുടെ ചാട്ടം തിലകനെ വളരെ രസിപ്പിച്ചു.

## ദീർഘദർശനം ഫലിച്ചു

കണ്ടുമുട്ടാറുള്ളപ്പോഴൊക്കെ, ഞങ്ങൾ ജവഹറിനെപ്പറ്റി സംസാരിക്കുക പതിവായിരുന്നു. അദ്ദേഹത്തെക്കുറിച്ചു മാളവ്യജിക്കു ഒരുപ്രത്യേകസ്നേഹവും താല്പര്യവുമുണ്ടായിരുന്നു. ജവഹറിലാലിനു സംസ്കൃതഭാഷയിലുള്ള അറിവിനെക്കുറിച്ചു ഒരിക്കൽ ഞാൻ വളരെ താഴ്ത്തിസംസാരിക്കുകയുണ്ടായി. "ജവഹർ അതൊക്കെപഠിക്കും. ഹൈന്ദവസാഹിത്യത്തെയും, ഹൈന്ദവസംസ്കാരത്തെയും മനസ്സിലാക്കി ജവഹർ അവയെ അഭിനന്ദിക്കുകതന്നെചെയ്യും" എന്നു മാളവ്യജി ഉടൻ മറുപടി പറഞ്ഞു. 'ഇന്ത്യയെകണ്ടെത്തൽ' എന്നപണ്ഡിതജവഹറിലാൽനെഹ്റുവിന്റെ നൂതനഗ്രന്ഥം വായിക്കുന്നവർ മാളവ്യജിയുടെ ദീർഘദർശനം എത്ര ശരിയായി ഫലിച്ചു എന്നു മനസ്സിലാകും! മാളവ്യജി ബാംബെയിൽ വരുമ്പോഴൊക്കെ ഞാനദ്ദേഹത്തെ കാണുക പതിവായിരുന്നു. ഹൈന്ദവസംസ്കാരത്തിലും, പാരമ്പര്യത്തിലും ഉൾക്കൊള്ളുന്ന സാർവ്വലൗകികപാഠങ്ങളുടെ മേന്മ വളരെ വെളിപ്പെടുത്തിക്കാണിക്കുന്നതിനു അദ്ദേഹം സദാ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തെസംബന്ധിച്ചിടത്തോളം ജ്ഞാനം അതിന്റെ പരമകാഷ്ഠയിൽ എത്തിയിരുന്നു എന്നുതന്നെപറയാം. നമ്മുടെ മാതൃഭൂമിയുടെ മഹത്തായ പാരമ്പര്യം മനസ്സിലാക്കാൻ ശ്രദ്ധയുള്ള ആരേയും നിരുപാധികമായി സഹായിക്കുവാൻ മാളവ്യജിയ്ക്കുണ്ടായിരുന്ന പ്രാപ്തിയും, താല്പര്യവും മറ്റു നേതാക്കന്മാരിൽ ദുർല്ലഭമാണു്.

## ശാന്തിപ്രദമായ ചിന്തകൾ

ജീവിതലക്ഷ്യങ്ങൾ വിഘ്നങ്ങളായി പരിണമിച്ച ഒരു വിപൽഘട്ടത്തിൽ അദ്ദേഹം എന്നെ സമാശ്വസിപ്പിക്കുകയും ഉത്സാഹപ്പെടുത്തുകയും ചെയ്തുവെന്നുള്ളതു് എനിക്കു ഇന്നും വിസ്മരിക്കാൻ പാടില്ല. ഗാന്ധിജിയുടെ ദേശീയ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള ദേശീയവിദ്യാഭ്യാസപ്രവർത്തനത്തിൽ ബാംബെ നിവാസികൾ കാര്യമായി എന്തെങ്കിലും ചെയ്യണമെന്നു ഞങ്ങളിൽ ചിലർ നിർദ്ദേശിക്കുകയുണ്ടായി. ഈ ഉദ്ദേശത്തോടുകൂടി പാശ്ചാത്യവും പൌരസ്ത്യവുമായ വൈദ്യശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുന്ന രണ്ടു കാളേജുകൾ സ്ഥാപിക്കുവാൻ ഞങ്ങൾ ആലോചിച്ചു തുടങ്ങി. ഈ ഉദ്യമത്തിൽ ഗാന്ധിജിയുടെ ഉപദേശം ആരായുവാൻ ഞാനും, ഡാക്ടർ സാഠേയും ഗാന്ധിസന്നിധിയിലെത്തി. അദ്ദേഹത്തിന്റെ അഭിപ്രായം പതിവുപോലെ സുസൂക്ഷ്മവും, ശ്രദ്ധേയവുമായിരുന്നു. രാഷ്ട്രീയപ്രവർത്തകനും, അതേയവസരം വിദ്യാഭ്യാസപ്രവർത്തകനും ആയിരിക്കുക സാധ്യമല്ലെന്നായിരുന്നു ഗാന്ധിജിയുടെ മതം. വിദ്യാഭ്യാസപ്രവർത്തനത്തിൽ ഒരിക്കൽ പ്രവേശിച്ചാൽ, മറ്റെന്തും വിസ്മരിച്ചു് അതിൽതന്നെ തുടർന്നു പ്രവർത്തിക്കണമെന്നാണു് ഇതുകൊണ്ടു ഗാന്ധിജി ഉദ്ദേശിച്ചതു്. വിഷാദപൂർവ്വം ഞാൻ വെളിയിൽ വന്നു്, എന്നെ പ്രതീക്ഷിച്ചുനിന്ന മി: ആൻഡ്രൂസിനെ വിവരം ധരിപ്പിച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഞാൻ മാളവ്യജിയെ കാണാനിടയാവുകയും, കഴിഞ്ഞ സംഭവങ്ങൾ അദ്ദേഹത്തെ അറിയിക്കയും ചെയ്തു. എന്നെ ഉത്സാഹപ്പെടുത്തിക്കൊണ്ടു് അദ്ദേഹം ഉടൻ ഇങ്ങനെ പറഞ്ഞു. "നിരാശപ്പെടാതിരിക്കുക, ഞാൻ ഒരു രാഷ്ട്രീയ പ്രവർത്തകനും, വിദ്യാഭ്യാസപ്രവർത്തകനുമല്ലേ? സമയം എങ്ങിനെ ചിലവഴിക്കണമെന്നറിയാവുന്നവർക്കെല്ലാം സകല പ്രവർത്തിമണ്ഡലങ്ങളിലും സ്തുത്യർഹമാംവണ്ണം സേവനമനുഷ്ഠിക്കാം" ഈ മനോഗുണം പണ്ഡിത മാളവ്യജിക്കുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്മരണശക്തിയും, കഠിനമായ അദ്ധ്വാനത്തിനുള്ള പ്രാപ്തിയും, ഏകാഗ്രതയും അദ്ദേഹം തുടങ്ങുന്ന ഏതു പ്രവൃത്തിയിലും അദ്ദേഹത്തെ പ്രശോഭിപ്പിക്കുവാൻ പര്യാപ്തമായിരുന്നു.

## കാശിയിൽ

൧൯൦൬-ൽ കാശിയിൽവച്ചു നടത്തിയ ദേശീയവിദ്യാഭ്യാസസമ്മേളനത്തിൽ മാളവ്യജിയുടെ വ്യക്തിമാഹാത്മ്യം, ദയാഗുണം, ആചാരശുദ്ധി, ഇവ നേരിട്ടു മനസ്സിലാക്കുവാനും അഭിനന്ദിക്കുവാനും എനിക്കു നല്ലതുപോലെ സാധിച്ചു. അദ്ദേഹത്തിന്റെ മനോഹരമായ പ്രഭാഷണം ഗ്ലാഡ്സ്റ്റന്റെ പ്രഭാഷണപാരമ്പര്യത്തിൽ ഉൾപ്പെടുത്തണം. എങ്കിലും വാദപ്രതിവാദങ്ങളിൽ അനുയോജ്യമായ മറുപടികൊടുക്കുവാൻ അദ്ദേഹം അതിചതുരനായിരുന്നു. ജനസാമാന്യത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു പദ്ധതിയായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസപരമായ ലക്ഷ്യവും, ആദർശവും ആസൂത്രണം ചെയ്തിരുന്നതു്. അദ്ദേഹം സ്ഥാപിച്ച സ്ഥാപനങ്ങളെല്ലാം എന്നും അന്യരുടെ സഹായംകൊണ്ടുമാത്രം നടന്നുപോകണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നതായി എന്നോടു് ഒരിക്കൽ പറയുകയുണ്ടായി. കൂട്ടത്തിൽവികാസത്തിനു് അവ എന്നും യാചിക്കുന്നതു അദ്ദേഹം അഭികാമ്യമായി കരുതിയിരുന്നു. ഞാൻ അടുത്തു പരിചയപ്പെട്ടിട്ടുള്ള മിതവാദികളിൽവച്ചു് ഏറ്റവും ദേശീയവാദി മാളവ്യജി ആയിരുന്നു. സ്വദേശിപ്രസ്ഥാനത്തിലുള്ള അദ്ദേഹത്തിന്റെ ആനുകൂല്യം അവസാനംവരെ കുറഞ്ഞിരുന്നില്ല. 'ബായിക്കാട്ടു്' എന്ന പദവും അതിനു പ്രേരിപ്പിക്കുന്ന മനഃസ്ഥിതിയും അദ്ദേഹം വെറുത്തു. സ്വാതന്ത്ര്യത്തിനുള്ള പോരാട്ടം അദ്ദേഹം ഇഷ്ടപ്പെട്ടതു് സൃഷ്ടിപര വർത്തനങ്ങൾ വഴിയായിരുന്നു. അഖിലേന്ത്യാദേശീയലീഗിൽ ചേർന്നു പ്രവർത്തിക്കാനിടയായപ്പോഴാണു് അദ്ദേഹത്തിന്റെ ഈ അഭിപ്രായം കൂടുതൽ വ്യക്തമായി എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. സാമൂഹികദൃഷ്ട്യാ അക്രമരാഹിത്യത്തെ അദ്ദേഹം ആദരിച്ചുവെങ്കിലും, നിസ്സഹകരണനയത്തോടു പൂർണ്ണമായി യോജിച്ചിരുന്നില്ല.

അദ്ദേഹത്തിന്റെ പ്രവർത്തനപരിപാടികളും, മാർഗ്ഗങ്ങളും ഇന്നു സന്ദർഭോചിതങ്ങളല്ലെങ്കിലും ജനങ്ങളുടെ ഇടയിൽ അദ്ദേഹം ജനിപ്പിച്ച രാഷ്ട്രീയപ്രബുദ്ധതകൊണ്ടുതന്നെ ഇരിക്കും.

ഇംഗ്ലീഷിൽനിന്നു്.

എം. എൻ. ഗംഗാധരൻനായർ.

—o—

# മധുര

പി. എം. വിശ്വനാഥൻ ബി. എസ്. സി.

മദ്രാസ് പ്രസിഡൻസിയിലെ ഏററവും ജനഭരിതമായ നഗരങ്ങളിൽ മധുരയ്ക്കുള്ള സ്ഥാനം ദ്വിതീയമാണു്. പല പ്രകാരത്തിലും മധുര, പ്രാചീനഗ്രീസിലെ ആതൻസിനോടും, യൂറോപ്പിലെ പാരീസിനോടും സാദൃശ്യംവഹിക്കുന്നു. ഒരു കാലത്തു് ഈ പട്ടണം തമിഴ്വിജ്ഞാനത്തിന്റെ കേന്ദ്രസ്ഥാനവും, തമിഴപണ്ഡിതരുടെ നിവാസരംഗവുമായിരുന്നു. ഇതു പര്യന്തം ലഭ്യമായിരിക്കുന്ന രേഖകൾ വച്ചു് ചർച്ച ചെയ്യുന്നതായാൽ ചില പ്രസിദ്ധങ്ങളായ തമിഴ് സംഘങ്ങൾ മധുരയിൽ ഉന്നതിയെ പ്രാപിച്ചിട്ടുണ്ടെന്നു് വ്യക്തമാവും. മധുരയിലെ പ്രാചീനകാലത്തെ രാജാക്കന്മാർ പണികഴിപ്പിച്ചിട്ടുള്ള വിചിത്രങ്ങളും മഹത്തും ആയ അനേക കെട്ടിടങ്ങൾ, കാലത്തിന്റെ പഴക്കംകൊണ്ടു് ജീർണ്ണിച്ചുതുടങ്ങിയെങ്കിലും അവയുടെ അവശിഷ്ടങ്ങളെ ഇന്നും ശേഷിപ്പിക്കുന്നു. പ്രസിദ്ധി വിശാലമായി പരത്തിയ ദേവാലയങ്ങൾ, മധുരയെ ഭരിച്ചിരുന്ന രാജാക്കന്മാരുടെ പ്രതിമകളിൽകൂടി നമ്മുടെ പിൻഗാമികളുടെ ശില്പകലാപാടവത്തെ പ്രകടമാക്കുന്നു. കൂടാതെ, പാണ്ഡിയൻരാജാക്കന്മാരുടെ രാജധാനിയെന്ന നിലയിലും ഈ നഗരത്തിനു് ചരിത്രപരമായി വലിയ പ്രാധാന്യമുണ്ടു്. തന്മൂലം, കൊത്തുപണികളും മുദ്രാക്ഷരങ്ങളും കൊണ്ടു് അലംകൃതങ്ങളായ രാജഗേഹങ്ങളും, ദേവാലയങ്ങളും ഗവേഷകരുടെ ശ്രദ്ധയ്ക്കു് പാത്രമായിട്ടുമുണ്ടു്.

വ്യാവസായിക ഉണർവ്വു് ഇന്നു മധുരയുടെ പ്രശസ്തി ദ്വിഗുണീഭവിപ്പിച്ചിട്ടുണ്ടു്. മധുരയിൽ മൂന്നു് വലിയ തുൽഫാക്ടറികൾ ഇപ്പോൾ കാണാം. വിദ്യാഭ്യാസത്തിനു് പണ്ടുണ്ടായിരുന്ന പഴയ പാരമ്പര്യത്തെ ഈ നഗരി ഇന്നും രണ്ടു കാളേജുകളിൽ കൂടി പുലർത്തിപ്പോരുന്നുണ്ടു്. ദക്ഷിണേന്ത്യയെപ്പററി ചില വിവരങ്ങളെങ്കിലും അറിയണമെന്നാഗ്രഹിക്കുന്നവർ മധുര കാണുകതന്നെ വേണം.

മദ്ധ്യേകൂടി ഒഴുകുന്ന വൈഗാനദിയുടെ ഇരുവശങ്ങളിലുമായാണു് ചരിത്രപ്രസിദ്ധി നേടിയ ഈ പട്ടണം സ്ഥിതിചെയ്യുന്നതു്. നഗരത്തിന്റെ ഭൂരിഭാഗത്തിന്റേയും കിടപ്പു് വൈഗയുടെ തെക്കുവശത്താണു് മഹത്തായ അനേകം പ്രാസാദങ്ങളും ഈ ഭാഗത്തുതന്നെ. വൃത്തിയും വിസ്താരവുമുള്ള പാതകൾ മിക്കസമയവും ഭംഗിയായിത്തന്നെ സൂക്ഷിക്കുന്നു. പട്ടണത്തിന്റെ രീതിയും ശുചീകരണവിധവും അനുകരണീയമത്രേ. വിമാനത്തിൽനിന്നുള്ള ഒരു വിഹഗവീക്ഷണത്തിൽ ഒരു മനോഹരരംഗം അനാവരണം ചെയ്യപ്പെടും. വലിയ കെട്ടിടങ്ങളുടെ കാഭരാപുരങ്ങൾ കടകൾപോലെയും, പാതകൾ തവിട്ടുനിറമുള്ള റിബൺപോലെയും, വൈഗാനദി വിദ്യുല്ലതികപോലെയും പ്രത്യക്ഷമാകും.

ഈ പട്ടണത്തിനു് മധുര എന്ന മധുരമായ പേരു് ലഭിച്ചതിനെപ്പററി പല ഐതിഹ്യങ്ങളുമുണ്ടു്. ഉത്തരേന്ത്യയിൽ മുടായിൽനിന്നും വന്നു് കുടിയേറിപ്പാർത്ത ആര്യന്മാർ നാമകരണം ചെയ്തിനാലാണു് മധുര ഈ നാമത്താൽ വിഖ്യാതമായതെന്നു് ചിലർ പറയുന്നു. മററു ചിലർ കുലശേഖരപാണ്ഡ്യനാണു് ഈ നാമത്തിന്റെ ജനയിതാവെന്നു് വാദിക്കുന്നു.

(ശേഷം പന്ത്രണ്ടാംപേജിൽ)

# മാധവസർസപാരില

(നറുനീണ്ടിസത്തു്)

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവൽകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാർക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്; കുളർമയും സുഖവും സിദ്ധിക്കുന്നതിന്നു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. **Catalogue free**

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോടു്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജൻറുമാരേയും സ്റ്റാക്കിസ്റ്റുമാരേയും ആവശ്യമുണ്ടു്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

# ജവഹർലാൽനെഹ്റു

പാലാ നാരായണൻനായർ

വർഷം കൊളുത്തുന്ന പൊൻവിളക്കി, രട്ടിന്റെ
ഗൗരവപ്രതാപോഗ്രഗഹ്വരങ്ങളിൽപോലും
ഘോരമാം കൊടുങ്കാറ്റിൻമുന്നിലും കാണാം പക്ഷേ
പാരിജാതകം പൊങ്ങിപ്പൊങ്ങിനില്പതുപാരിൽ
പാരതന്ത്ര്യനിശ്ശ്വാസമിൽത്താനേ പുഞ്ചിരിച്ചിരിക്കുന്ന
പാലൊളിത്തളിരത്തം- ത്യാഗൈകമഹായത്നം,
യൗവനം ചൊട്ടിട്ട പൊൻപൂക്കൾവിരിഞ്ഞിട്ട
നിർവികല്പമാം കല്പവൃക്ഷമൊന്നുണ്ടെൻനാട്ടിൽ!
തളിരും തലപ്പുമായ് നില്പുമാപ്രഭുത്വത്തിൻ-
തണലിന്നരികിൽ ചക്രവാളവും ചരങ്ങുന്നു
അൻപതിൻമേലായ് കൊല്ലം, ഭാരതാംബികേ! നിന്നിൽ
സംഭവിച്ചല്ലോരന്ന ചിസ്മയസക്ഷാൽക്കാരം:—
ഒന്നനാഷനൽകോൺഗ്രസ്സ്, നൂതനം പരിത്യാഗ-
സുന്ദരം സുഖോദാരം നെഹ്റുവിൻപ്രഭാപൂരം!
ഭാരതം, പാരതന്ത്ര്യം, ഹന്ത! ദുഷ്പ്രഭുത്വത്തിൻ-
ഭാരവുംവഹിച്ചയ്യോ, ക്ലേശിപ്പൂ ശതാബ്ദമായ്.
മാംസനാട്ടുകൾമുന്നോട്ടോടവേ, പരിഹാസ-
മദ്ധ്യവീഥിയിലൂടെൻ ജന്മനാടിഴയുന്നു.
ഭീതവാംപരിഷ്കാരം വന്നു നിന്നിടക്കിടെ-
ബ്ഭീഷണിപ്പെടുത്തുന്നു വ്യർത്ഥമായ്, വികൃതമായ്!
കേവലാനിരാലംബയെങ്കിലും സഹനത്തിൻ-
കേദാരമാണെന്നംബ പണ്ടുതൊട്ടിന്നോളവും!
കണ്ണുനീരവൾതൂകി മൂകമായതിൻനാദം
വിണ്ണിലും വിശപ്തിലും നീണ്ടു നീണ്ടിരമ്പവേ ചാൽ
മുന്നിലായ്ക്കണ്ടു ചാരുദേവതാരൂപം; സാക്ഷാൽ
പണ്ഡിതജവഹർലാലിന്റെ തേജോരൂപം,
ശുഭ്രമായ്, സുദീർഘമായ്, സുപ്രസന്നമായ് വീര്യ-
പുഷ്കലപ്രകാശമായ്, കർത്തവ്യപ്രസക്തമായ്!
ഹാർദ്ദമായ് ചിരിക്കവേ താനെയും ചെന്തീപ്പൊരി-
യന്തരേ ചിന്തിച്ചുന്താമക്കളർമിഴികളിൽ
മന്ദഹാസത്തെക്കടന്നു ഗർവം പുരളാത്ത
മർത്ത്യപ്രാകാരവിപ്ലവം തുളുമ്പുന്നു
മറ്റൊന്നുമാശിക്കാതീ മന്നിനെത്തളിപ്പിക്കാ-
നെത്തിയസമാരാദ്ധ്യചൈതന്യമേ, നമസ്കാരം!
പ്രാണധാരയെക്കൂടിത്തൻമാതൃഭൂദേവിക്കായ്
കാണിക്കയർപ്പിക്കുന്ന മിത്രമേ! നമസ്കാരം
കോടിജീവികളങ്ങേക്കോമളജിഹ്വാഗ്രത്തിൽ-
ക്കൂടിയിന്നുയിർക്കൊൾവൂ, താണവർ, തളർന്നവർ.
ജാതനായ് ഭവാൻരാജമന്ദിരത്തിങ്കൽ, പക്ഷേ
ജാതകൗതുകമിന്നോ നിസ്വനായ് കഴിയുന്നു!
പുത്തനാമാദർശങ്ങളുത്തമേൽ സ്പന്ദിക്കുന്ന-
പുസ്തകങ്ങളുമായങ്ങിരുട്ടിയിൽ ചരിക്കുന്നു
പുത്തനാം പരിഷ്കാരമങ്ങയെപ്പൂതപ്പിച്ച-
വസ്ത്രമെങ്ങെങ്ങീ വെറും ധൂസരം ഖദർവേഷം?...
അഴകായ് തീരാതിരു നീട്ടമേ സൗന്ദര്യത്തെ
അഴകാൻ പാറന്നെത്തും പാഴ്നിഴൽക്കൂട്ടംപോലും!
മിക്കതും മരവിച്ച ഭാരതത്തിനു വീണ്ടും
മിത്രമേ, ഭവൽസ്പർശം ജീവചൈതന്യം നൽകി.
അംബയിന്നണഞ്ഞാഹാ പുഞ്ചിരിക്കുന്നു സൗഖ്യ-
സമ്മിളൽപ്രസാദത്തിൻ സാത്വികപ്രകാശത്തിൽ.
രിക്തമായ്ക്കിടന്നൊരുദാരാംബതൻസിരാചക്രം
രക്തസഞ്ചാരംകൊണ്ടുപുഷ്ടമായ് പ്രഹൃഷ്ടമായ്!
നൂതനാനന്ദം വീണ്ടും ഗാനത്താൽ മറന്നു തൻ-
വേദനാനിദാനങ്ങളാർഷഭൂവിതൊട്ടൊപ്പം!
ഒരുനാൾ വസന്തത്തുപോലവേ ചിരിച്ചങ്ങു
മരവുംകൊടുങ്കാറ്റായ്, കോളിളക്കമായ് മാറാൻ.
ഗാന്ധിജിക്കുവിട്ടന്നാൾ ത്രാണകോൽ; വാർദ്ധക്യത്തിൽ-
ശാന്തിയാൽ ഭവാൻപൂശി യൗവനപ്രകാശങ്ങൾ.
സ്പെയിനിൽ, പടവെട്ടും ചൈനയിൽപോലുംബോംബും-
മഴിനാഭവാൻ പുഷ്പവർഷമായ് ഗണിച്ചെത്തും!
എന്തിലും പ്രവേശിക്കാനാകരുതേതോരം സത്യ-
സന്ധതേ, നിനക്കിന്നു കൃപ്പകയ്യപ്പിക്കുന്നേൻ!
ആയിരക്കണക്കാണ്ടു ഭാരതം തപിച്ചിട്ടാ-
ണായുഷ്മൻ! ഭവാദൃശദർശനം നേടി ഞങ്ങൾ;
ബുദ്ധനെ പ്രസവിച്ച നാടിനേ പരാർത്ഥസം-
ശുദ്ധമാം തവ ജന്മംകാണുവാൻ കഴിവുള്ളൂ!
മർത്ത്യപ്രവർത്തനാവർത്ത പ്രഭുത്വത്തിൻ-
മസ്തകം തകർത്തെത്തും സിംഹമേ, നമോവാകം!

# ആതിര

കുടമാളൂർ, കെ. സി. കേശവൻ നായർ.

പോരിക, പോരിക ഹേമന്തചന്ദ്രിക
കോരിച്ചൊരിയുന്നോരാതിരേ, നീ!
താവകമഞ്ജീരശിഞ്ജിതം കേൾക്കുവാൻ
ലാവണ്യപുഞ്ജങ്ങൾ കാത്തിരിപ്പൂ.
പാരിടം പാലാഴിയാവതു കാണുവാൻ
താരുണ്യധാമങ്ങൾ കാത്തിരിപ്പൂ.
സുപ്രസന്നോജ്ജ്വല സുന്ദരഗാത്രികൾ
സുപ്രഭാതത്തിൽ കുളിച്ചൊരുങ്ങി,
അഞ്ജന ചന്ദന കുങ്കുമാദ്യങ്ങളാൽ
മഞ്ജുവദനത്തിൻ കാന്തിയേറി,
ശുഭ്രവസനങ്ങൾ ചാർത്തിയുമാനന്ദ-
വിഭ്രമമാർന്നും വിളങ്ങീടട്ടെ!
മുറ്റത്തു മുറ്റി വളരുന്ന മുല്ലതൻ
മൊട്ടുകൾ പൊട്ടിച്ചിരിച്ചീടുമ്പോൾ;
ഓമൽക്കിടാങ്ങളെ മാറോടു ചേർത്താരേ
തേനൊലി പൂവുകൾ നോക്കിനില്കെ;
നീലനഭസ്സിൽനിന്നാരോ നിരന്തരം
പാലൊളിപ്പൂങ്കതിർ തൂകിടുമ്പോൾ;
ചാണകംമെച്ചു മെഴുകിയ മുറ്റത്തു
മാനിനിമാരെല്ലാമൊത്തുചേരും!
താളംപിഴയ്ക്കാത്ത ഗാനവും ലാസ്യവും
ചാലവേ മേളിച്ചു കേളിയാടും!
വെള്ളിത്തലമുടി കെട്ടിയ വാർദ്ധക്യ,
മുള്ളം തെളിഞ്ഞതു കേട്ടുനിൽക്കും.
മായാത്തമാരിവില്പോലെ മനോഹര-
മായി വിളങ്ങുമാരംഗമപ്പോൾ.
പാതിരാപ്പൂക്കളും പാർവണ ചന്ദ്രനും
ഗീതവും ലാസ്യവുമാനന്ദപൂം!...
കോരിത്തരിപ്പിക്കുമാരെയുമാരമ്യ-
കേരളീയോത്സവമെന്നുമെന്നും.
പോരിക പോരിക ഹേമന്തചന്ദ്രിക
കോരിച്ചൊരിയുന്നോരാതിരേ, നീ!!

# ചിത്രശലഭം

വെന്നി

ആവിലമംബരത്തീയിൽ തിളതിള-
ച്ചാവി കിളരുമീ നീലശിലാതലം
ഹാ! വിസ്മയം! സുഖശീതള പേലവ-
പ്പൂവിതളോ തവ ചിത്രശലഭമേ!
നിന്നെ നുണയ്ക്കുവാൻ നീളെഴും ജ്വാലകൾ
പിന്നെയും പിന്നെയും നാവിളക്കീടവെ!
ഒന്നുമറിയാത്ത മാതിരിയോമന-
പ്പൊന്നുചിറകുംവിരിച്ചുകിടപ്പുനീ.
വിണ്ണിനു കണ്ണു കടിക്കുവാൻ നശ്വര-
മണ്ണിൽ നടന്നെത്തും മാലാഖമാതിരി
സുന്ദരമുഖ്യമിൽനിന്നുരുന്നൊരാനന്ദ-
മന്ദസ്മിതത്താൽ പരിവേഷമാർന്നു നീ!
ആടലിൽ വെന്തുപിടയുമെനിക്കു നി-
ന്നുടറിഞ്ഞീടുവാൻ യോഗമുദിക്കുകിൽ—!!

---

പാവനം പരിപൂർണ്ണസേവനം ഭവദീയ-
ജീവനം കാണാൻ കാത്തു നില്ക്കുന്നു നാനാജനം!
സ്ഥിതിയും സമത്വവും കൊണ്ടഹോ തവ പുണ്യ-
ക്ഷിതിയിൽ പുഷ്പാർച്ചനചെയ്യുക. മഹാത്മാവേ!
കണ്ണുനീരിലും സ്മേരമാരി വില്ലടിപ്പിക്കും
നിർണ്ണയംതവ വിദ്യുദ്വീചികാമയൂഖങ്ങൾ!
അന്ധകാരത്തെപ്പിളർന്നെത്തുകമുന്നോട്ടേയ്ക്കു;
നിന്തിരുപ്രകാശമേ, ഞങ്ങൾകണ്ടുണരാവൂ!!

---

# കാണുന്നതൊക്കെ നാരായണൻതന്നെ

പി. ദാമോദരൻപിള്ള ബി. ഏ.

ഗുരു ശിഷ്യനോടു ചോദിച്ചു—വത്സാ, ആ ഭിത്തിയിൽ വരച്ചിരിക്കുന്ന ആനയെ കണ്ടോ?

ശിഷ്യൻ—കണ്ടു, സ്വാമിൻ.

ഗുരു—കണ്ടോ? എന്തുകണ്ടു?

ശിഷ്യൻ—നാലുചുറ്റിനും ആനയുടെ രൂപത്തിൽ ഒരു വരകണ്ടു.

ഗുരു—അപ്പോൾ, ചുറ്റിനും ഒരു വരമാത്രം കണ്ടു, അല്ലേ?

ശിഷ്യൻ—അതെ.

ഗു—ആ വരയ്ക്കുള്ളിൽ വല്ലതും കാണുന്നുണ്ടോ?

ശിഷ്യൻ—വെറും ഭിത്തിമാത്രം കാണുന്നു.

ഗുരു—ഭിത്തി ആനയാണോ?

ശിഷ്യൻ—അല്ല.

ഗുരു—അപ്പോൾ, ആനയെ കണ്ടു എന്നു പറയുന്നതെങ്ങനെ?

ശിഷ്യൻ—നാലുചുറ്റിനും വരകാണുമ്പോൾ അതിനുള്ളിലും ആനയാണെന്നു തോന്നുന്നു.

ഗുരു—അപ്പോൾ ഭിത്തിയോ?

ശിഷ്യൻ—ആനയെ കാണുമ്പോൾ ഭിത്തി മറയുന്നു.

ഗുരു—അങ്ങനെയാണെങ്കിൽ ആനയെപ്പറ്റിയുള്ള അറിവെന്നു പറയുന്നതെന്താണ്?

ശിഷ്യൻ—ഭിത്തിയുടെ മറവാണ് ആനയെപ്പറ്റിയുള്ള അറിവ്. ആന ഭിത്തിയെ മറയ്ക്കുന്നു.

ഗുരു—ശരി. അപ്പോൾ ഈ അറിവെന്നു വച്ചാലെന്താണ്?

ശിഷ്യൻ—ഒരു മറവാണ്.

ഗുരു—ഹായ്, അറിവൊരു മറവാണ് എന്നു തെളിച്ചു പറയൂ.

ശിഷ്യൻ—ഗുരോ, അറിവൊരു മറവാണ്.

ഗുരു—ആകട്ടെ, എല്ലാം അറിവും ഇങ്ങനെ മറവുതന്നെയോ?

ശിഷ്യൻ—(അല്പം ആലോചിച്ചിട്ട്) അതെ, സ്വാമിൻ.

ഗുരു—അതെങ്ങനെ?

ശിഷ്യൻ—യഥാർത്ഥമായിത്തന്നെ ജീവനുള്ള ഒരാന ഭിത്തിയുടെ ഒരു വശത്തു കൂടി വരുന്നു എന്നിരിക്കട്ടെ.

ഗുരു—ശരി.

ശിഷ്യൻ—ആ ആനയെ കാണുമ്പോഴും അതിന്റെ വിസ്താരത്തിലുള്ള ഭിത്തി കാണുന്നില്ല.

ഗുരു—അതെ.

ശിഷ്യൻ—അതിനാൽ ആന ഭിത്തിയെ മറയ്ക്കുന്നു.

ഗുരു—അതെ, ആന ഭിത്തിയെ മറയ്ക്കുന്നു.

ശിഷ്യൻ—അതിനാൽ ആനയെപ്പറ്റിയുള്ള അറിവ് അവിടെയും ഭിത്തിയുടെ മറവുതന്നെ. അതായതു്, അറിവൊരു മറവാണ്.

ഗുരു—അതുകൊണ്ടു എല്ലാം അറിവും മറവായിത്തീരുന്നതെങ്ങനെ?

ശിഷ്യൻ—നാം ഒരു വസ്തുവിനെ കാണുമ്പോൾ അതിനപ്പുറമുള്ള മറ്റു വസ്തുക്കളെല്ലാം മറയുന്നു.

ഗുരു—അങ്ങനെയാണെങ്കിൽ നീ ഈശ്വരനെ കാണുന്നുണ്ടോ?

ശിഷ്യൻ—ഇല്ല.

ഗുരു—അതെന്തുകൊണ്ടായിരിക്കണം?

ശിഷ്യൻ—ഈശ്വരനെ എന്തോ മറയ്ക്കുന്നുണ്ട്.

ഗുരു—അഥവാ—?

ശിഷ്യൻ—അഥവാ, ഞാൻ-മറ്റെന്തോ കാണുന്നു. അതിനാൽ ഈശ്വരൻ മറഞ്ഞിരിക്കുന്നു.

ഗുരു—ആ കാണുന്ന 'മറ്റെന്തോ' എന്നുവച്ചാൽ എന്താണ്?

ശിഷ്യൻ—ഞാൻ പ്രപഞ്ചത്തെ കാണുന്നു.

ഗുരു—ശരി, ശരി. നീ പ്രപഞ്ചത്തെ കാണുന്നു അതുകൊണ്ട്—?

ശിഷ്യൻ—അതുകൊണ്ട് സാക്ഷാൽ നാരായണനെ കാണുന്നില്ല.

ഗുരു—അതായതു്—?

ശിഷ്യൻ—പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവ് ഈശ്വരനെ മറയ്ക്കുന്നു.

ഗുരു—അതെങ്ങനെ ഈശ്വരനെ മറയ്ക്കുന്നു?

ശിഷ്യൻ—ഭിത്തിയിലെ ആനയെപ്പോലെ.

ഗുരു—എന്നുവച്ചാൽ—?

ശിഷ്യൻ—ഭിത്തിയിൽ ആനയില്ല. ഉണ്ടെന്നു ഒരു തോന്നൽമാത്രം. അതിൽക്കൂടി കാണുന്നതു വെറും ഭിത്തിതന്നെ. എന്നിട്ടും ആനയെ കാണുന്നു എന്നാണു തോന്നുക!

ഗുരു—എന്നിട്ടോ?

ശിഷ്യൻ—അതുപോലെ ഈശ്വരനിൽ പ്രപഞ്ചമില്ല. എന്നിട്ടും അതുണ്ടെന്നു നമുക്കു തോന്നുന്നു.

അപ്പോൾ ഈശ്വരൻ മറയുന്നു.

ഗുരു—ശരി. അങ്ങനെയാണെങ്കിൽ നാം വാസ്തവത്തിൽ കാണുന്നതെല്ലാം സാക്ഷാൽ നാരായണനെത്തന്നെയായിരിക്കണമല്ലോ!

ശിഷ്യൻ—അതെ, സ്വാമിൻ. പ്രപഞ്ചമെന്നു തോന്നുന്നതിലെല്ലാം ഈശ്വരൻമാത്രമേയുള്ളു;

ഗുരു—വത്സാ, നീ അറിയേണ്ടതു് അറിഞ്ഞു! വളരെ സന്തോഷം!

ശിഷ്യൻ—ഭഗവൻ, അവിടുന്നെന്റെ കണ്ണുതുറപ്പിച്ചു. അവിടുത്തേയ്ക്കു ഇവന്റെ സാഷ്ടാംഗപ്രണാമം!!

—o—

# അങ്ങിനെ വസന്തവും വന്നുചേൎന്നു!

വിശാരദ് ലീലാ ചാളി

മണലാരണ്യത്തിലെ ചുട്ടുപഴുത്ത മണലിൽ കൂടാരങ്ങൾ കെട്ടുമ്പോഴും, യൂപ്രട്ടീസ്നദിയുടെ തീരത്തിലുള്ള വൃക്ഷച്ഛായയിൽ ശയിക്കുമ്പോഴും, ആകാശമേൽക്കട്ടിയുടെ ഉള്ളിലായി നക്ഷത്രക്കൂട്ടങ്ങൾ എണ്ണിക്കൊണ്ടിരിക്കുമ്പോഴും, ജീവിതരഹസ്യത്തേയും വേദാന്തതത്വത്തേയുംപറ്റി പരിചിന്തനംചെയ്തുകൊണ്ടിരുന്ന ക്രാന്തദൎശിയായ ആ പ്രാചീനമഹാകവി രചിച്ചിരുന്ന കവിതയിലെ ഓരോ മുക്തകത്തിലും അടങ്ങിയിരിക്കുന്ന ഗഹനതത്വങ്ങൾ എത്ര? ആശയങ്ങൾ ഏത്ര?

ഓമർഖയ്യാമത്തെക്കാൾ കൂടുതലായി ലോകത്തിൽ മറ്റൊരുകവിയും അന്യന്മാരാൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടില്ല. നിന്ദിക്കപ്പെട്ടിട്ടില്ല. അനശ്വരകീൎത്തിമാനായ ഷേക്സ്പിയർ മഹാകവിയിൽ എന്നപോലെതന്നെ ഓമറിയും.

നാസ്തികന്മാരും, ആസ്തികന്മാരും ഭോഗികളും എന്നുവേണ്ട എല്ലാ പ്രസ്ഥാനക്കാരും അദ്ദേഹത്തെ ആരാധിക്കുന്നു. തന്റെ പ്രേമഭാജനത്തിന്റെ പാദമൂലത്തിൽ കിടക്കുന്ന അരുണപുഷ്പങ്ങളെ ശിരസ്സിലണിയുന്ന ഒരു സരസംഗ്രേസരനായി ചിലർ കാണുന്നു. സുരാപാനംചെയ്തു സുന്ദരാംഗനകളുമായി സൈ്വരസല്ലാപം ചെയ്യുന്ന ഒരാളായി മററുചിലർ കാണുന്നു. അപ്സരസ്സ്ത്രീകളുടെ ചികുരഭാരത്തെ ചീകിമിനുക്കാനായി ഐതികപാരലൗകികതത്വങ്ങളെ കാററിൽപാററിച്ചുകളയുന്ന കാമുകനായിട്ടും ഒട്ടുചിലർ കാണുന്നുണ്ട്.

'മദ്യവുംമനോഹരകാവ്യവുമപ്പൂപവും
ഹൃദ്യതരേക്ഷം നിന്റെ ഗാനവുമെന്നോ-
(മലെ
അദ്യംപികിട്ടിട്ടുകിലേതൊരുമണൽക്കാട്ടു-
മത്യാനമല്ല സാക്ഷാൽ സ്വൎഗ്ഗമാണെ-
നിക്കോൎക്ക'

ഇതു ശുദ്ധ വിഷയലമ്പടനും, സുരാപാനിയുമായ ഒരുവന്റെ പച്ചപ്പുലമ്പെന്നു ചിലർ ദൃഷിക്കുമ്പോൾ ഇതിൽ അചിന്ത്യങ്ങളും വേദാന്തതത്വങ്ങളും അടങ്ങിയിട്ടുണ്ടെന്നു പല നിരൂപകന്മാരും എഴുതിയിട്ടുണ്ട്.

'വസന്തിഹി പ്രേമ്ണി ഗുണാഃനവസ്തു' എന്നു പറഞ്ഞിട്ടുള്ളതു പ്രത്യക്ഷമായ പരമാൎത്ഥമാണ്. 'സൌന്ദൎയ്യബോധത്തോടുകൂടി വസ്തുക്കളെ ദൎശിക്കുന്നതു അവയുടെ വാസ്തവം മനസ്സിലാക്കുകയാകുന്നു'എന്നു മാത്യു ആർനാൾഡ് പറഞ്ഞിട്ടുണ്ട്. സൎവ്വഭാഗ്യസമ്പൂൎണ്ണമായ നവവത്സരം അതിന്റെ ആവിൎഭാവത്തിൽ നാം വിജയകാഹളം മുഴക്കുന്നു. പരേതമായ അതീതവൎഷത്തെ ആ ശവത്തുണിയിട്ടു മൂടി അതിന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാൎത്ഥിക്കുന്ന ആ പ്രാചീനസിംഹാസനത്തിൽ ഒരു നൂതനദേവനെ പ്രതിഷ്ഠിച്ചിട്ടു നാം മഹോത്സവം കൊണ്ടാടുന്നു. എന്നാൽ ഗൎഭത്തിലാണ്ടുള്ള നാളെ ഇന്നായിത്തീരുമ്പോൾ നാം ചെയ്ത ഓരോ നിശ്ചയത്തിലുമുള്ള വിഡ്ഢിത്തരത്തെയോൎത്തു നാം പശ്ചാത്തപിക്കയും ഉത്തരക്ഷണത്തിൽതന്നെ നൂതനമായ ഓരോ നിശ്ചയങ്ങളെ മനസ്സിലുറപ്പിക്കയും ചെയ്യുന്നു. നാമതു ചെയ്യും; ഇതു ചെയ്യും. കഷ്ടം! ആ അനാദ്യന്തൻ ബ്രഹ്മസദ്ഭാജനത്തിൽനിന്നും നമ്മെപ്പോലെ ലക്ഷോപലക്ഷം കുമളകൾ ഒഴിച്ചിരിക്കുന്നു.

മനുഷ്യന്റെ ആശകളാകുന്ന കുമളകളെ പൊട്ടിപ്പൊളിക്കാൻ വസന്തപാതത്തിന്റെ ഒരു ചെരുചീററൽ മതി.

നിശബ്ദമായിരിക്കുന്ന വിപഞ്ചിയുടെ തന്ത്രികളിൽ നിന്നും ചില സുവൎണ്ണഗാനങ്ങൾ പുറപ്പെടുന്നു. പിന്നീടും വസന്തം അതിന്റെ മല്ലികയും, മാലതിയും, കമലയും, കരവീരവും എത്ര മനോഹരം. ഹാ! വസന്തത്തിന്റെ സൗന്ദൎയ്യവും, സൗരഭ്യവും—അതെ! ലോകത്തിൽ ഇതല്ലാതെ മററൊന്നാണുള്ളതു്. യൗവനം, സന്തോഷം, അനുരാഗം, മന്ദഹാസം ഇവ വസന്തത്തിന്റെ ഒരു പൎയ്യായങ്ങൾ മാത്രമാണ്. കാമുകനെ സ്വീകരിക്കാനായി കടാക്ഷപടം പൊഴിച്ചുകൊണ്ടു ചെന്ന ആ ഫ്രോഡൈററ്, ആൎണിക്ക സാഗരം അരുളാനായി വെമ്മികൊണ്ടുള്ള പള്ളിബോട്ടിൽ എഴുന്നള്ളുന്ന ക്ലിയോപാട്രാ, അന്തഃപുരത്തിൽവച്ചു അനുരാഗബദ്ധനായ അനരുദ്ധനുമായി നിൎമ്മലാപം ചെയ്യുന്നഉഷ, ഇവയെല്ലാം വസന്ത സംജാതകളും, വസന്ത ലഹരിപൂണ്ടു ആനന്ദനൃത്തമാടുന്നവരുമാണ്.

പുഷ്പത്തിന്റെ പരിമളംപോലെ മററൊന്നും തന്നെ നമ്മുടെ പൂൎണ്ണകാലസ്മരണകളെ അത്ര സ്പഷ്ടമായി അങ്കുരിപ്പിക്കുന്നതിനു ശക്തമല്ല. കണ്ണടച്ചു ഒരു വാസന്തിപ്പൂവാങ്ങി ഒന്നു വാസനിച്ചാൽ കാണാവുന്ന പരശ്ശതം മനോഹരങ്ങളായ സ്മരണകളെ ഉദിപ്പിക്കുന്നു. പരശ്ശതം ചിത്രങ്ങൾ മനസ്സിലൂടെ മിന്നിപ്പായുന്നു്, ഒരു പൗരസ്ത്യകവി പാടിയിരിക്കുന്നതിൽ യാതൊരത്ഭുതവുമില്ല.

'വാസന്തിപ്പൂവു വാങ്ങി
വാസനിച്ചിട്ടു ലോക-
വാസത്തിന്നതമേകാം-
വാസക സജ്ജേ വരൂ.'

സ്മരണ—ഒരു വിശിഷ്ടമായ അനുഗ്രഹം. ഇതു ഉള്ള കാലത്തോളം നമുക്കു യാതൊന്നും നഷ്ടപ്പെടുകയില്ല. ഹൃദയത്തിൽ വസന്തത്തെ വച്ചു പുലൎത്താൻ അറിയാവുന്നവൎക്കു, വാൎദ്ധക്യമാകട്ടെ, ക്ഷയമാകട്ടെ, മരണമാകട്ടെ ഒന്നുമുണ്ടായില്ല. സാക്രട്ടീസും അദ്ദേഹത്തിന്റെ പ്രിയശിഷ്യനായ പ്ലേറേറായും ആന്തരസൗന്ദൎയ്യത്തിനുവേണ്ടി പ്രാൎത്ഥിച്ചു. നമുക്കു അതിന്റെകൂടെ ഇങ്ങനെചേൎക്കാം. 'ഈശ്വരാ ഞങ്ങളുടെഹൃദയം സദാ യൗവനയുക്തമാക്കിത്തീൎക്കുന്നു. നിങ്ങൾ ചെറുപൈതങ്ങളായിത്തീരാതെ നിങ്ങൾക്കു സ്വൎഗ്ഗപ്രാപ്തിയില്ല.' സ്വൎഗ്ഗം എന്നുള്ളതു എവിടെയാണ്? അതിന്റെ രജതകവാടവും മാറും എവിടെ?

യൗവനത്തിന്റെ സുരഭിലമായ ഹസ്തരേഖാഗ്രന്ഥത്തെ നാം ഒരിക്കലും അടച്ചേക്കുന്നതില്ല. അജ്ഞന്മാരെ കളിയാക്കാനുള്ള ഒരു ഉപായമത്രെ, ഭീരുക്കളെ ഭയപ്പെടുത്താനുള്ള ബിഭീഷിക ഒന്നുമാത്രമാണു മരണം. പരമാൎത്ഥത്തിൽ വാൎദ്ധക്യവും മരണവും ഇല്ല. അവ കേവലം രൂപാന്തരീകരണം മാത്രമാകുന്നു. വൎഷകാലം വസന്തത്തിലേയ്ക്കു ഒരു പുറപ്പാടാണ്. മരണം പരിപൂൎണ്ണജീവിതത്തിലേയ്ക്കും. ചില വാനമ്പാടിപക്ഷികൾ പാടിക്കൊണ്ടുപോകുന്നവയെ ആ മഹാകവി ഷെല്ലി ഇപ്രകാരം എഴുതിയിരിക്കുന്നു.

'വന്നമേ വൎഷാവന്നാൽ
വസന്തം ദൂരെയാമൊ'?

അദ്ദേഹത്തിന്റെ അനശ്വരചൈതന്യത്തെ ഇററാലിയൻ കടലിലെ കരിങ്കാളജലത്തിനും നിഷ്പ്രഭമാക്കുവാൻ സാധിച്ചിട്ടില്ല.

മന്ദമാരുതന്റെ സമ്പൎക്കത്താൽ ഗൎഭാധാനം ചെയ്ത വസന്തം സൗന്ദൎയ്യത്തെ പ്രസവിക്കുന്നു. ഈ ആശയം എത്ര മനോഹരമായിരിക്കുന്നു. യൗവനയുക്തയായ വിജീസിന്റെ ആഗമനത്തെ തീക്ഷിച്ചുകൊണ്ടു നിന്നിരുന്ന അവസരത്തിൽ ഡയാനയുടെ ഹൃദയത്തെ വസന്തം അവളുടെ കോമളകരാംഗുലികളാൽ സ്പൎശിക്കയുണ്ടായി. വസന്തം. നിദിദ്ധ്യാസനിലീനനായി നിൎവ്വികാരനായിരുന്ന പരമേശ്വരന്റെ സമീപം ശുശ്രൂഷകൊണ്ടു നിന്ന ഹൈമവതി ദേവിയുടെ തിരുനെററിത്തടത്തിൽ വസന്തം ഒരു വശീകരണതിലകം തൊട്ടുവിച്ചപ്പോൾ ആ തപസ്വിപനിലപ്പൈയ്യൎമ്മം പച്ചുന്മാദിയുമായിപ്പോയി.

സ്വാൎത്ഥരഹിതമായ പ്രേമംകൊണ്ടു പരിപൂരിതമായ ഹൃദയം അമൂല്യമായ സൌരഭ്യം നിറച്ചുവച്ചിട്ടുള്ള ചന്ദ്രകാന്തശിലാനിൎമ്മിതമായ ഒരു പേടകംപോലെയാണ്. എപ്പോൾ അതു ഉടയുന്നുവോ, അതു മുതൽ അതിന്റെ ദിവ്യഗന്ധം അന്തരീക്ഷത്തിൽ അങ്ങനെ പരന്നു പാറിക്കൊണ്ടിരിക്കും. വസന്തത്തിന്റെ കരവല്ലിയിലെ പനിനീർ ചെമ്പകത്തെ നാം ഘ്രാണിക്കുമ്പോൾ ലോകത്തിലുള്ള സകല കാമുകന്മാരുടേയും അനുരാഗത്തെ നാം ഉല്ലസിക്കയാണു ചെയ്യുന്നതു്. വസന്തകാലത്തു വികസിച്ചു നില്ക്കുന്ന പനിനീർപ്പൂവിൽ നാം കാണുന്നതു ലോകത്തിലുള്ള സകല സ്ത്രീകളുടേയും, സൗന്ദൎയ്യമാണ്. വസന്തകാലത്തിൽ നമ്മുടെ ഹൃദയം ആനന്ദനിഷ്പന്ദമായി തീരുന്നില്ലെങ്കിൽ നമ്മുടെ ഹൃദയം ശുദ്ധശൂന്യമായ ഒരു മരുഭൂമിയാണ്. വസന്തത്തിലെ വാസന്തിപ്പൂവു് നിനക്കുള്ളതും, എനിക്കുള്ളതും, ലോകത്തിന്റെ പൊതുസ്വത്തുമാണ്. അതെടുത്തു കണ്ണിലോ, കവിളിലോ ഒന്നമൎത്തിയാൽ കാണാം ഒരു ഗന്ധൎവ്വനഗരി. അതിനൊത്തുകേൾക്കാം ഒരു സ്വൎഗ്ഗീയസംഗീതം. അപ്പോൾ ഗ്രഹിക്കാം നക്ഷത്രങ്ങളുടെ ദിവ്യസന്ദേശം.

നമ്മുടെ ദുഃഖങ്ങളും നിരാശകളും, പശ്ചാത്താപങ്ങളും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കാം. എന്നാൽ അവ വസന്തകാലത്തിന്റെ ആവിൎഭാവത്തോടുകൂടി അസ്തംഗതമായിരിക്കുന്നു. അതീതവൎഷത്തിലെ നിഴലുകളാൽ മറയ്ക്കപ്പെട്ടിരിക്കുന്നു.

നാം നമ്മുടെ ജീവിതത്തിൽ അന്ധകാരമയമായ ഒരു അജ്ഞാനക്കുപത്തിൽ നിപതിച്ചേക്കാം, എന്നാൽ അപ്പോഴേക്കും വസന്തം വന്നു നമ്മെ യൗവനവും, പ്രേമവും, സന്തോഷവും ശാശ്വതമായി വിളയുന്ന സുവൎണ്ണചുംബികളായ ജ്ഞാനശൃംഗങ്ങളിലേയ്ക്കു കൂട്ടിക്കൊണ്ടുപോകും.

—○—

## GENERAL KNOWLEDGE QUIZ

### Answers


(Questions page 9)

1. (b); 2. (a); 3. (a); 4. (a) 5. (b) 6. (c); 7. (b)


അഷ്ടാംഗഹൃദയം കല്പസ്ഥാനം

വില രൂപം—൧.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് കൊല്ലം.



"ഭർഗ്ഗുസ്" എന്ന പാന്റോമൈംപ്രദർശനത്തിനു സുന്ദരികളായ നൎത്തകികൾ റിഹേഴ്സൽ നടത്തുന്നതു്. പ്രദർശനം ലണ്ടനിലെ കാസിനോ തിയേറററിലാണ്.



ബ്രിട്ടനിലെ പുതിയ റെയിൽവേകോച്ചുകൾ.

രണ്ടുനിലയുള്ള ഈ കോച്ചുകൾ നൽ-പേൎക്കു കിടന്നുറങ്ങാവുന്നവയാണ്. ഓരോരുക്കും, രണ്ടുപേൎക്കും ഉറങ്ങാവുന്ന മുറികളായി തിരിക്കപ്പെട്ടിട്ടുള്ളതാണു ഈ വണ്ടി. ഓരോ മുറിയിലെയും ശീതോഷ്ണസ്ഥിതി ഇഷ്ടംപോലെ മാററാവുന്നവിധത്തിൽ "എയർ കണ്ടിഷൻ" ചെയ്തിട്ടുള്ള കോച്ചുകളാണു് ഇവ. റബ്ബർമെത്തയും തലയണയും, ചൂടുവെള്ളവും തണുത്തവെള്ളവും, സാമാനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൌകൎയ്യങ്ങൾ, തേയില, കാപ്പി ഇവ നൽകുന്നതിനുള്ള യന്ത്രസൌകൎയ്യങ്ങൾ ഇവയും ഈ വണ്ടികളിൽ ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ട്.

# *ഭാരതം—അന്താരാഷ്ട്രീയ ഘടനയുടെ ദൃഷ്ടിയിൽ

ശ്രീ സമ്പൂർണ്ണാനന്ദ്. യു. പി. വിദ്യാഭ്യാസ ധനകാര്യമന്ത്രി

അന്താരാഷ്ട്രീയഘടനയുടെ ദൃഷ്ടിയിൽ ഭാരതത്തിന്റെ ഇന്നത്തെ സ്ഥിതി വിലക്ഷണമാണ്. ലക്ഷണം സിദ്ധമല്ലാത്തതിനെയാണ് വിലക്ഷണം എന്നു പറയുന്നതു്. ഓരോ ശാസ്ത്രത്തിനും തന്റേതായ ചില പാരിഭാഷികശബ്ദാവലിയും, പാരിഭാഷികപ്രയോഗങ്ങളും ഉണ്ടു്. ഓരോ വസ്തുവിനെയും ഈ ശബ്ദാവലിമുഖേന അറിയാനാണ് തത്ശാസ്ത്രവേത്താക്കൾ ആഗ്രഹിക്കുന്നതു്. ഈ പഠനത്തിനുശേഷമേ ആ വസ്തുവിന്റെ വർഗ്ഗീകരണം നടത്തപ്പെടുന്നുള്ളു.

രാജ്യതന്ത്രജ്ഞന്മാരുടെ ശിരോവ്യഥ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് ഭാരതം. അതിനെ ഏതുപ്രകാരത്തിലുള്ള രാജ്യമായി കരുതുകയാണ് വേണ്ടതെന്നുള്ളതു് അവർക്കു് കഠിനമായിക്കൊണ്ടിരിക്കുന്നു. ഒരു നിശ്ചിതമായ ഭൂവിഭാഗവും, ജനതയും ഉണ്ടു്; മിക്കവാറും കല്പന നടത്തുന്ന ഒരു ഭരണകൂടവും. അതുകൊണ്ടു് രാജ്യംതന്നെയാണ്. എന്നാൽ ഇതിനു മുന്നിൽ ശാസ്ത്രഗതി അവരുദ്ധമാകുന്നതുപോലെ തോന്നുന്നു. ഒരു നിശ്ചിതവർഗ്ഗത്തിൽ ഉൾപ്പെടുത്താവുന്നതിനു വേണ്ട ലക്ഷണങ്ങളൊന്നും ഭാരതത്തിൽ കണ്ടുവരുന്നില്ല. ആഭ്യന്തരഭരണകാര്യംതന്നെ നോക്കാം. രാജ്യത്തിൽ ആകെക്കൂടെ ഒരു ഗവമ്മെന്റു ഉണ്ടാകാവുന്നതാണ്. രാജ്യം വളരെ വലുതാണെന്നുള്ളതുകൊണ്ടു് കേന്ദ്രഗവമ്മെണ്ടിനോടു ബന്ധപ്പെട്ടതും, അതിന്റെ ആദേശങ്ങൾക്കനുസരിച്ചു് ഭരണം നടത്തിക്കൊണ്ടിരിക്കുന്നവയുമായ പല പ്രവിശ്യകളായി വിഭജിക്കാവുന്നതുമാണ്. അല്ലെങ്കിൽ ഈ പ്രവിശ്യകൾക്കോരോന്നിനും പ്രായേണ സ്വതന്ത്രങ്ങളായ ഗവണ്മെന്റുകളും അവയുടെ മേൽ ഒരു ഫെഡറൽഗവണ്മെന്റും ഉണ്ടാകാവുന്നതും അങ്ങിനെ രാജ്യം ആകെക്കൂടെ ഒരു സംഘടിതരാജ്യം ആകാവുന്നതുമാണ്. നാട്ടുരാജാക്കന്മാരെ കഴിച്ചുനോക്കിയാലും, ഭാരതത്തിൽ ഒരേ ഒരു സക്കാരില്ല. പ്രസ്തുത പ്രവിശ്യകൾക്കോരോന്നിനും വെവ്വേറെ ഗവണ്മെന്റുണ്ടു്. പരിതഃസ്ഥിതി സംഘടിതരാജ്യത്തിന്റേതുപോലെ തോന്നും. അമേരിക്കയോടു സാദൃശ്യവും ഉണ്ടു്. പക്ഷെ വമ്പിച്ച അന്തരം ഉണ്ടു്. അമേരിക്കൻയൂനിയന്റെ ഘടകമോരോന്നും ആരംഭത്തിലേ സ്വതന്ത്രങ്ങളായിരുന്നു. തങ്ങളുടെ ഇച്ഛാനുസരണമാണ് അവർ സംഘങ്ങൾ ഉണ്ടാക്കിയതും; അതിന്റെ ഫലമായി ചില അധികാരങ്ങൾ യൂനിയനും യൂണിയൻഗവണ്മെന്റിനും വിട്ടുകൊടുക്കുകയും ബാക്കിയെല്ലാം അവയുടെ അധീനത്തിലും സ്ഥിതിചെയ്യുന്നു. ഭാരതീയപ്രവിശ്യകൾ ഒരിക്കലും സ്വതന്ത്രങ്ങളായിരുന്നില്ല. പ്രാചീനമായ ഭാരതീയഭരണവകുപ്പിനു് അധികാരങ്ങളെല്ലാം കരഗതമായിരുന്നു. സൌകര്യത്തിനുവേണ്ടി കുറച്ചധികാരങ്ങൾ പ്രവിശ്യകൾക്കു വിട്ടുകൊടുത്തു എങ്കിലും ഭരണത്തിനുള്ള അവകാശം പരമമായും പ്രധാനഗവണ്മെന്റിന്റേതായിരുന്നു. അതിനെ ഓരോന്നും നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നു. ഇന്നു് പല കാര്യങ്ങളിലും പ്രാന്തങ്ങൾക്കു് സ്വായത്തത കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. പലകാര്യങ്ങളാലും അവ ഇന്നു് കേന്ദ്രത്തിനു് അധീനമല്ല. തികച്ചും ഉത്തരവാദിത്വം അവയിന്മേൽതന്നെയാണ്. കേന്ദ്രത്തിനു് അവിടെ കൈകടത്താൻ കഴിയുന്നില്ല. ഭാവിഭരണഘടനയും ഈ വഴിക്കുതന്നെ ആയിരിക്കാം സംഭവിക്കാവുന്നതു്. ഇന്നു് ഭാരതത്തെ ഒരു സംയുക്തരാഷ്ട്രമെന്നു് പറയാവുന്നതല്ലെന്നു് നിശ്ചിതമാണ്. എന്താണെന്നു പറയാമെന്നതു് അനിശ്ചിതവുമാണ്.

ആഭ്യന്തരഭരണകാര്യങ്ങളോ പോകട്ടെ, നമ്മുടെ ബാഹ്യസ്ഥിതിയും ഇതേവിധം അനിശ്ചിതമാണ്. പൂർണ്ണപ്രഭുവായ രാജ്യം ആണ്. മുഖ്യമായും അന്താരാഷ്ട്രീയഘടനയ്ക്കു് പാത്രമാകുന്നതു് വേറൊരു രാജ്യത്തിന്റെ ഹസ്തക്ഷേപം ആഭ്യന്തരഭരണത്തിൽ ഉണ്ടാവാതിരിക്കുകയും, വൈദേശികനീതിയെ സംബന്ധിച്ചു് വേറൊരു രാജ്യത്തിന്റെ ഇച്ഛയും കല്പനയും അനുസരിക്കുവാൻ നിർബന്ധമല്ലാതിരിക്കുകയും ആണ് പൂർണ്ണപ്രഭുവിന്റെ ലക്ഷണം. ഇവിടെ രണ്ടുലക്ഷണങ്ങളും ഇല്ല. കേന്ദ്രീയഗവണ്മെന്റ് വല്ലവിധത്തിലും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഇപ്പോഴും ബ്രിട്ടീഷുഗവണ്മെന്റിനാൽ നിയുക്തനായ ഗവർണ്ണർ ജനറൽ ഉണ്ടു്. ബ്രിട്ടീഷു പാർലിമെന്റിനാൽ നിർമ്മിതമായ ചട്ടങ്ങൾക്കുള്ളിലാണ് ഭരണം. ബ്രിട്ടീഷുരാജാവു ഭാരതത്തിന്റെ ചക്രവർത്തിയുമാണ്. എന്തെങ്കിലും ചെയ്യുന്നതിനു കേന്ദ്രഗവമ്മെന്റ് അഭിലഷിക്കുന്നുവെങ്കിലും, അതിനു് ബ്രിട്ടീഷു നീതിയുടെ പരിധിയെ ഉല്ലംഘിക്കാവുന്നതല്ല. വിദേശനയത്തെസംബന്ധിച്ചും വസ്തുത ഇതുതന്നെയാണ്. ബ്രിട്ടന്റെ ഒരു മിത്രരാഷ്ട്രത്തോടു് യുദ്ധം ചെയ്യുകയോ, ബ്രിട്ടൻ യുദ്ധത്തിലേർപ്പെടുന്ന ഒരു രാജ്യത്തിന്റെ പാർശ്വവർത്തിയാകയോ പാടുള്ളതല്ല. അതുകൊണ്ടു് പൂർണ്ണപ്രഭുവല്ലാത്ത ഭാരതം അന്താരാഷ്ട്രീയഘടനയ്ക്കു് പാത്രമല്ല. പൂർണ്ണസ്വതന്ത്രങ്ങളായ രാഷ്ട്രങ്ങളുമായി തോളോടുതോൾ ചേർന്നു നില്ക്കുകയും തുല്യനിലയിൽ ഇടപെടുകയും ചെയ്യുന്നതിനു് ഭാരതം അധികാരിയല്ല.

ആദ്യത്തെ മഹായുദ്ധത്തിനുശേഷം ചില ആംശികപ്രഭുരാജ്യങ്ങളും അന്താരാഷ്ട്രീയപദം നേടിയിട്ടുണ്ടു്. ആസ്ത്രേലിയാ ക്യാനഡാ മുതലായ തങ്ങളുടെ വമ്പിച്ച ഉപനിവേശസ്ഥാനങ്ങൾക്കു് ഇംഗ്ലീഷുകാർ സ്ഥാനക്കയററം നല്കി. ആഭ്യന്തരഭരണത്തിൽ ഇവയ്ക്കു് പൂർണ്ണസ്വാധീനത ലഭിച്ചു. ഇവയിൽനിന്നു് ബ്രിട്ടീഷു പാർലമെന്റിനുള്ള അധികാരം ഒഴിഞ്ഞുപോയി. ബ്രിട്ടന്റെ രാജാവുതന്നെയാണ് ഇവയുടേയു രാജാവു് എന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. ക്യാനഡാ, ആസ്ത്രേലിയ ഇവ സ്വന്തം രാജാക്കന്മാരുടെ അധീനതയിലാണ്; പക്ഷെ ആ വ്യക്തി ബ്രിട്ടന്റെയും രാജാവാണ്. ക്യാനഡയുടേയും ആസ്ത്രേലിയയുടേയും രാജാവു് ബ്രിട്ടന്റെയും രാജാവെന്നും പറയാം. ഈ രാജ്യങ്ങളിലെല്ലാം അദ്ദേഹത്തിനു് രാജധാനികൾ ഉണ്ടു്. സൌകര്യത്തിനു വേണ്ടി അദ്ദേഹം തന്റെ ബ്രിട്ടീഷുരാജധാനിയിൽ—ലണ്ടനിൽ—താമസിക്കുന്നു. ഗവർണ്ണർ ജനറൽ എന്ന പേരോടുകൂടി അദ്ദേഹത്തിന്റെ പ്രതിനിധികൾ മററു രാജധാനികളിൽ ജോലി നോക്കിവരുന്നു. വിദേശനയത്തെ സംബന്ധിച്ചിടത്തോളം ഇവയ്ക്കു് ബ്രിട്ടീഷുനയത്തിനു് വിരുദ്ധതയവലംബിച്ചുകൂട. മദ്ധ്യസ്ഥം സ്വീകരിക്കാവുന്നതാണ്. ഈ ആധാരത്തിന്മേലത്രെ കഴിഞ്ഞ മഹായുദ്ധത്തിൽ അവസാനത്തോളം തെക്കേ അയർലണ്ടു് മദ്ധ്യസ്ഥമായിക്കഴിഞ്ഞതു്. ഈ സംഘടനയിൽനിന്നു് പുറത്തുപോകുന്നതിനും ഇവകളോരോന്നിനും അധികാരം ഉണ്ടു്.

സ്പഷ്ടമായ വസ്തുതയാണ്, ഈ രാജ്യങ്ങളുടെ നിലയിലേയ്ക്കു് ഭാരതം വന്നിട്ടില്ലെന്നുള്ളതു്. വൈദേശികവിഷയത്തിൽ നിഷ്പക്ഷത കൈക്കൊള്ളാൻ പാടില്ലെന്നു മാത്രമല്ല, ആഭ്യന്തരഭരണത്തിൽ ബ്രിട്ടീഷ് പാർലിമെന്റിന്റെ അധികാരക്ഷേത്രത്തെ അതിക്രമിക്കുന്നതിനും ഭാരതത്തിനു് നിവർത്തിയില്ല. അതിനു സംബന്ധം നേരിട്ടു ബ്രിട്ടീഷ് രാജാവിനോടല്ല, പ്രസ്തുത ഇൻഡ്യാസെക്രട്ടറി എന്നു പറയപ്പെടുന്ന ഒരു മന്ത്രിയോടാണ്.

അല്പപ്രഭുക്കളായ മററു ചില രാജ്യങ്ങൾക്കും ആംശികമായ അന്താരാഷ്ട്രീയപാത്രത സമ്പ്രാപ്തമായിട്ടുണ്ടു്. അവയ്ക്കു ഭാരതത്തോടു് സാധർമ്മ്യമില്ല. ശാസ്ത്രീയപരിഭാഷയും, പതിവും അനുവദിക്കുന്നിടത്തോളം അന്താരാഷ്ട്രീയ മണ്ഡലത്തിൽ സ്വതന്ത്രസ്ഥാനമൊന്നും ഭാരതത്തിനില്ല. ബ്രിട്ടന്റെ അംഗമല്ലാ പരിശിഷ്ടമാണ് ഭാരതം. ഒരു രാജ്യത്തിൽ വിദ്രോഹം ഉണ്ടാകുകയും, വിദ്രോഹി ഒരു വിസ്തൃത പ്രദേശത്തിന്മേൽ അധികാരം സ്ഥാപിക്കുകയും ചെയ്യുമ്പോൾ ആ രാജ്യത്തിനു് ഒരുവിധം അന്താരാഷ്ട്രീയ പാത്രത ലഭിക്കുന്നുണ്ടു്. ആ ഭൂഭാഗത്തിൽ അന്യരാജ്യങ്ങളിലെ പ്രജകളിൽ ചിലർ വസിക്കുന്നുണ്ടാവും. വിദ്രോഹത്തിനു മുമ്പു് അവിടത്തോടു് മററു ദേശങ്ങൾക്കു് വ്യാപാരസംബന്ധം ഉണ്ടായിരിക്കാം. ഇങ്ങിനെയുള്ള സന്ദർഭത്തിൽ ആ വിദ്രോഹീസർക്കാരിന്റെ മുന്നിൽനിന്നു് കണ്ണു ചിമ്മിക്കളയാവുന്നതല്ല. ഈ സ്ഥിതിയും ഭാരതത്തിൽ ഇല്ല. വിദ്രോഹം ഉണ്ടായിട്ടുണ്ടു്. ഉണ്ടാകാവുന്നതുമാണ്. എന്നാൽ ഇപ്പോൾ രാജ്യത്തിൽ വിദ്രോഹീ സർക്കാർ യാതൊന്നും ഇല്ലതന്നെ. ഭരണത്തിൽ വിദ്രോഹികളുടെ കൈയുണ്ടു്. പക്ഷേ ബ്രിട്ടീഷ് ഗവമ്മെന്റു, വിദ്രോഹികളുടെ സംഘടനയും കാൺഗ്രസ്സിൽ മനസ്സിലാക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്.

ശാസ്ത്രവും, പതിവും എന്തൊക്കെ പറഞ്ഞാലും, അന്താരാഷ്ട്രീയമണ്ഡലത്തിൽ ഭാരതത്തിനു് ഉച്ചസ്ഥാനം കിട്ടിയിട്ടുണ്ടു്. അതു് നിർവിവാദവുമാണ്. ആദ്യത്തെ മഹായുദ്ധത്തിനു ശേഷം, ഇംഗ്ലീഷു ഗവമ്മെന്റു് ഇൻഡ്യയെ രാഷ്ട്രസംഘത്തിന്റെ അംഗമാക്കിയിട്ടുണ്ടു്. എന്നാൽ അതു് തമാശമാത്രമായിരുന്നു. ഭാരതത്തിന്റെ പ്രാതിനിദ്ധ്യം പല പ്രകാരത്തിലും വഹിച്ചുകൊണ്ടിരുന്നതു് ഇൻഡ്യാസിക്രട്ടറിയത്രെ. എപ്പോഴെങ്കിലുമൊരിക്കൽ ഒരു ഭാരതീയൻ നിയുക്തനായി എങ്കിൽ അയാൾ ബ്രിട്ടന്റെ സമ്മതത്തിൽ സമ്മതം ചേർത്തു വന്നിരുന്നു. ഇന്നു ഈ സ്ഥിതി നിലനില്ക്കുന്നില്ല. കഴിഞ്ഞ മഹായുദ്ധത്തിനുശേഷം നിലപാടുകളാകെ മാറിപ്പോയിരിക്കുന്നു. റഷ്യ വിജേതാക്കൾക്കു് ഭീതരമായി നിലകൊള്ളുന്നു. ചൈനാസാമ്രാജ്യത്തിന്റെ സമുത്ഥാനത്തോടു് മുഖം കറുപ്പിക്കുന്നതിനും സാദ്ധ്യമല്ല. ഏഷ്യയുടെ ഓരോ കോണിലും സ്വാധീനതയ്ക്കു വേണ്ടിയുള്ള പ്രക്ഷോഭണം നടക്കുന്നു. സായുധമോ അഹിംസാത്മകമോ ആവട്ടെ; ഈ പ്രക്ഷോഭണത്തെ എന്നെന്നും അമർത്തിവയ്ക്കുക യൂറോപ്യൻ ശക്തിക്കു് അതീതമായി പോയിരിക്കുന്നു. അവർക്കു് ഇതു സ്പഷ്ടമായും തോന്നിത്തുടങ്ങിയിട്ടുണ്ടു്. ഏഷ്യയോടു് ഏതെങ്കിലും വിധത്തിൽ സാമഞ്ജസ്യം സ്ഥാപിക്കുകയാണ് തങ്ങൾക്കു മംഗളമെന്നു്. “സർവ്വനാശേ സമുത്പന്നേ അർദ്ധം ത്യജതി പണ്ഡിതഃ” ഈ നീതി അവലംബിക്കുകയത്രേ ശ്രേയസ്കരം. ജാഗരിതമായ ഏഷ്യയോടു് എതിരിട്ടു വിജയിക്കുക യൂറോപ്പു് അമേരിക്ക ഇവയുടെ ശക്തിക്കു് അതീതമത്രേ. ഇപ്പോൾ ആഫ്രിക്കയിലും നിറം പകർന്നു തുടങ്ങിയിട്ടുണ്ടു്. വെള്ളക്കാരുടെ ആധിപത്യത്തിന്റെ കാലം കഴിഞ്ഞുപോയി.

ഈ അവസ്ഥയിൽ ഭാരതത്തിലെ 40 കോടി ജനങ്ങളെ ബ്രിട്ടന്റെ പരിശിഷ്ടമായി പരിഗണിക്കാവുന്നതല്ല. അവരുടെ ആന്ദോളനം ചിലപ്പോൾ ഉഗ്രരൂപം കൈക്കൊള്ളുകയും, മററു ചിലപ്പോൾ ശാന്തഗതി അവലംബിക്കുകയും ചെയ്യാറുണ്ടു്. എങ്കിലും ഭാരതം പൂർണ്ണസ്വതന്ത്രവും പൂർണ്ണപ്രഭുത്വവും ആയിത്തീരുമെന്നു യൂറോപ്പും അമേരിക്കയും മുഴുവനും അറിയുന്നുണ്ടു്. അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങളേയും ആകാംക്ഷകളേയും വിഗണിക്കുന്നതു് മൂർഖതയാണ്. സംഭവ്യമായതിനെ ക്രൂരതയോടെ വിളംബിപ്പിക്കുന്നതു് എന്തിനു്? തന്റെ നൈസർഗ്ഗികമായ സമ്പത്തും ശക്തിയും കൊണ്ടു് മഹത്തായ രാഷ്ട്രങ്ങളിൽ—നിർണ്ണായകരാഷ്ട്രങ്ങളിൽ ഒന്നാകാവുന്ന ഭാരതത്തിന്റെ ശത്രുത കയ്യാളുന്നതെന്തിനു്? വൈദേശികഭരണകൂടങ്ങൾ ഈ കാര്യം മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ടു്. ഭാരതത്തെ സുഹൃത്താക്കുന്നതിനു ഉത്സുകത പ്രകടിപ്പിക്കുന്നുമുണ്ടു്. ആംഗലേയ ഗവമ്മെന്റുപോലും ഈ ഘട്ടത്തിൽ, ഭാരതത്തെ സന്തുഷ്ടമാക്കുവാനുള്ള അഭിലാഷത്തോടെ അവനതമായിക്കൊണ്ടിരിക്കുന്നു.

ഇതിന്റെ പരിണാമമത്രേ, പരതന്ത്രഭാരതത്തിന്റെ പ്രതിനിധികൾ അന്താരാഷ്ട്രീയസമ്മേളനത്തിൽ സ്വതന്ത്രരാഷ്ട്രങ്ങളുടെ പ്രതിനിധികളോടൊപ്പം സംബന്ധിക്കുന്നതും, ബ്രിട്ടീഷുപ്രതിനിധികളെ ഗണ്യമാക്കാതെതന്നെ സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതും ഈ അടുത്തകാലത്തു മാത്രമാണ് അമേരിക്ക, ചൈന ഇവയോടുള്ള ഭാരതീയ ദൌത്യം ഉണ്ടായിട്ടുള്ളതും. ഒരു വശത്തു് പൂർണ്ണപ്രഭുവും, മഹാശക്തിശാലിയുമായ അമേരിക്ക മറുവശത്തു് പരതന്ത്രമായ ഭാരതം. അഹോ! ബ്രിട്ടീഷുഗവമ്മെന്റിനധീനമായ ഭരണവകുപ്പോടും ഒരു പ്രമുഖാംഗം അഭാരതീയമായ സൈന്യത്തോടും കൂടിയ, സ്വന്തം സാമ്പത്തികനയത്തിൽപോലും ബ്രിട്ടീഷുകാരുടെ ഹിതങ്ങൾ അനുസരിക്കേണ്ട ഭാരതം! രണ്ടിനും തമ്മിൽ സമത്വം ഒന്നും ഇല്ല. വീണ്ടും സമത്വ[illegible]മായ സൌഹാർദ്ദസന്ദേശം! ‘കിമാശ്ചര്യമതഃപരം’

തക്കങ്ങൾകൊണ്ടു് തടയാവുന്ന ഒന്നല്ല ജീവിതം. ഭൗതികലോകത്തെ സ്വന്തം പ്രവർത്തനരംഗമായി സ്വീകരിക്കുന്നശാസ്ത്രം നിയമശൃംഖലിതമാണ്. ജീവിതധാരകളെ വിഷയമാക്കുന്നതായ ശാസ്ത്രത്തിനാണെങ്കിൽ ഈ സൌഭാഗ്യം സമ്പ്രാപ്തമല്ല. പ്രാണികളോ പ്രാണികളിൽവച്ചു് മനുഷ്യനെ, നിയമങ്ങൾകൊണ്ടു് ബന്ധിക്കാവുന്നതല്ല. അവർ സംഘർഷത്തിനിടയിലും സ്വന്തം സൌകര്യത്തിനനുസൃതമായ മാർഗ്ഗങ്ങൾ പലതും നിർമ്മിക്കുകയും, ഇപ്രകാരം നവവും അഭൂതപൂർവ്വവുമായ സ്ഥിതിഗതികളെ ഉത്ഭവിപ്പിക്കുകയും ചെയ്യുന്നു. ഈ സംഭവഗതികൾകൊണ്ടു് ശാസ്ത്രത്തിനു് സ്വന്തം സിദ്ധാന്തങ്ങളിൽ പരിവർത്തനം വരുത്തേണ്ടിവരുന്നു. മനോവിജ്ഞാനീയം, സമുദായശാസ്ത്രം, രാജ്യതന്ത്രം അന്താരാഷ്ട്രീയഘടന എല്ലാററിനും ഈ ഘട്ടങ്ങൾ ഉണ്ടു്. വ്യക്തികൾ, രാജാക്കന്മാർ, രാഷ്ട്രങ്ങൾ ഇവരുടെ പ്രവർത്തനങ്ങളെ നിരോധിക്കുന്നതിനുള്ള കഴിവു് അവയിൽ ഒന്നിനും ഇല്ലതന്നെ. മനുഷ്യരുടെ വൈയക്തികവും സാമൂഹികവും ആയ ചരിത്രത്തിന്റെ അഗാധതയുടെ അടിത്തട്ടു് ഇന്നുവരെ കണ്ടു കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് അതിന്റെ കാരണം. അതിൽനിന്നു നവംനവങ്ങളായ ആഘാതങ്ങൾ ഉണ്ടാകുന്നു. അങ്ങിനെ ശാസ്ത്രങ്ങൾക്കു് സ്വന്തം പരിഭാഷയിലും മര്യാദയിലും മാററം വരുത്തുന്നതിനു് വശപ്പെടേണ്ടിവരുന്നു. ഭാരതത്തിന്റെ അന്താരാഷ്ട്രീയപദത്തിനു് അനുപപന്നത ഒന്നും ഇല്ലാത്തതും, അന്താരാഷ്ട്രീയ ഘടനാപായങ്ങളുടെ ശാസ്ത്രീയ പരിഭാഷയിലൊന്നിലും വന്നു കഴിഞ്ഞിട്ടില്ലെങ്കിലും അതിനു പാത്രത പ്രാപ്തമായിട്ടുള്ളതും ഇതേ കാരണം കൊണ്ടു തന്നെയാണ്.

—o—

* വിവർത്തകൻ, ചെരുക്കുർ എസ്. മാധവൻനായർ.


## രസകരങ്ങളായ

| | | | |
|---|---|---|---|
| പ്രേമദീപം | (പരമരസികൻ നോവൽ) | രൂ. 2. | ണ. 0 |
| കനകപ്രഭ | (ജീവത്സാഹിത്യനാടകം) | 1. | 4 |
| ആശാപാശം | (ഏകയാമനാടകം) | 0. | 12 |
| മിന്നാമിനുങ്ങുകൾ | (12 ചെറുകഥകൾ) | 1. | 0 |
| കാമതത്വം | (ഉൽകൃഷ്ടദാമ്പത്യഗ്രന്ഥം) | 1. | 0 |

അച്ചടിയിൽ ഓമന അഥവാ പുനർവിവാഹം ഒന്നാംതരം നോവൽ.

By ശ്രീ. കെ. ഭാരതിഅമ്മ അവർകൾ മറെറല്ലാം മലയാളപുസ്തകങ്ങളും വില്പനയ്ക്കുണ്ടു്

Apply to— പി. കൊച്ചുകൃഷ്ണപിള്ള
“ശ്രീവിലാസം” ബുക്കഡിപ്പോ
H. O. ആലപ്പുഴ (ബ്രാഞ്ച്, കുണ്ടറ

# ബറോഡായിൽ

—o—

## ഭരണപരിഷ്കാരങ്ങൾ ഉദ്ദേശിക്കുന്നു

ബറോഡാ, ജനു ൰. ബറോഡായിൽ ഒരു ഉത്തരവാദിത്വ ഗവമ്മെൻറ് സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ മഹാരാജാവ് നടത്തിവരുന്നു.

ഇന്ന് ഉൽഘാടനം ചെയ്യപ്പെട്ട ബറോഡാ റേഡിയോ സ്റ്റേഷനിൽനിന്നു ബറോഡാ ജനങ്ങളോടു ചെയ്ത ഒരു പ്രക്ഷേപണത്തിൽ ഇതിനെപ്പററി മഹാരാജാവ് പ്രസ്താവിക്കയുണ്ടായി. ഗവമ്മെൻറ് ഓഫ് ബറോഡാ ആക്ട് ഭേദഗതി ചെയ്യാനും നിയോജകാവകാശം വിപുലമാക്കുക, എക്സിക്യൂട്ടീവ് കൗൺസിൽ റികൺസ്ട്രക്ട് ചെയ്യുക, ധാരാസഭയുടെ അധികാരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശങ്ങൾ നിറവേററുവാനും തക്കവണ്ണം നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഗവമ്മെൻറിനോടാജ്ഞാപിച്ചിട്ടുള്ളതായി മഹാരാജാവ് പ്രസ്താവിച്ചു. (എ. പി)

## ൪ ലക്ഷത്തിൽപരം ടൺ അരി

—o—

### ഫുഡ്കൗൺസിൽ ഇന്ത്യക്കു അനുവദിക്കുന്നു

വാഷിംഗ്ടൺ ജനു: ൰—ഇൻറർനാഷണൽ ഇമർജൻസി ഫുഡ്കൗൺസിൽ ഇന്നു പ്രഖ്യാപനംചെയ്ത വീതങ്ങൾ അനുസരിച്ചു ഇൻഡ്യയ്ക്കു ൪ ലക്ഷത്തി ഷ്ടതിനായിരം ടൺ അരി ലഭിക്കുന്നതാണ്. (റായിട്ടർ)

## റഷ്യൻസേനാനികളെ ക്ഷണിക്കും

—.—

### അമേരിക്കയുടെ പ്ലാൻ

മാസ്കോ ജനു: ൰—ബ്രിട്ടൻ സന്ദർശിക്കാനുള്ള ക്ഷണം മാർഷൽ വാസിലിവിസ്കി സ്വീകരിച്ചെന്നുള്ളതിനാൽ ജനറൽ ഐസൻഹോവർ അദ്ദേഹത്തെ അമേരിക്കയിലേക്കു ക്ഷണിക്കാനിടയുണ്ടത്രേ. വളരെനാളായി അമേരിക്ക റഷ്യൻസേനാനികളെ ക്ഷണിക്കാൻ കാത്തിരിക്കയായിരുന്നു. റഷ്യൻ കരസേനകളുടെ നായകനായ മാർഷൽ കൊണീവിനെയും ജനറൽ ഐസൻഹോവർ ക്ഷണിക്കുമെന്നറിയുന്നു.

—o—

## ആസ്സാമിൻെറ ക്ഷതം

—o—

### മി: ബർദൊളോയിയുടെ പ്രസംഗം

ബോംബെ, ജ. ൰— വെറും ഒരു തൂലികാപ്രയോഗംകൊണ്ടോ കൃത്രിമമായ യോജിപ്പുകൊണ്ടോ ആസ്സാമിൻെറ ദാർഢ്യത്തെ ഉലയ്ക്കാവുന്നതല്ലെന്നു ആസ്സാമിലെ ജനത നിശ്ചയിച്ചുറച്ചിരിക്കുന്നു എന്ന് മി: ബർദൊളോയി ഒരു പ്രസംഗത്തിൽ പറയുന്നു. ഇന്ത്യൻയൂണിയനുമായി സഹകരിക്കണോ ബംഗാളുമായി ഗ്രൂപ്പിങ്ങിൽ ഉൾപ്പെടണോ എന്നെല്ലാം തീരുമാനിക്കേണ്ടതു് ആസ്സാംതന്നെയാണെന്നും അദ്ദേഹം പറയുന്നു. മറെറാരു പ്രാവിൻസുകാർ ആസ്സാമിൻെറ ഭരണവ്യവസ്ഥ തയാറാക്കണമെന്നു ആസ്സാം വിചാരിക്കുന്നില്ല. ഡിസംബർ ൬-ാംനു-യിലെ ബ്രിട്ടീഷു വ്യാഖ്യാനം സ്വീകരിച്ചുകൊണ്ടുള്ള എ. ഐ. സി. സി. നിശ്ചയം ആസ്സാമിൻെറ നെഞ്ചത്തു് ആഴത്തിൽ ഒരു ക്ഷതമേൽപ്പിച്ചിരിക്കുന്നു.

ആസ്സാംകോൺഗ്രസ് പാർലമെൻററി പാർട്ടിയുടെ നേതാവായ മി. മനോമോഹൻചൗധുരി പറയുന്നതു് കോൺഗ്രസ് നേതാക്കന്മാർ ആംഗ്ലോമുസ്ലീംലീഗ് ഗൂഢാലോചനയ്ക്കു് കീഴടങ്ങി ആസ്സാമിൻെറ താല്പര്യങ്ങളെ അവരുടെ ദുഷ്ടമായ ഉദ്ദേശങ്ങൾക്ക് കീഴടക്കിയിരിക്കുന്നു എന്നാണ്.

—:—

# ക്ഷേത്രപ്രവേശന പരിഷ്കാരത്തിന്

## ഭൂരിപക്ഷത്തിൻെറ സമ്മതംവേണമെന്നു് കൊച്ചീമഹാരാജാവു് തിരുമനസ്സുകൊണ്ടു്

(എ. പി. ഐ)

എറണാകുളം ജനു ൰—"ഭൂരിപക്ഷം ഹിന്ദുക്കളുടെ പിൻതുണ കൂടാതെ ക്ഷേത്രപ്രവേശനത്തേപ്പോലുള്ള ഒരു പരിഷ്കാരം വിജയകരമാകുന്നതല്ല. ഭൂരിപക്ഷം പരിഷ്കാരത്തെ അനുകൂലിക്കുന്നു എന്ന് ഇനിയും തെളിയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു വിഭാഗം അതിനെ ആത്മാർത്ഥമായി അനുകൂലിക്കുന്നു എന്നുള്ളതിന് സംശയമൊന്നുമില്ല. എന്നാൽ രാഷ്ട്രീയമായ ഉദ്ദേശങ്ങൾക്കു വേണ്ടി ചിലർ മതപരമായ ഒരു പ്രശ്നത്തെ പ്രയോജനപ്പെടുത്തുന്നു എന്നുള്ളതും അതുപോലെ തന്നെ വാസ്തവമാകുന്നു. ഈ പ്രശ്നത്തെ യഥാർത്ഥമായ അതിൻെറ ഭാവത്തിൽതന്നെ വീക്ഷിക്കാൻ ജനങ്ങളെ പഠിപ്പിക്കയും, തങ്ങളുടെ അഭിപ്രായത്തിലേക്കു അവരെ മാനസാന്തരപ്പെടുത്തുകയും ചെയ്യേണ്ടതു് യഥാർത്ഥ പരിഷ്കർത്താക്കളുടെ കർത്തവ്യമാകുന്നു.' എന്നിങ്ങനെ കൊച്ചീ മഹാരാജാവ് തിരുമനസ്സുകൊണ്ടു് ഒരു സന്ദേശത്തിൽ പറയുന്നു. അതു് ഇങ്ങനെ തുടരുന്നു:—"ഇപ്പോൾ മാററണമെന്നു് പറയപ്പെടുന്ന ആചാരം അനേകകാലമായി നിലവിലിരിക്കുന്നതാണ്. ഗവമ്മെൻറിൻെറ കാര്യങ്ങളിൽ ഞാൻ ഒരു ന്യൂനപക്ഷത്തിൻെറ അഭിപ്രായമനുസരിച്ചാണു് പ്രവർത്തിക്കുന്നതെങ്കിലും, ജനങ്ങളുടെ ആഗ്രഹം കൂടുതൽ നിശ്ചിതമായി അറിയാതെ ഈ മൗലികപരിഷ്കാരം വരുത്താവുന്നതല്ലെന്നു് വിചാരിക്കുന്നു.

'ഹിന്ദുക്ഷേത്രങ്ങൾ സകല ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കുന്നതിനെപ്പററി ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മഹാത്മാഗാന്ധി, മററു മഹാന്മാരായ ഇന്ത്യൻനേതാക്കന്മാർ എന്നിവരിൽനിന്നു് ക്ഷേത്രപ്രവേശനവാദത്തിനു് ലഭിച്ചിട്ടുള്ള ആനുകൂല്യം ഞാൻ അറിയുന്നുണ്ടെന്നുതന്നെയല്ല, ഈ പരിഷ്കാരം നടപ്പിൽവരുത്തുന്നതിനായി എൻെറ മന്ത്രിമാർ എന്നെ ഉപദേശിച്ചുകൊണ്ടിരിക്കയുമാണ്.'

---

ലണ്ടനിലേക്കു് തിരിക്കുന്നതിനുമുൻപ് മാണ്ടുഗോമറി റഷ്യൻപത്രങ്ങൾക്കു് നൽകിയ സന്ദേശത്തിൽ സ്റ്റാലിൻ, വോറോഷിലോവ്, മുതലായവരുടെ പേരുകളോടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന റഷ്യൻമിലിട്ടറി അക്കാഡമികൾ താൻ സന്ദർശിച്ചതായി പറയുന്നു. തനിക്കു് കാണേണമെന്നാവശ്യപ്പെട്ട സകലതും കാണാൻ റഷ്യാക്കാർ സൗകര്യം നൽകിയെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു.

'യുദ്ധം ജയിച്ച ഭടന്മാരായ നാം ഇനി സമാധാനത്തെ ദൃഢീകരിക്കുന്നതിനായി ഒന്നിച്ചു് ശ്രമിക്കേണ്ടിയിരിക്കുന്നു എന്നു് അദ്ദേഹം തുടരുന്നു. 'ബ്രിട്ടീഷുസൈന്യത്തെ സന്ദർശിക്കുന്നതിനുള്ള എൻെറ ക്ഷണം മാർഷൽ വാസിലീവ്സ്കി സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഈ വർഷം ആരംഭവേളയിൽതന്നെ അദ്ദേഹം ബ്രിട്ടീഷ് സൈന്യത്തിൻെറ അതിഥിയായി വന്നുചേരുമെന്നും, എൻെറ സ്നേഹത്തിനു് പാത്രങ്ങളായിത്തീർന്നിരിക്കുന്ന പല റഷ്യൻമാർഷലന്മാരെയും കൂടി അപ്പോൾ കൊണ്ടുവരുമെന്നും ഞാൻ വിശ്വസിക്കുന്നു. ഞങ്ങളുടെ സൈനികസ്ഥാപനങ്ങൾ കാണിച്ചു കൊടുക്കാനും, അങ്ങനെ ബ്രിട്ടൻെറയും, റഷ്യയുടെയും സൈന്യങ്ങൾ തമ്മിൽ ഇപ്പോൾതന്നെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സൗഹാർദ്ദം അഭിവൃദ്ധിപ്പെടുത്താനും എനിക്കു് വളരെ സന്തോഷമുണ്ടു്.'

—o—

## മാണ്ടുഗോമറിയുടെ മാസ്കോ സന്ദർശനം

—o—

മാസ്കോ, ജ. ൰—ഇന്നു് സ്റ്റാലിൻ മാർഷൽ മാണ്ടുഗോമറിയുമായി ഒരു കൂടിക്കാഴ്ച നടത്തി. മാർഷൽ സ്റ്റാലിനുമായി താൻ മഹത്തായ ഒരു സംഭാഷണം നടത്തിയെന്നാണു് ഒരുമണിക്കൂർ നേരത്തെ കൂടിക്കാഴ്ചയ്ക്കുശേഷം അത്യന്തം സന്തുഷ്ടനായി വെളിയിൽവന്ന മാണ്ടുഗോമറി പ്രസ്താവിച്ചതു്. മാർഷൽ സ്റ്റാലിനും അത്യന്തം പ്രസന്നനായിരുന്നു. എന്നു് അദ്ദേഹം പറയുന്നു. മാർഷൽ മാണ്ടുഗോമറി സ്റ്റാലിൻ നൽകിയ ഒരു വിരുന്നിൽ പങ്കുകൊണ്ടതായി മാസ്കോറേഡിയോയും പ്രസ്താവിക്കുന്നു.

വിരുന്നിനുശേഷം മാണ്ടുഗോമറി യുദ്ധത്തിനിടയിലെ അനുഭവങ്ങളെ ആസ്പദമാക്കി എഴുതിയിരുന്ന ഒരു സൈന്യതന്ത്രഗ്രന്ഥം റഷ്യൻജനറൽസ്റ്റാഫ് പ്രധാനിയായ മാർഷൽ അലക്സാണ്ടർ വാസിലീവ്സ്കിയെ ഏൽപ്പിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—'മേജർവരെയുള്ള സകല ആഫീസറന്മാരും ഈ പുസ്തകം വായിച്ചിരിക്കണമെന്നു ഞാൻ നിർബന്ധിക്കാറുണ്ടു്. അതു് താങ്കൾക്കു് രസകരമായി തോന്നിയേക്കാം. വായിച്ചുകഴിഞ്ഞു് സ്റ്റാഫിലെ മററു് അംഗങ്ങൾക്കു് അതു് കൊടുക്കുക.'

ഇസ്വെസ്റ്റിയ റെഡ്സ്റ്റാർ എന്നീ റഷ്യൻപത്രങ്ങൾ മാണ്ടുഗോമറിയെ സ്തുതിച്ചുകൊണ്ടു ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അദ്ദേഹം ജയിച്ച അലാമീൻസമരത്തെ അവവിശകലനംചെയ്തു പ്രതിപാദിക്കയും ചെയ്തിട്ടുണ്ടു്.

സംഘടിതമായ പടകളെ പ്രയോഗിക്കുന്നതെങ്ങനെയെന്നുള്ളതിനെപ്പററി മാണ്ടുഗോമറി സ്വയം രൂപവൽക്കരിച്ച ഒരു സിദ്ധാന്തത്തെ അദ്ദേഹംതന്നെ ഭംഗിയായി പ്രയോഗിച്ചുകാണിച്ചിരിക്കുന്നു എന്നു് മേജർ കേണൽ ഓൽക്കട്ടിയോനോവ് ഇസ്വെസ്റ്റിയായിൽ എഴുതുന്നു. അലാമീനിലും, പിന്നീടു് ആർഡന്നസ്സിലും മാണ്ടുഗോമറി ആ സിദ്ധാന്തം പ്രയോഗത്തിൽവരുത്തുകയുണ്ടായി.

—o—

## വധശിക്ഷയ്ക്കു വിധിച്ചു

—o—

### റാണിഗഞ്ചു് മുസ്ലീംലീഗു പ്രസിഡൻറിനെ

ബർദ്വാൻ, ജനു 11—കഴിഞ്ഞ ആഗസ്റ്റ് ൰-ാംനു റാണിഗഞ്ചിൽജച്ചു് നടന്ന വർഗ്ഗീയലഹള സംബന്ധിച്ചു് കൊലക്കുററത്തിനു ചാർജ്ജുചെയ്യപ്പെട്ടിരുന്ന റാണിഗഞ്ചു് മുസ്ലീംലീഗ് പ്രസിഡൻറും റാണിഗഞ്ചു് മുനിസിപ്പാലിററി മെമ്പറുമായ ഗുമാഖാനെ സെഷൻസ്ജഡ്ജി മി. പി. ഐ. വൈദ്യനാഥൻ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു. പ്രതി കുററക്കാരനെന്നു ജൂറി ഐകകണ്ഠ്യേന തീർപ്പുകല്പിച്ചിരിക്കുന്നു. ഇതേ കുററത്തിനു് ചാർജ്ജുചെയ്യപ്പെട്ടിരുന്ന വേറെ മൂന്നു പ്രതികളെ വെറുതെ വിട്ടു. അവർ മാപ്പിനു അർഹരാണെന്നായിരുന്നു ജൂറിയുടെ അഭിപ്രായം.

യാതൊരുവിധിയും കല്പിക്കാതെ കേസ് ഹൈക്കോടതിയിലേക്കയക്കേണ്ടതാണെന്നു പ്രതിഭാഗം വക്കീൽ മി. എ. കെ. ഫസ്ലൂൽഹക്ക് (മുൻപ്രധാനമന്ത്രി) വാദിച്ചു. ൰-വയസ്സുള്ള ഒരു കുട്ടിയെ കൊന്ന ഈ പ്രതിയുടെ വിഷയത്തിൽ ദാക്ഷിണ്യത്തിനു യാതൊരു കാരണവും കാണുന്നില്ലെന്നും പ്രസ്താവിച്ചുകൊണ്ടു പ്രസ്തുത അപേക്ഷ ജഡ്ജി തള്ളുകയാണു് ചെയ്തതു്. (എ. പി.)

—o—

# ഒന്നാംതരം വിഷമസന്ധി

—o—

## പണ്ഡിതജി നേരിടേണ്ട ബഹുമുഖ സമരത്തെപ്പററി ലങ്കാസുന്ദരം

o

സാൻഫ്രാൻസിസ്കോ ജനുവരി ൰ യു. എൻ. ഒ-യിലെ ഇൻഡ്യൻഡെലിഗേഷൻമെമ്പർ ഡാ. ലങ്കാസുന്ദരം ഒരു പ്രസ്സുകോൺഫറൻസിൽ ഇപ്രകാരം പ്രസ്താവിച്ചു:—

പണ്ഡിതജവഹർലാലിനെ ഇന്നു അഭിമുഖീകരിക്കുന്ന വിധത്തിലുള്ള പ്രശ്നങ്ങൾ യാതൊരുരാജ്യത്തെയുംഗവമ്മെൻറു നേതാവിനെ അഭിമുഖീകരിക്കുന്നില്ല. പലപല ഭാഗങ്ങളിൽനിന്നു ഭീമവൈരികൾ അദ്ദേഹത്തിൻെറനേക്കു പാഞ്ഞെത്തിക്കൊണ്ടിരിക്കുന്നു. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളിൽനിന്നുത്ഭവിക്കുന്ന വെടിമരുന്നു വേണ്ടുവോളമുണ്ടു്. ഏതുനിമിഷത്തിൽ വേണമെങ്കിലും അതിനു ഒരു അഗ്നിപ്രളയം നിർമ്മിക്കാൻ കഴിയും.

ബഹുമുഖമായ ഈ ഘടകങ്ങളോടു പണ്ഡിതജി ഇപ്പോൾ കഠിനസമരം നടത്തിക്കൊണ്ടിരിക്കയാണ്. വേണ്ട അനർത്ഥങ്ങൾ വരുത്തിക്കൂട്ടുവാനുള്ള കഴിവ് ബ്രിട്ടനുണ്ടു്. ഇതിനെല്ലാം ഒരു ശമനം വരുത്തിയില്ലെങ്കിൽ ഇൻഡ്യ ഒരു ഒന്നാംതരം വിഷമസന്ധിയെ നേരിടേണ്ടിവരും. ഇൻഡ്യയുടെ വിമോചകൻ എന്ന നിലയിൽ പണ്ഡിതജവഹർലാലിനു വിജയം കൈവരുത്തണം. ഇതു ചെയ്യുന്നില്ലെങ്കിൽ കാരണം ബ്രിട്ടൻെറതു മാത്രമാണു്.

—o—

---

# നെഗോഷ്യേററിംഗ്കമ്മിററി

## പ്രവർത്തനവ്യാപ്തിയെപ്പററി സചിവോത്തമൻ

ബാംഗളൂർ ജനുവരി ൰—സചിവോത്തമ സർ സി. പി. രാമസ്വാമിഅയ്യർ അവർകൾ പത്രപ്രതിനിധികളോടുള്ള ഒരു അഭിമുഖസംഭാഷണത്തിൽ രാജാക്കന്മാരുടെ നെഗോഷ്യേററിംഗ്കമ്മിററിയും കോൺസംബ്ളിയും എന്ന വിഷയത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചു. കോൺസംബ്ളിയും ചില നാട്ടുരാജ്യങ്ങളും തമ്മിൽ കോൺസംബ്ളി പ്രാതിനിധ്യത്തെയും നെഗോഷ്യേററിംഗ്കമ്മിററിയുടെ പ്രവർത്തനവ്യാപ്തിയെയും സംബന്ധിച്ചു തർക്കമുള്ളതായി കാണുന്നു. കോൺസംബ്ളി പ്രതിനിധികളെ നിർണ്ണയിക്കുന്നകാര്യംമാത്രമേ നെഗോഷ്യേററിംഗ് കമ്മിററിയുടെ പ്രവർത്തനപരിധിയിൽ പെടുന്നുള്ളോ അതോ വിശാലതരമായ മററു കാര്യങ്ങളും ഉൾപ്പെടുന്നുണ്ടോ എന്നതാണ് ഒരുക്കവിഷയമായി കാണുന്നതു്. മന്ത്രിസഭാമിഷനുമായുള്ള സംഭാഷണത്തിൽനിന്നുത്ഭവിച്ച എൻെറ വ്യക്തമായ അഭിപ്രായം നെഗോഷ്യേററിംഗ് കമ്മിററിക്കു് പ്രാതിനിധ്യകാര്യം മാത്രമല്ല, നാട്ടുരാജ്യങ്ങൾ യൂണിയനിൽ ചേരുന്നതിനുള്ള വ്യവസ്ഥകളും കൈകാര്യം ചെയ്യാനുള്ള കൃത്യഭാരമുണ്ടെന്നാണ്. നാട്ടുരാജ്യങ്ങളും കോൺസംബ്ളിയുംതമ്മിലുള്ള തർക്കവിഷയങ്ങൾ രമ്യമായി ഒതുങ്ങിത്തീരുകയും ഞാൻ എപ്പോഴും എടുത്തു പറഞ്ഞുവന്നിട്ടുള്ളതുപോലെ രാജ്യത്തിൻെറ പുരോഗതിക്കുവേണ്ടി നാട്ടുരാജ്യങ്ങളും കോൺഗ്രസ്സും സഹകരിക്കയും ചെയ്യുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

—o—

# ഗോവയിലെ സത്യാഗ്രഹം

—o—

## സത്യാഗ്രഹികൾക്കു പരിശീലനക്യാമ്പ്

—o—

### ജേണലിസ്റ്റിൻെറ നിരാഹാരവ്രതം മഹാത്മജിക്കും മററും കമ്പിയും

ബൽഗാം ജനു ൧൧—ഗോവയിലെ സത്യാഗ്രഹസമരം സംബന്ധിച്ചു ഡിസംബർമാസത്തിൽ ൧൫ പേരെ അറസ്ററു ചെയ്തിട്ടുള്ളതായി ഗോവാനാഷണൽ കാൺഗ്രസ്സ് പ്രസ്താവിക്കുന്നു.

സത്യാഗ്രഹികൾക്കു ൧൨ ദിവസത്തെ പരിശീലനം നൽകുന്നതിനായി ഒരു ക്യാമ്പ് ബൽഗാമിനു സമീപമുള്ള ഖാനാപ്പൂരിൽ ജനുവരി ൧൨-ാംനു- സമാരംഭിക്കുന്നതാണ്. ശ്രീമതി കമലാദേവിയും ഡാ. രാംമനോഹർലോഹിയായും ക്യാമ്പിൽ താമസിക്കുന്നതായിരിക്കും.

ജേർണലിസ്ററു മി. പാണ്ഡുരംഗശിരോഡ്കർ പത്തുദിവസമായി മാർഗാംജയിലിൽ നിരാഹാരവ്രതമനുഷ്ഠിച്ചുവരികയാണെന്നു ബൽഗാമിലെ ഗോവാനാഷണൽ കാൺഗ്രസ്സ് പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ സ്ഥിതി 'അത്യാസന്ന'മെന്നു പറയപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഇടപെടണമെന്നപേക്ഷിച്ചുകൊണ്ടു മഹാത്മജി, പണ്ഡിതജി, സർദാർ പട്ടേൽ എന്നിവർക്കു ഗോവാ കാൺഗ്രസ്സ് കമ്പികളയച്ചിട്ടുണ്ട്. (എ. പി.)

## നാർവേ നാവികസങ്കേതം

### റഷ്യയ്ക്കുവേണം

ലണ്ടൻ ൧൦—നാർവേയ്ക്കും ഗ്രീൻലൻഡിനും മദ്ധ്യേയുള്ള സ്പററ്സ് ബർഗനിൽ ഒരു നാവികസങ്കേതം സ്ഥാപിക്കാനുള്ള അനുവാദത്തിനുവേണ്ടി റഷ്യൻ നാർവേയോടു് അപേക്ഷിച്ചിരിക്കുന്നു. എന്നാൽ സൈനികാവശ്യങ്ങൾക്കായി സ്പിററ്സ് ബർഗൻ ഉപയോഗിക്കാൻ പാടില്ലെന്നു് സംവ്രാഷ്ടികമായ ഒരു തീരുമാനമുണ്ടത്രേ

—o—

## ലീഗു പ്ര: സമിതി യോഗകാലത്തു്

—o—

### സിൻഡ് ലീഗുനേതാക്കൾ ഉദ്ദേശിക്കുന്ന മഹാ സമ്മേളനം

കറാച്ചി, ജനു ൧൧. എ. ഐ. സി. സി. പ്രമേയത്തെപ്പററി പര്യാലോചന നടത്തുവാനായി മുസ്ലിംലീഗ് ഹൈക്കമാൻഡ് ജനുവരി ൨൰-ാംനു- കറാച്ചിയിൽ സമ്മേളിക്കുന്ന അവസരത്തിൽ ഒരു മഹായോഗമുൾപ്പെടെ രണ്ടു ദിവസത്തെ പരിപാടിക്കു് സ്ഥലത്തെ മുസ്ലിംലീഗു നേതാക്കൾ വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. പ്രസ്തുത മഹായോഗത്തിൽ അഖിലേന്ത്യാ ലീഗു നേതാക്കൾ പ്രസംഗങ്ങൾ നടത്തുന്നതാണ്.

രണ്ടു ദിവസത്തെ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുന്നതിനായി പ്രവിശ്യയൊട്ടാകെയുള്ള ലീഗു നേതാക്കളെ ക്ഷണിച്ചിട്ടുണ്ട്.

സിൻഡു പ്രാദേശിക മുസ്ലിംലീഗ് വർക്കിംഗ് കമ്മിററിയുടെ ഒരു യോഗം പ്രവിശ്യയെ സംബന്ധിക്കുന്ന ചില കാര്യങ്ങളെപ്പററി ആലോചിപ്പാനായി ജനുവരി ൨൰-ാംനു- കൂടുന്നതാണ്. (എ. പി.)

## ഹിന്ദുനേതാവിൻെറ പേരിൽ കേസ്

കല്ലൂട്ട, ജ: ൧൦—കൊള്ള, തീവയ്പ്, ദേവാലയനാശം എന്നിങ്ങനെയുള്ള കുററങ്ങൾ ചുമത്തി ബംഗാൾ പ്രൊവിൻഷ്യൽ ഹിന്ദുമഹാസഭയുടെ സിക്രട്ടറിയായ മി: മഖൻലാൽ വിശ്വാസിനെ അറസ്ററുചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ പേരിലുള്ള കേസ്സ് ജനുവരി ൩൦-ാംതീയതിക്കു് ഹീയറിംഗിനു വച്ചിരിക്കുന്നു.

—o—

# പട്ടേൽ എതിർക്കുന്നു

—o—

## ഐ. സി. എസ്സ്. നഷ്ടപരിഹാരത്തെ

ന്യൂഡെൽഹി ജനു ൧൦—ഐ. സി. എസ്സിനെ പിരിച്ചുവിടുന്നതു സംബന്ധിച്ചു് സർദാർ പട്ടേലും, മി. ആർതർഹെൻഡേഴ്സനും തമ്മിലുള്ള സംഭാഷണങ്ങളിൽ അത്യന്തം പുരോഗതി ഉണ്ടായിരിക്കുന്നു. ബ്രിട്ടീഷുകാരും, വിശേഷിച്ചു് ബംഗാളിൽ സേവനമനുഷ്ഠിക്കുന്ന ഇന്ത്യാക്കാരുമായ ഐ. സി. എസ്സുകാർ നഷ്ടപരിഹാരം ആവശ്യപ്പെടുന്നുണ്ടെങ്കിലും ഒരു നഷ്ടപരിഹാരത്തിനും സർദാർ ഒരുക്കമല്ല. ഒന്നാമതായി ഡൽഹിയിലേക്കു് ലണ്ടനിൽനിന്നു് അധികാരം മാറിയിട്ടും അധികാരികൾ മാറിയിട്ടില്ല. രണ്ടാമതായി കഴിഞ്ഞ ൨൦ വർഷത്തിനകം ഐ. സി. എസ്സിൽ കയറിയവർക്കു് എന്താണ് സംഭവിക്കാൻ പോകുന്നതെന്നറിയാവുന്നതാണ്. മൂന്നാമതായി ഇൻഡ്യയ്ക്കു വഹിക്കാൻ സാധിക്കാത്തത്ര പണം അവർ ശമ്പളമായി പററിയിട്ടുണ്ട്.

സർവീസ് വിടണമെന്നുള്ളവർക്കു ആനുപാതികമായ പെൻഷൻ കൊടുക്കാൻ അദ്ദേഹത്തിനു സമ്മതമാണ്.

പുതിയ ഇന്ത്യൻ ദേശീയഗവമ്മെൻറു മായുള്ള കൺട്രാക്ററും തയാറായിവരുന്നു. 1600 രൂപയിൽ കൂടുതൽ ആർക്കും ശമ്പളം കൊടുക്കരുതെന്നാണ് ശമ്പളക്കമ്മിററിയുടെ ഒരു ശുപാർശയെന്നറിയുന്നു. സിക്രട്ടറിമാരേപ്പോലുള്ള ചില ഉയന്ന ഉദ്യോഗസ്ഥന്മാർക്കും പ്രത്യേക കാലത്തേക്കു് പ്രത്യേകം ജോലികൾക്കായി വിളിക്കപ്പെടുന്നവർക്കും 2000-വും അതിലധികവും ശമ്പളം കൊടുക്കാവുന്നതാണ്

മേൽകാണിച്ച നഷ്ടപരിഹാരകാര്യം ഐ. സി. എസ്സിനു് അനുകൂലമായി തീരുമാനിച്ചാൽതന്നെയും അതു് ഒററത്തുകയായി കൊടുക്കണോ, അതോ, ഓരോ തവണയായി കൊടുക്കണോ എന്നു തീരുമാനിക്കേണ്ടിവരുന്നതാണ്. ഒററത്തുകയായി മുഴുവനും കൊടുക്കുകയാണെങ്കിൽ ഇന്ത്യയ്ക്കു ബ്രിട്ടനിൽനിന്നു കിട്ടേണ്ട പവൻമിച്ചം അതിനുവേണ്ടി എഴുതിത്തള്ളേണ്ടിവരുന്നതാണ് എന്നു ഒരു യുണൈററഡ് പ്രസ്സ് സന്ദേശത്തിൽ പറയുന്നു.

ഇന്ത്യയിലെ ഗവമ്മെണ്ടു ഇന്ത്യനായിത്തീരുന്നു എന്നുള്ളതുകൊണ്ടു ഉദ്യോഗജീവിതം ആർക്കും നഷ്ടപ്പെടണമെന്നില്ലെന്നും, പക്ഷെ ഗവമ്മെണ്ടു മാറുന്നു എന്നുള്ള ഏകകാരണത്താൽ ഉദ്യോഗം വിട്ടുപോകണമെന്നു കരുതുന്നവർക്കു നഷ്ടപരിഹാരം ആവശ്യപ്പെടാൻ ന്യായമില്ലെന്നും സർദാർ പട്ടേൽ വാദിക്കുന്നുണ്ടത്രേ. ഗവമ്മെണ്ടു മാറുന്നതിനാൽ അവരുടെ ശമ്പളത്തിൽ മാററംവരുത്തുന്നതല്ല. പുതിയ ആളുകളെമാത്രം പുതിയതോതനുസരിച്ചു നിയമിക്കുമെന്നേയുള്ളു.

## പവൻ വില പതുക്കും

ബ്രിട്ടൻെറ സ്വാതന്ത്ര്യക്കൈമാററംമൂലം പവൻെറ വില പുതുക്കിയേക്കുമെന്നു ന്യൂയാർക്കിൽനിന്നു അറിയുന്നു.

— —

## മുസ്ലീംവനിതയുടെ നിരാഹാരവ്രതം

ജഗത്പൂർ (നവഖലി) ജനു ൧൦—മഹാത്മാഗാന്ധിയുടെ ആശ്രമത്തിലെ അന്തേവാസിനിയായ മുസ്ലീംവനിത മിസ്സ് ആംടസ്സലാം നിരാഹാരവ്രതം തുടങ്ങി ഇന്നു ൧൫ ദിവസം പൂത്തിയായിരിക്കുന്നു. അവർക്കു ഇപ്പോൾ വളരെ ക്ഷീണമുണ്ട്. സ്ഥിതി ഉൽകണ്ഠാജനകമായിരിക്കുന്നു എന്നാണ് ഇന്നു ഗാന്ധിജിയുടെ ക്യാമ്പിൽ ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. ഈ നിരാഹാരവ്രതം നടന്നുകൊണ്ടിരിക്കുന്ന ശിരോന്ധിഗ്രാമത്തിൽനിന്നും മഹാത്മജി വിവരങ്ങൾ ശരിയ്ക്കു അറിഞ്ഞുകൊണ്ടാണിരിക്കുന്നതു്. മഹാത്മജിയുടെ ഗ്രാമാന്തരസഞ്ചാരപരിപാടിയിൽ ശിരോന്ധിന്ദർശനം ജനുവരി ൨൦-ാംതീയതിയാണ് നടക്കേണ്ടതു്. (എ. പി.)

(എട്ടാംപേജിൽനിന്നും തുടച്ച്)

പൂണ്ണവിശ്രമം അനുഭവിക്കുകയാണ്. വെളിയിൽനിന്നുമുള്ള വാത്തകൾ മാത്രമല്ല, ഉള്ളിലുള്ള സംസ്കാരങ്ങൾപോലും മസ്തിഷ്കഫലത്തിൽ പ്രതഫലിക്കാതെ പോകുന്നതുമൂലമാണ് അപ്പോൾ നമുക്കു യാതൊരറിവും ഉണ്ടാകാത്തതു്. സ്വപ്നം ജാഗ്രത്തിനും സുഷുപ്തിക്കും ഇടയ്ക്കുള്ള ഒരവസ്ഥയാണ്. പല മഹാന്മാരും സ്വപ്നത്തെപ്പററി പലവിധത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. നാം ഉണന്നിരിക്കുമ്പോൾ തന്നെ നമ്മുടെ മുമ്പിൽ അനവധികാര്യങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ അവയെല്ലാം ഒന്നുപോലെ നമ്മുടെ പ്രത്യേകമായ ശ്രദ്ധയെ എല്ലായ്പോഴും ആകർഷിക്കുന്നില്ല. അവയിൽനിന്നും ചിലതെല്ലാം നാം തിരഞ്ഞെടുക്കുന്നു. നമ്മുടെ ശ്രദ്ധ അവയിൽ കേന്ദ്രീകരിക്കയും ചെയ്യുന്നു. മനസ്സിനു് സജീവമായ ഒരു ഫോട്ടോ ഏതു വസ്തുവിനെപ്പററിയും ധരിക്കുന്നതിനു് അത്യാവശ്യമാണ്. കാര്യാന്തരങ്ങളിൽ വ്യാപരിച്ചുകൊണ്ടിരുന്ന മനസ്സ് നാം ശ്രദ്ധിക്കാതെ തള്ളിക്കളഞ്ഞിരുന്നവയുടെ നേരിയ ഛായകൾക്കു് ശരിയായ രൂപങ്ങൾ കൊടുക്കാൻ വിശ്രമം കിട്ടുമ്പോൾ ശ്രമിക്കുന്നു. ഇപ്രകാരമാണു സ്വപ്നം ഉണ്ടാകുന്നതെന്നാണ് ചില മനശ്ശാസ്ത്രകാരന്മാരുടെ അഭിപ്രായം. മേല്പറഞ്ഞ അഭിപ്രായം വസ്തുതയുടെ സാരാംശം ഉൾക്കൊള്ളുന്നതാകയാൽ പാടെ നിഷേധിക്കുവാൻ തരമില്ല. ആ അഭിപ്രായം മുഴുവനെ സ്വീകരിക്കുന്നപക്ഷം ഉണന്നിരിക്കുമ്പോൾ നമ്മുടെ മനസ്സിനു വിഷയീഭവിച്ചതെങ്കിലും ശ്രദ്ധാപൂർവ്വം വീക്ഷിക്കപ്പെടാതിരുന്ന വസ്തുക്കൾക്കുമാത്രമെ സ്വപ്നത്തിൽ പ്രവേശം ലഭിക്കുകയുള്ളു. എന്നാൽ നേരേമറിച്ചും അനുഭവമുണ്ടാകുന്നുണ്ട്. അനുഭവപ്പെട്ടവയും അനുഭവപ്പെടാത്തവയും സ്വപ്നത്തിനു വിഷയങ്ങളാണ്. സ്വപ്നത്തെപ്പററി മനസ്സിലാക്കുവാൻ ചിന്തയെപ്പററി ശരിയായി മനസ്സിലാക്കിയാൽ മതി.

ഒരാൾ ഉണന്നിരിക്കുമ്പോൾ അയാൾക്കുണ്ടാകുന്ന ചിന്താഗതികൾ നമുക്കല്പം ഒന്നു പരിശോധിക്കാം. ജീവിതത്തിൽ ക്രമേണ ഉയരുവാനും സുഖം അനുഭവിക്കാനുമാണല്ലോ മനുഷ്യർ തിടുക്കം കൂട്ടുന്നതു്. ഉന്നതമായ പദവി ഇന്നരൂപത്തിലുള്ളതാണെന്നു് അതുപോലെയുള്ളവരുടെ സാഹചര്യങ്ങളിൽനിന്നും മനസ്സിലാക്കി അതേരൂപത്തിലുള്ള ഒരു സ്ഥാനം മനസ്സിൽ നാം സംവിധാനം ചെയ്യുന്നു. ഇപ്രകാരം മനസ്സിൽ നിമ്മിക്കുന്ന സുന്ദരലോകം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട അനുഭവജ്ഞാനങ്ങളുടെ ഒരു ബൃഹത്തായ രൂപംമാത്രമാണ്. മനസ്സിലുദിക്കുന്ന ഇപ്രകാരമുള്ള ചിന്തകൾ അയഥാർത്ഥതയിൽ കാലൂന്നിനില്ക്കുന്നതേയുള്ളു. അവ ഭാവിയിൽ സംഭവിച്ചുകാണാൻ നമുക്കുള്ള അതിയായ തൃഷ്ണയുടെ സങ്കല്പസൃഷ്ടികൾ മാത്രമാണ്. ഉണന്നിരിക്കുകയാണെന്നൊരു മെച്ചം മാത്രം കൂടുതലായി ഉണ്ടു്. ചിന്തയിൽ മുഴുകിയിരിക്കുന്ന ഒരുവൻ വാസ്തവത്തിൽ സ്വപ്നസ്ഥിതനാണ്.

ഓടുക, ചാടുക, ഉണ്ണുക മുതലായവ സ്വപ്നത്തിലും നമുക്കനുഭവമാകുന്നുണ്ട്: ശരീരം അതിൻെറ നിശ്ചലാവസ്ഥയിൽ ഓടുന്നതെങ്ങിനെ, ചാടുന്നതെങ്ങിനെ എന്നു നാം സംശയിച്ചേക്കാം. വാസ്തവം, നാമോടുന്നുമില്ല ചാടുന്നുമില്ലെന്നുള്ളതായിരിക്കെ, അപ്രകാരം തോന്നാൻ കാരണമെന്താണ്. ഈവക സംശയങ്ങൾ പ്രകൃത്യാ ഉണ്ടാകുന്നവയാണ്. അവക്ക് സമാധാനവും എളുപ്പത്തിൽ പറയാൻ സാധിക്കും. ഓട്ടം അഥവാ ചാട്ടം എന്താണെന്നു് നാം നേരത്തെ അറിഞ്ഞിരിക്കണം. അവയെപ്പററി ഒരു സ്വരൂപജ്ഞാനം മനസ്സിനു് കിട്ടിയിട്ടില്ലെങ്കിൽ അത്തരം വിക്രിയകൾക്കു് സ്വപ്നത്തിലും ചിന്തയുടെ ഒരു മണ്ഡലത്തിലും സ്ഥലം പിടിക്കുവാൻ കഴിയുകയില്ല. അന്യർ ഓടുന്നതായിട്ടുള്ള ഒരു ജ്ഞാനം നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ മതിയാകും നാം തന്നെ ഓടുന്നതായി ചിന്തിക്കുവാൻ. കണ്ടറിയപ്പെടാത്ത ഒരു വസ്തുവിനെപ്പററി കേട്ടറിയുകയെങ്കിലും ചെയ്യാതെ ഒരറിവും തല്പരമായി ഉണ്ടാകുന്നില്ല. കേൾവികൊണ്ടുമാത്രം ഒന്നിൻെറ രൂപം മനസ്സെങ്ങിനെ പകത്തുമെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. തിരുവനന്തപുരം പട്ടണംമാത്രം കണ്ടിട്ടുള്ള ഒരുവനു് ഏതുപട്ടണത്തെപ്പററികേട്ടാലും ഒരു രൂപം മനസ്സിലുദിക്കും. കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമായ കരുക്കൾ കൂട്ടിയിണക്കി വലുതും മനോഹരവുമായ ഒരു സജീവചിത്രം നാം വരക്കുകയായി. ഈ രൂപം ശരിയായിരിക്കണമെന്നില്ല. എന്നാൽ അതിന്നാധാരമായി മറെറാരുവസ്തു നമ്മുടെ അനുഭവത്തിൽ ഉണ്ടു. അതിനെക്കുറിച്ചു് നമ്മുടെ മനസ്സു ശേഖരിച്ചിട്ടുള്ള ഒരു സംസ്കാരവുമുണ്ട്. ഈ സംസ്കാരമാണ് തദന്യവും എന്നാൽ സജാതീയവുമായ മറെറാരു രൂപം നമുക്കു കാട്ടിത്തരുന്നതു്. അനുഭവത്തിൽനിന്നും അകന്നുനിന്നല്ല നമ്മുടെ ചിന്ത പ്രവത്തിക്കുന്നതെന്നു് ഇതിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. ഇപ്രകാരമുള്ള ചിന്തതന്നെയാണ് സ്വപ്നലോകത്തിലും നമുക്കനുഭവപ്പെടുന്നതു്. മസ്തിഷ്കം വിശ്രമമെടുക്കാത്തിടത്തോളം കാലം അതിൻെറ പ്രവത്തനശക്തി തടയപ്പെടുന്നില്ല. അതിനാൽ നാം ഒരു ചിന്തയിൽനിന്നു് മറെറാന്നിലേക്കു് കടന്നുപൊയ്ക്കൊണ്ടിരിക്കുകതന്നെ ചെയ്യുന്നു. അഗാധമായ ചിന്തയിൽ മുഴുകിയിരിക്കുന്നവൻ ഉണന്നിരിക്കുന്നെങ്കിലും അവൻെറ അവസ്ഥ സ്വപ്നാവസ്ഥയിൽനിന്നും വിഭിന്നമല്ല. അങ്ങിനെയുള്ള ദിവാസ്വപ്നവും ഉറക്കത്തിലുണ്ടാകുന്ന സ്വപ്നവും തമ്മിൽ വിവേചനം കല്പിക്കുന്നതു് അസാധുവാണ്.

(തുടരും)

—:—

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
ഹൊന്നപ്പാഭാഗവതർ, വസന്ത,
വസന്തകോകിലം
മുതലായവരഭിനയിച്ച
**കുണ്ഡലകേശി**
എന്ന മഹനീയചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
മഹത്തായ രണ്ടാംവാരം
എം. കെ. ത്യാഗരാജഭാഗവതർ, ററി. ആർ. രാജകുമാരി, എൻ. സി. വസന്തകോകിലം, കൃഷ്ണൻ, മധുരം, അഭിനയിച്ച
**ഹരിദാസ്**

അമ്പലപ്പുഴ ഗോപിടാക്കീസിൽ
ചെറുകുളത്തൂർ ശാമ, വിദ്വാൻ ശ്രീനിവാസൻ, മോഹനാംബാൾ, വി. എം. ചെല്ലപ്പ, ജാളി കിട്ടുഅയ്യർ, അഭിനയിച്ച
**ഗരുഡഗർവ്വഭംഗം**

ചവറ ബേബിടാക്കീസിൽ
ഹൊന്നപ്പാഭാഗവതർ, യു. ആർ. ജീവരത്നം, ററി. ആർ. രാമചന്ദ്രൻ മുതലായവർ അഭിനയിച്ച
**"ദേവകന്യ"**
എന്ന ചിത്രം.

കൊല്ലം ലക്ഷ്മിടാക്കീസിൽ
മഹത്തായ രണ്ടാംവാരം
ററി. ആർ. രാജകുമാരി, വസന്തകോകിലം, ടി. എസ്. ബാലയ്യാ, ഹൊന്നപ്പാഭാഗവതർ, കാളി എൻ. രത്നം മുതലായവർ അഭിനയിച്ച
**— വാല്മീകി —**

ഹരിപ്പാട്ട് ജയലക്ഷ്മി ടാക്കീസിൽ
ററി. ആർ. രാജകുമാരി. വസന്തകോകിലം, ഹൊന്നപ്പാഭാഗവതർ, ററി. എസ്സ്. ബാലയ്യാ മുതലായവർ.
അഭിനയിച്ച
**വാല്മീകി**
കാണികൾനിറഞ്ഞ രണ്ടാംവാരം
1946-ലെ അത്യുത്തമ പുരാണചിത്രം

ഗ്രന്ഥവിഹാരം

# കാമതത്വം

—o—

ഗ്രന്ഥകർത്താ,
പി ജി നായർ
പ്രകാശകൻ
പി. കൊച്ചുകൃഷ്ണപിള്ള
ശ്രീവിലാസം ബുക്കുഡിപ്പോ, ആലപ്പുഴ
വില രൂ. ൧

പുരുഷാർത്ഥങ്ങളിൽ മോക്ഷത്തോടു വളരെ അടുത്തുനില്ക്കുന്നതും, അഷ്ടാദശവിധങ്ങളായ ആനന്ദങ്ങളിൽ ബ്രഹ്മാനന്ദത്തിനോടു സമസ്കന്ധത വഹിക്കുന്നതുമായ, കാമത്തിൻെറ ശാസ്ത്രീയപ്രതിപാദനം മലയാളത്തിലെ സന്മാർഗ്ഗവ്രതധരന്മാരിൽ 'തങ്കത്തീപ്പെട്ടിയോ വീണപോലെയുള്ള ഒരു തട്ടിപ്പിടിച്ചിൽ' ഉളവാക്കുമെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ഹാവലോക്ക് എല്ലീസ്സിൻെറ സ്റ്റഡീസ് ഇൻ ദി സൈക്കോളജി അഫ് സെക്സും, ആഗസ്റ്റ് ഫോറൽ എന്ന ഫ്രഞ്ചുകാരൻെറ ദി സെക്ഷ്വൽ ക്വസ്റ്റ്യനും, ഐവാൻബ്ലോ എന്ന ജർമ്മൻകാരൻെറ ദി സെക്ഷ്വൽ ലൈഫ് അഫ് ഔവർ ടൈംസും ഇന്നത്തെ പരിഷ്കൃതസാഹിത്യങ്ങളിൽ കാമശാസ്ത്രത്തിൻെറ നില എന്തെന്നു വിളിച്ചറിയിച്ചുകൊണ്ടു ഇരിക്കുന്നു. പ്രാചീനഭാരതീയവിജ്ഞാനഭണ്ഡാഗാരമായ സംസ്കൃതസാഹിത്യത്തിലേക്കു കടന്നാൽ എത്ര വൈപുല്യമേറിയ കാമശാസ്ത്രഗ്രന്ഥപ്രപഞ്ചം ഇന്നും അവശേഷിച്ചുകിടക്കുന്നതെന്നു കാണുവാൻ വലിയ അന്വേഷണമൊന്നും നടത്തേണ്ടതായില്ല. സംസ്കൃതസാഹിത്യത്തെപ്പോലെതന്നെ പ്രാചീനവിജ്ഞാനസമ്പത്തുള്ള തമിഴിലും ഭോഗർ എന്ന ദിവ്യൻ കാമശാസ്ത്രചർച്ച കുലംകഷമായി ചെയ്തുവച്ചിട്ടുണ്ട്. മലയാളത്തിലാണെങ്കിൽ മുൻപുപറഞ്ഞപോലെ കാമശാസ്ത്രം പരസ്യമായി കൈകൊണ്ടു തൊട്ടന്നതിൽ എന്തോ ഒരു 'കിക്കിളി' ഉണ്ടായിപ്പോകുന്നപോലെയാണു പലരും അനുഭവപ്പെട്ടു കാണുന്നത്. കൊക്കോകശാസ്ത്രം എന്ന പേരിൽ ഒരു പ്രാചീന അച്ചടിക്കോപ്പി അത്യുത്തരഹസ്യമായി ചിലർ സൂക്ഷിക്കുന്നുണ്ട്. പെരുനെല്ലി കൃഷ്ണൻവൈദ്യരുടെ കൊക്കോകതർജ്ജമ അച്ചടിയിൽ വന്നിട്ടുണ്ടോ എന്നറിയുന്നില്ല, ചില ശ്ലോകങ്ങൾ കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. നാലപ്പാടൻെറ രതിസാമ്രാജ്യം, കാമകലാസമ്പൂർണ്ണമല്ലെങ്കിലും ഒരു ശാസ്ത്രീയസ്വഭാവം തികച്ചും അതിനുണ്ട്.

കാമശാസ്ത്രം എന്ന പേരിനു ഒരു മാനസികവിപ്ലവം സൃഷ്ടിക്കാൻ കഴിയുമെന്നു ഇന്നത്തെ പ്രസിദ്ധീകരണശാലക്കാർക്കെല്ലാം അറിയാം. രസികന്മാർക്കു നുണയ്ക്കാനുള്ള ചില രസഗുണ്ടുകൾ, അതിൽ മേമ്പൊടിചേർത്താൽ ധനതൃഷ്ണ ശമിപ്പിക്കുവാൻ പോന്ന ഒരു സമ്പ്രദായമാണെന്നും അവർ ധരിച്ചിട്ടുണ്ട്.

അശ്ലീലപ്രായവും അസന്മാർഗ്ഗികവുമായ വിവരണങ്ങളും വിചാരണകളുംകൊണ്ട് അത്തരം ഗ്രന്ഥങ്ങളിൽ പലതും വീടുകളിൽ സൂക്ഷിക്കാൻ പാടില്ലാത്ത ഒരു നിലയിലായിപ്പോയിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. കാമശാസ്ത്രം ഏതാദൃശമായ ദുർലാളിതമനസ്ഥിതിയെ വളർത്തുന്നതാണെന്നു ഞാൻ ഉള്ളതിൽ സംശയിക്കുന്നുണ്ട്. 'സുന്ദരീ സംയോഗസൗഖ്യമറിയുവാൻ മന്ദനാം ശാസ്ത്രംവേണോ' എന്നു മലയാളത്തിൽ ഒരു പ്രസിദ്ധസന്യാസിസ്വാമിയുടെ പ്രശ്നവും സ്വകാന്തരമണോപായേ കോഗുർത്തോ ഗവേക്ഷണം എന്നു വേറൊരു പൂർവപക്ഷവും കാമശാസ്ത്രത്തിൻെറ നേക്കു പ്രയോഗിച്ചുകണ്ടിട്ടുണ്ട്. കാമശാസ്ത്രം കേവലം മാംസളമായി ദർശിക്കുന്ന വീക്ഷണകോണത്തിൽ നിന്നുണ്ടാകുന്ന നീട്ടുകളെന്നേ ഇതിനർത്ഥമുള്ളു. മോട്ടായിതം, കുട്ടിമിതം കിളികിഞ്ചിതം തുടങ്ങിയ സാഹിത്യലോകപ്രസിദ്ധമായ സാങ്കേതികപദങ്ങളുടെ സ്വാരസ്യഗ്രഹണം സിദ്ധിക്കണമെങ്കിൽ, സഞ്ചാരിഭാവങ്ങളുടെ സാത്വികപ്രകൃതി സംസിദ്ധമാകണമെങ്കിൽ, കാകിലം ഔപരിഷ്ടകം തുടങ്ങിയ വിഭ്രമസ്നേഹഭോഗങ്ങൾ രോഗോല്പത്തി കാരണമായിത്തീരുന്ന ആയുർവേദീയരോഗനിദാനപ്രതിബോധത്തിനാണെങ്കിൽ, ആയുർവേദീയമായ പ്രകൃതിവിജ്ഞാന സമ്പൂർണ്ണതയ്ക്കാണെങ്കിൽ,

ദൃക്സംസ്ഥാവസിത സിതൗ
പരസ്പരാംശേ
ശൗക്രേ വാ യദി ഘടരാശി
സംഭവാംശേ
സ്ത്രീഭിഃ സ്ത്രീ ദന വിഷം
നലംപ്രദീപ്തം
സംശാന്തിം നയ ന്നരം
കൃതിസ്ഥിതാഭിഃ

എന്നു തുടങ്ങുന്ന ഹോരാതന്ത്രത്തിലെ പല രഹസ്യപ്രയോഗങ്ങളുടെയും ലക്ഷ്യലക്ഷണം കരതലാമലകമാണെങ്കിൽ കാമശാസ്ത്രനൈപുണ്യം കൂടാതെ കഴികയില്ല. ശാസ്ത്രങ്ങളുടെ പരസ്പരാപേക്ഷ അത്രമാത്രമുണ്ട്. കാമത്തെ ഒരിക്കലും ആചാര്യന്മാർ അസന്മാർഗ്ഗികനിലയിൽ ദർശിച്ചവരായിരുന്നില്ല. ഭാരതത്തിലാണെങ്കിൽ അവ ഋഷിപ്രോക്തങ്ങളായിത്തന്നെ വാഴ്ത്തപ്പെടുന്നു. ഇബ്രഹാംലോദിയുടെ സമകാലീനനായിരുന്ന കല്യാണമല്ലൻതന്നെ, ശ്രീമാൻ മഹാകവിരശേഷകലാവിദഗ്ദ്ധഃ കല്യാണമല്ല ഇതിഭൂമിമുനിരായശസ്വി. എന്നു സ്വയം പരിചയപ്പെടുത്തിക്കൊണ്ടാണ് കാമശാസ്ത്രനിർമ്മാണം സാധിക്കുന്നത്.

ശ്രോത്രത്വക് ചക്ഷുർജിഹ്വാ ഘ്രാണാനാമാത്മസംയുക്തേന സ്വേഷുസ്വേഷു മനസാധിഷ്ഠിതാനാം സ്വസ്വപ്രവൃത്തീനാം കാമഃ എന്ന കാമത്തിൻെറ സൂത്രവ്യവഹാരപ്രസിദ്ധമായ ഭാവാർത്ഥനിർവ്വചനത്തോടുകൂടി ഈ ശാസ്ത്രത്തെ അഭ്യസിക്കുകയാണെങ്കിൽ ദാമ്പത്യജീവിതത്തിൽ ഐദംപര്യേണ സംക്രമിച്ചുകൊണ്ടിരിക്കുന്ന അസംബന്ധസംഭവങ്ങളിൽ പലതും ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടതായിരുന്നു. ശാസ്ത്രീയസംസിദ്ധമായവിധം പൊരുത്തപ്പെടുന്ന ദാമ്പത്യം ഒരാളിൻെറ ശാശ്വതവിയോഗത്തിൽ ഇതരം ഉടന്തടിചാട്ടംകൊണ്ടോ മറോ കഥാവിശേഷയാകയല്ലാതെ ജീവിതാശയിൽപെട്ടുമെന്നു തോന്നുന്നില്ല. അത്രമാത്രം ആത്മൈക്യസിദ്ധിവരുത്താൻ കാമശാസ്ത്രപ്രബോധത്തിനു കഴിയും.

സംസ്കൃതസാഹിത്യത്തിലാണെങ്കിൽ കാമശാസ്ത്രങ്ങൾ പദഘടനാസൗകുമാര്യംകൊണ്ടു ഒന്നാംതരം കാവ്യരത്നങ്ങളായിട്ടാണ് കാണപ്പെടുന്നത്. പ്രക്രമഭംഗം വരാതെ 'സീമന്താക്ഷധരേ' എന്നു തുടങ്ങി 'മാതംഗലീലായിത'മായി അവസാനിക്കുന്ന ആ പ്രസിദ്ധപദ്യംതന്നെ നോക്കുക. അതുപോലെ പല ലീലാചിത്രങ്ങൾ ഏതൊരു ചിത്രകാരനും ശ്രമസാദ്ധ്യമായ കേളീഭേദങ്ങൾ എത്ര തന്മയത്വമായവിധമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നുള്ളതിനു ഉദാഹരണം വദ്ധിപ്പിക്കാം.

വ്യാനതം രതമിദം തദാപ്രിയം
സ്യാദധോമുഖ ചതുഷ്പദാകൃത.
തൽകടിം സമധിരുഹ്യവല്ലഭാ
സ്യാദപൃഷാദിപശുസംസ്ഥിതസ്ഥിതി.

ഇതൊന്നുമാത്രം. ഇത്തരം ഒരു ചിത്രശിലതന്നെയാണവ.

എന്നാൽ പ്രസ്തുതമായ കാമതത്വം ആ വിധത്തിൽ സമഗ്രമല്ല. വെറും ലക്ഷണശാസ്ത്രത്തെ ഉപജീവിക്കമാത്രമാണ് അതു ചെയ്യുന്നത്. എഴുപത്തൊന്നോളം ഉപാധികൾ ഇതു സ്വീകരിച്ചുകാണുന്നുണ്ട്. കഴിയുന്നിടത്തോളം അശ്ലീലസമ്പർക്കം ഒഴിച്ചുവയ്ക്കാനും ഗ്രന്ഥകർത്താവു നോക്കിയിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ പല കാവ്യശകലങ്ങളും സമുദ്ധരിച്ചു രസസ്ഫുരത്തിക്കുള്ള ശ്രമവും നടത്തിവച്ചിട്ടുണ്ട്. സാമാന്യരുടെ കടാക്ഷാനുഗ്രഹപ്രതീക്ഷയ്ക്കുവേണ്ടി പച്ചഇടീലും പൊടിക്കൈകളും മറനീക്കലും ഒക്കെ നടത്തി ചില വികൃതഗോഷ്ഠികൾകൂടി കാണിച്ചു മററുള്ളവരുടെ നെററിചുളിപ്പിക്കുവാനും ഗ്രന്ഥകർത്താവു സന്നദ്ധത പ്രദർശിപ്പിക്കുന്നു. വായനക്കാരുടെ അഭിരുചിക്കുവേണ്ടി ചെയ്തുപോയതായ വ്യതിചലനങ്ങളാണിവയെന്നു സമാധാനിക്കാം.

സി എം. പി.

# സ്വപ്നാവസ്ഥ

ആർ. രാമവർമ്മ തമ്പുരാൻ ബി. ഏ. (ആണേഴ്സ്)

മനുഷ്യൻെറ ബുദ്ധിവ്യാപാരത്തിനും അപ്പുറം നില്ക്കുന്ന ചില വസ്തുതകളുണ്ട്. അങ്ങിനെയുള്ള കാര്യങ്ങളെപ്പററി പലരും പലവിധത്തിൽ അഭിപ്രായം പുറപ്പെടുവിക്കുന്നതു സ്വാഭാവികമാണ്. ഒരുവൻെറ കാര്യകാരണസഹിതം ചിന്തിക്കാനുള്ള കഴിവനുസരിച്ച് അത്തരത്തിലുള്ള പണ്ഡിതാഭിപ്രായങ്ങൾ സ്വീകരിക്കയോ തള്ളുകയോ ചെയ്യുന്നതും സാധാരണമാണ്. അതിനാൽ സ്വപ്നത്തെപ്പററിയുള്ള ഏതു വിദഗ്ദ്ധാഭിപ്രായവും സ്വീകാര്യമോ അസ്വീകാര്യമോ ആകുന്നെങ്കിൽ അതിശയത്തിനവകാശമില്ല.

സ്വപ്നം നമുക്കു നിത്യമെന്നപോലെ ഉണ്ടാകുന്ന ഒരനുഭവമാണെങ്കിലും ഏതൊരു അടിസ്ഥാനതത്വത്തിലാണതു പ്രവർത്തിക്കുന്നതെന്നു നാം പലപ്പോഴും ആലോചിക്കാറില്ല. സ്വപ്നം മനസ്സിൻെറ പ്രവർത്തനമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. ഏററവും ഗഹനവും അഗാധവുമായ ഒരു വിഷയമായതിനെ നാം ഗണിക്കാറുണ്ടെങ്കിലും, അതിൻെറ പ്രവർത്തനത്തിനു ആധാരമായ തത്വം ഒരു മഹാപ്രശ്നമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കതിനെ നിർവ്വചിക്കുവാൻ കഴിയുമെന്നുള്ളതു പരമാർത്ഥമാണ്.

ഒരു കൂടപ്പിറപ്പെന്നോണം ചിന്ത മനുഷ്യനെ സദാപി തുടരുന്നുണ്ട്. അവനു വികാരങ്ങൾ അനുനിമിഷം ഉണ്ടാകാറുണ്ട്. പലതരം വിക്രിയകളുടെ ഒരു നടനരംഗമാണ് മനസ്സ്. അവിടെ പലതും ഉദയം ചെയ്യുകയും വിലയം പ്രാപിക്കുകയും ചെയ്യുന്നു. മനസ്സിലുദിക്കുന്ന ചിന്തകൾ യഥാർത്ഥങ്ങളോ അയഥാർത്ഥങ്ങളോ എന്നു ചിന്തിക്കുന്നതു രസാവഹമാണ്. ചിന്തയ്ക്കുള്ള മൂലകാരണം എന്താണ്? നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ അറിവുകളും അനുഭവങ്ങളുംതന്നെയാണ് നമ്മുടെ ചിന്തകൾക്കു സ്ഥായിയായ കാരണങ്ങൾ. അനുഭവങ്ങളിൽനിന്നും മനസ്സ് വിവിധങ്ങളായ സംസ്കാരങ്ങൾ ശേഖരിക്കുന്നു. നമ്മുടെ അറിവിൽപ്പെടുന്ന വസ്തുക്കൾ നമുക്കു പ്രദാനം ചെയ്യുന്ന സംസ്കാരങ്ങളുടെ ആകെത്തുകയാണ് നമ്മുടെ ചിന്തകൾ. അതുകൊണ്ടാണ് അറിവിൽപ്പെടാത്ത ഒന്നിനെപ്പററിയും ചിന്തിക്കാൻ നമുക്കു ശക്തിയില്ലാതായിത്തീരുന്നത്.

സംസ്കാരജന്യമാണ് ചിന്തയെങ്കിൽ ചിന്ത മനസ്സിൻെറ പ്രവർത്തനവുമാണെങ്കിൽ സ്വപ്നവും ചിന്തയിലടങ്ങുന്നു. സ്വപ്നത്തിനും ആദികാരണം സംസ്കാരം തന്നെയെന്നു സിദ്ധമാകുന്നു. അപ്പോൾ ചിന്തയുടെ ഉത്ഭവം അയഥാർത്ഥ്യത്തിൽ നിന്നുമല്ല, പ്രത്യുത യാഥാർത്ഥ്യത്തിൽനിന്നുമാണെന്നു തെളിയുന്നു. ഒരു ചിത്രം കണ്ടാൽ പിന്നീട് എപ്പോൾ വേണമെങ്കിലും അതുപോലെയുള്ള ചിത്രങ്ങൾ എത്ര വേണമെങ്കിലും ഏതുവലിപ്പത്തിൽ വേണമെങ്കിലും മനസ്സിൽ വരയ്ക്കാൻ നമുക്കാക്കും കഴിയുന്നതാണ്. അപ്രകാരം ചിന്തയിൽ രചിക്കുന്ന ചിത്രങ്ങൾക്കു യാതൊരു യാഥാർത്ഥ്യവുമില്ലെന്നു വാദിക്കുന്നതു യുക്തിയുക്തമല്ല. ഒരു വസ്തുവിനെക്കുറിച്ച് തെററോ ശരിയോ ആയ അറിവ് ഒരുവനുണ്ടായെന്നുവരാം. ഉദാഹരണമായി വേദാന്തികളുടെ രജ്ജുസർപ്പഭ്രാന്തിതന്നെ എടുക്കാം. രാത്രിയിൽ നിലത്തുകിടക്കുന്ന ഒരു കയർകണ്ടിട്ട് ചിലപ്പോൾ പാമ്പാണെന്നു നാം ധരിക്കാറുണ്ട്. ആ അവസരത്തിൽ കയറിനെപ്പററി പാമ്പെന്നു മനസ്സിലാകുന്ന ബോധം ശരിയല്ല. കാരണം അതു പാമ്പല്ലെന്നുള്ളതാണ്. എന്നാൽ പാമ്പിനെ മുമ്പും കണ്ടറിഞ്ഞിട്ടുള്ളതുമൂലം പാമ്പിനെപ്പററിയുള്ള ഒരു യഥാർത്ഥമായ സംസ്കാരം അയാളിൽ കുടികൊള്ളുന്നുണ്ട്. ആ സംസ്കാരം അപ്പോൾ പ്രവർത്തിക്കുന്നതുകൊണ്ടാണ് പാമ്പെന്നുള്ള അയഥാർത്ഥജ്ഞാനം ഉത്ഭൂതമാകുന്നത്. കയറിനെ കയറെന്നു ധരിക്കാനുള്ള ആദ്യത്തെ സംസ്കാരം മററുപാധികളാൽ തടയപ്പെടുകയും ചെയ്യുന്നു. അതിനാൽ ഏതു ചിന്തയും ഏതറിവും യഥാർത്ഥമായ സംസ്കാരത്തിൽനിന്നുമാണ് ജന്മമെടുക്കുന്നതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ചിന്തകൂടാതെ മനുഷ്യൻ ജീവിക്കുന്നില്ല. അനുസ്യൂതമായി ചിന്താപരമ്പരകൾ മനസ്സിൽക്കൂടി കടന്നുപോകുന്നു. ഈ ചിന്തകളെല്ലാം നമ്മുടെ നിത്യാനുഭവങ്ങളുടെ ശരിപ്പകർപ്പുകളുമാണ്. നമ്മുടെ അറിവിൽപ്പെടാത്ത യാതൊന്നിനെപ്പററിയും മനസ്സു നമുക്കു ഒരു ബോധവും നൽകുന്നില്ല.

ജാഗ്രത്തിൽ നമുക്കു ചിന്തിക്കുവാൻ സാധിക്കുന്നതുപോലെ പരിപൂർണ്ണസുഷുപ്തിയിൽ ചിന്തിക്കുവാൻ സാധിക്കുന്നില്ല. യാതൊന്നുമറിയാതെ ഉറങ്ങുന്നു എന്നു നാം വിചാരിക്കുന്ന ഒരവസ്ഥയാണല്ലോ സുഷുപ്തി എന്നു പറയുന്നത്. സുഷുപ്ത്യവസ്ഥയിൽ വാർത്താഗ്രഹണകേന്ദ്രങ്ങളായ മസ്തിഷ്കത്തിലെ സൂക്ഷ്മനാഡികൾ പരി

(ശേഷം ഏഴാംപേജിൽ)

# ബാലകേരളം

—:*:—

(പ്രതിപക്ഷപത്രിക)

കൊല്ലത്തുനിന്നും പുറപ്പെട്ടുവിച്ചുകൊണ്ടിരുന്ന ബാലകേരളം പത്രാധിപചതുരംഗബലത്തോടുകൂടി പുറപ്പാടുകൂട്ടുന്ന വിവരം ഇതിനകം പ്രസിദ്ധമായിട്ടുണ്ടല്ലോ. ആ പുനരുജ്ജീവനം സാധിച്ചുകഴിഞ്ഞു. 'താന്തചേതനകൾക്കും നൊമ്പരപ്പെടുന്ന ഹൃദയങ്ങൾക്കും തളർന്ന കൺപോളകൾക്കും ഒരാശാസന്ദേശവുമായി' അതു എത്തിക്കഴിഞ്ഞുവെന്നുള്ള പ്രസ്താവനാതിലകം അതു ചാർത്തിത്തിളങ്ങുന്നു. കേരളത്തിലെ വിദ്യാർത്ഥിലോകത്തിനെ അഭിമുഖീകരിക്കുന്ന അതിൻെറ ഭൂതകാലജീവിതത്തിൽനിന്നു ഈ സന്ദേശം വ്യക്തമാക്കുന്ന ആദർശവ്യതിചലനവും ഉൾക്കൊള്ളുന്നആശയപ്രകാശവും "ഒരു പ്രത്യേകപരിഗണനയെ അർഹിക്കുന്നില്ല എന്നു പ്രഖ്യാപനം ചെയ്യുന്നു. വിദ്യാർത്ഥിപക്ഷത്തിൽ കഥകൾക്കു പ്രാധാന്യം നൽകുന്നില്ലെ എന്നു ചോദിച്ചാൽ, മേപ്പസ്സാങ്ങും, കേശവദേവുംമററുമാണു ഇതിൽ പ്രത്യക്ഷപ്പെടുന്ന കഥാകൃത്തുകൾ...

ഇതിൽനിന്നു വിദ്യാർത്ഥികളേക്കാൾ സഹൃദയലോകത്തിൻെറ സ്വാഗതമാണു ബാലകേരളം ആകാംക്ഷിക്കുന്നതെന്നും ആ ഉദ്ദേശം അഭിനന്ദനാർഹമാക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും സമ്പുടാസൂത്രം സാക്ഷ്യം വഹിക്കുന്നു. വിമർശവീഥിയിൽ ജൂലിയനെയാണ് അവരോധിക്കുന്നത്. പ്രത്യക്ഷദോഷവർജ്ജനവും പ്രതിപക്ഷബഹുമാനവും ആ തൂലികാചിത്രകാരനിൽ വീരളമാണെന്നു വെളിവാക്കുന്ന ബാലകേരളവിമർശകൻ (കയ്യൂക്കും കഴിവുമുള്ള ഈഴവസമുദായം എന്നവിശേഷിപ്പിക്കൽകൊണ്ടു നടത്തുന്ന ഭീഷണിപ്പെടുത്തൽ ഒരു മന്ദഹാസത്തിനു വകതരുന്നുണ്ട്. ശ്രീനാരായണഗുരുദേവരുടെ ആചാര്യനാണു ചട്ടമ്പിസ്വാമികൾ എന്ന വാദം മി: ദാമോദരൻപിള്ള വായി ഉന്നയിച്ചിട്ടുള്ളതല്ല. 'ഇതു ഈഴവൻെറമേൽ നായർക്കുള്ള മേന്മ എന്ന മിഥ്യാബോധത്തെ' സ്ഥാപിക്കാനുള്ള ശ്രമമെന്നു കണ്ടുപിടിച്ചതു ബാലകേരളംതന്നെയാണ്. അതിൻെറ മുഴുവൻ മാർക്കും ആ വിമർശകവീരനുതന്നെയായിരിക്കയും വേണം. ശ്രീ നാരായണഗുരുദേവൻെറ ഗുരുനാഥന്മാരുടെ കൂട്ടത്തിൽ കുമ്മമ്പള്ളി രാമൻപിള്ളആശാൻെറ പേർ അസന്ദിഗ്ദ്ധമായിക്കാണുന്നതിനു ഈ വിമർശകൻ എന്തു പറയുമോ ആവോ? മൗലികതത്വം പ്രസംഗിക്കുകയും അടുത്തശ്വാസത്തിൽ നിലംപതിക്കുകയും വീണ്ടുംഉയർത്തെഴുന്നേല്ക്കുകയും ഒരേപംക്തിയിൽ കാണിച്ചുതുടങ്ങിയാൽ അതിലൊരു 'നേരംപോക്കുണ്ട്.'

വിവിധവിഷയങ്ങളെസംബന്ധിച്ച, വിജ്ഞേയമായ ഉപന്യാസങ്ങളും ചെറുകഥകളും കവിതകളുംകൊണ്ടു അലംകൃതമായ ഈ പുനഃപ്രവേശനത്തിൽ ശോഭനമായ ഭാവി ആശംസിക്കയാണു ചെയ്യുന്നത്.

സി. എം. പി.

—o—

സുഖഗതിയായ ഒരു ഗീതമായിരിക്കും. മന്ദാക്രാന്തയാണ് വികല-മിശ്രഗതിക്കു ശരിയായ ഉദാഹരണം.

മന്ദാക്രാന്താ (ഗ്വാ)

മ-ഭ-ന-ത-ത-ഗ-ഗ.

കാലിക്കൂട്ടം കലിതകുതുകം കാത്തകണ്ണന്നഭക്ത്യാ. ഈ വരി ഒരു താളഗതിയിലും വഴക്കാവുന്നതല്ല. എന്നാൽ 'കലിതകുതുകംകാത്തകണ്ണന്നഭക്ത്യാ' എന്ന അംശം സ്ഫുടമായ മിശ്രഗതിയാകുന്നു. അതിനു മൂന്നു മഹാമാത്രകളേയുള്ളൂ. തികയ്ക്കുവാൻ ഒരു മഹാമാത്രകൂടി ആവശ്യമാകയാൽ ശേഷിച്ച അംശമായ 'കാലിക്കൂട്ടം' ആണ് നാലാമത്തെമഹാമാത്രയെന്നൊരു വിചാരം സ്വഭാവേനതന്നെ ഉണ്ടാകുന്നതാണ്. പക്ഷേ 'കാലിക്കൂട്ടത്തിന്' എട്ടു മാത്രയുണ്ട്. വിജാതീയമായ ആ രൂപത്തിന്റെ ഒരു മാത്രകുറച്ച് 'കാലിവൃന്ദം' എന്നാക്കിയാൽ ആകെക്കൂടി.

കാലിവൃന്ദം കലിതകുതുകം
കാത്തകണ്ണന്നഭക്ത്യാ

എന്ന് ഭംഗിയായ ഒരു മിശ്രഗതിഗീതമാകുന്നതാണ്.

കഥകളിപ്പാട്ടുകൾ.

(ഫ) കൌരവേന്ദ്രന-മോസ്ത്തേനുപ-
തേ,,,കര-വാമകിംവദ-
കൈരവപ്രിയ-കുലമണേ സുമ-
തേ................... ,

ഉത്തരാസ്വയംവരം.

(വ) പ്രീതിനിന്നിലി-നിക്കനാഹിഗത-
നീതിയാംതവ പതിയിൽനി-
ന്നൊരു-
ഭീതിതെല്ലുമ-തില്ലനിന്നുടെ-
താതനാംതൊ-നല്ലസംപ്രതി.

ദക്ഷയാഗം.

(ന) യാഹിയാഹിനി-ശാചരാധമ
സാഹസാംഗുട-നായ കനീ
ദേഹികാൾക്കു-ദാസദാസ്സ-
ദേഹദാഹക-മന്ദിരം.

രാവണവിജയം.

(ർ) വൈരിവാരമ-തീവതവഭുജ-
ഗൌരവാൽഭയ-മോട്ടഗിരിതട-
ഭൈരവാടവി-യതിലുമധുനാ
സൈ്വരവാസം ചെയ്യ്തില്ലിഹ.

ഉത്തരാസ്വയംവരം.

ചതുരശ്രഗതി.

നാലുമാത്രകളുള്ള ചതുരശ്രജാതിക്കു വരാവുന്ന അഞ്ചു രൂപങ്ങൾമാത്രം വൃത്തങ്ങളിലെ അഞ്ചു ഗണങ്ങൾതന്നെ ആകുന്നു, അവ താഴെ ചേർക്കുന്നു.

(ക) സർവ്വഗുരു ,, പാലം
(ച) ആദിഗുരു ,, പാതിരി
(ട) മദ്ധ്യഗുരു ,, പരാതി
(ത) അന്തഗുരു ,, പതനം
(പ) സർവ്വലഘു ,, പലവക. ഇവയിൽ ആദിഗുരു വർണ്ണവൃത്തങ്ങളിലേ ഭഗണവും മദ്ധ്യഗുരു ജഗണവും അന്തഗുരു സഗണവും ആകുന്നു. ഉദാഹരിച്ചരൂപങ്ങൾക്കു പുറമേ ഭിന്നഗുരുകങ്ങളായി
(ഗ) ആദിലഘു =, പലം
(ജ) അന്തലഘു =, പാല
(ഡ) സർവ്വലഘു =, പലക എന്ന് മൂന്നു രൂപങ്ങൾകൂടി വരാവുന്നതാണ്.

ഏകരൂപങ്ങൾ.

സർവ്വഗുരു.

(ഫ്വ) വിദ്യുന്മാലാ (ഫാ) മ-മ-ഗ-ഗ-
വിദ്യുന്മാലാ സൌന്ദര്യത്തിൽ

ആദിഗുരു.

(ഫർ) ദോധകം (ന്ദാ)-ഭ-ഭ-ഭ-ഗ-ഗ-
ദൈവഗതിപ്പൃഥ വാഭവ നേസ്സിൻ
ഒട്ടവിൽ സർവ്വഗുരുരൂപമാകുന്നു.

(വ0) അശ്വഗതി (ഫ്രഫ)ഭ-ഭ-ഭ-ഭ-ഭ-ഗ
പത്മജ വല്ലഭ തന്നുടെ തൃപ്പദ പത്മമിതാ

മദ്ധ്യഗുരു

(വഫ) മൌക്തിക ദാമ (വ്വൻ)-:
ജ-ജ ജ-ജ.

വനാമുരളീനി നദാതി മനോജ്ഞ

അന്തഗുരു

(വവ) തോടകം (വ്വ) സ-സ-സ-സ
വെളിവായ് ഹൃദയം തവകും ഭുകമേ.

സർവ്വലഘു

(വന) ശശികല(ഫഠർ)-ന-ന-ന-ന-സ
മലയജ രുചികസ മുദിതശശികലം

കഥകളിപ്പാട്ടുകൾ

(ഫ) ആദര-ണീയമ-ശേഷമ-ഹോദവ
ഭൂതദ-യാവസ—തേ—"

നളചരിതം ഒന്നാംദിവസം

(വ) സജലം-സശിലാ-തടിനീ-ജനനീ

നളചരിതംമൂന്നാംദിവസം

നാനാരൂപകങ്ങൾ

ഒന്നിലധികം രൂപങ്ങൾ വരുന്ന അനേകം വൃത്തങ്ങളാണ് ചതുരശ്രഗതിയിലുള്ളത്. അവയിൽ മൂന്നുമുതൽ ഒൻപതുവരെ മഹാമാത്രകളും കാണുന്നുണ്ട്. അതുകൊണ്ടു വൃത്തങ്ങളെ മഹാമാത്രകളുടെ എണ്ണത്തിന്റെ ക്രമംപോലെ വകതിരിച്ച് ഉദാഹരിക്കുന്നതാണ്. ഇവിടെ സൌകര്യം. ചതുരശ്രരൂപങ്ങളുടെ ഭേദങ്ങൾ ഉദാഹരിച്ചിടത്തു ഓരോരൂപത്തിന്റേയും മുമ്പിൽ ചേർത്തിരിക്കുന്ന ക, ച, ട, ത, പ, ഗ, ജ, ഡ എന്നീ അക്ഷരങ്ങളെ വൃത്തങ്ങളിൽ വരുന്ന അതതു രൂപങ്ങളുടെ മുകളിൽ ചേർക്കുന്നതാണ്. ഒരേമാത്രാസംഖ്യയുള്ള പല വൃത്തങ്ങളുടെ ഘടനാഭേദം ഒരുനോട്ടത്തിൽ അറിയുന്നതിന് ഇതു സഹായകമായിരിക്കും.

മൂന്നു മഹാമാത്രകൾ

(വർ) ചിത്രപദ (ഫ്വ)-ഭ-ഭ-ഗ-ഗ
ച ച ക
ചീത്തൊരു ചിത്രപദാത്ഥം

(വഠ) മാണവകം ഫർ) ഭ-ത-ല-ഗ
ച ക ത
വാണിഭ വൽപാദയുഗേ

(വന്ദ) കബരി (വന) ത-ജ-ല-ഗ
ക ത ത
കാർകൊണ്ടൽതൊഴും കബരി

(വ൬) ശിശുഭൃത (ർന)-ന-ന-മ
പ ത ക
മുരരിപു ലലിതേ നാഗേ

തരിതഗതി (ന-ജ-ന-ഗ)എന്നവൃത്തവും മൂന്നു മഹാമാത്രയിൽപെടുന്നതാകുന്നു. ഇതു വൃത്തമഞ്ജരിയിൽ കാണുന്നില്ല.

മൂന്നു മഹാമാത്രകൾ ഉള്ള ചതുരശ്രഗതി വൃത്തങ്ങൾ എല്ലാം പാടേണ്ടതു രൂപകതാളത്തിലാണ്.

നാലു മഹാമാത്രകൾ

(വവ്വ) സുമുഖി (ർഠ) സ-സ-ജ-ഗ
ത ത ട
സരസീരുഹമ ക്ഷമാലികാ

(വൻ) ചമ്പകമാലാ (ർന്ദ) ഭ-മ-സ-ഗ
ച ക ച ക
ചമ്പക മാലാ ചുംബിക പാലാ

(നാ0) സ്വാഗത (ഠ൬)-ര-ന-ഭ-ഗ-ഗ-
ച ഡ ച ക
കാമപാലപത്തു പാലസമേതൻ

രണ്ടാമത്തെ മഹാമാത്രയിൽ ഭിന്നഗുരുകമാകുന്നു.

(തുടരും)

—o—

GOVERNMENT OF INDIA

DISPOSALS

(SECTION TNA OF 2nd CATALOGUE)

Last date for receipt of tenders is 11th February, 1947.

*Following types of stores are available for sale:*

*Aircraft Parts and Stores, Aero Engines and Spares:* Undercarriages and parts (excluding tyres and tubes); Undercarriage Tyres and Tubes; Other Aircraft equipment (excluding instruments—heaters, cleaners, radiators, etc.); Aircraft stores—*Specification parts and Hardware;* Aircraft materials—*Fabric;* Aircraft Engine spares (recorded by engine name).

*Aircraft Instruments—Airborne:* Compasses; Indicators, air speed engine speed; Thermometers; Gauges—oil, petrol, air; Automatic Pilots; Other Aircraft instruments.

*Airfield Equipment:* Jacks and Lifting gear; Maintenance equipment; Other Airfield stores and equipment.

Full details giving description and condition of stores, quantity, location, etc. and the method of tendering are contained in Section TNA of the Second Catalogue which is available at Re. 1/- on or about 12th January, 1947, from the addresses given below:

**A. Regional Commissioner (Disposals) at**

BOMBAY- Mercantile Chambers, Graham Road, Ballard Estate.

CALCUTTA - 6, Esplanade East.

LAHORE - G. P. O. Square, The Mall.

CAWNPORE-15/159, Civil Lines.

**B. Dy. Regional Commissioner (Disposals) at**

KARACHI - Variewa Building, McLeod Road.

MADRAS - United India Life Building, Esplanade.

**C. All important Chambers of Commerce and Trade Associations.**

*Mail orders for the catalogue must be accompanied by Money Order or Indian Postal Order.*

**NOTE:** Watch for further announcement regarding Section TNA of Third Catalogue which will contain a further list of stores available for disposal.

ISSUED BY THE DIRECTORATE GENERAL OF DISPOSALS, DEPARTMENT OF INDUSTRIES & SUPPLIES, NEW DELHI

AC 269

## Can you Answer These

## GENERAL KNOWLEDGE QUIZ

1. Who is the inventor of the fictional charactor "Tarzen"? a) Willard Price; b) E. R. Burroughs; c) Lewis Carroll.
2. What is Esperanto?
   a) An international language;
   b) New anti-T. B. drug;
   c) A butterfly found in Brazil.
3. "Radio sonde" is a —
   a) Meteorological instrument;
   b) A rader apparatus;
   c) Sun-spot disturbance.
4. An apiarist is one engaged in the study of —
   a) Bees; b) Birds; c) Apes.
5. Which famous British cricketer was once offered the crown of Albania?
   a) W. Hammond; b) C. B. Fry; c) J. B. Hobbs.
6. Dr. Malcolm Sargent is well-known as a —
   a) Heart Specialist; b) Painter; c) Conductor.
7. Coloured cottons have been grown in —
   a) China; b) Russia; c) Egy'

(Answers on Page 4)

## വിവിധവിശേഷങ്ങൾ

—o—

ലോകത്തിലേക്കു ഏറ്റവും ചെറിയ റെയിൽവേയുടെ ഗേജ് 15 ഇഞ്ചാണ്. റോംനി-ഹയ്ത്ത് ആൻഡ് ഡിംചർച്ച് റെയിൽവേയാണ് അത്.

മുള പുഷ്പിക്കുന്നതു 50 വർഷത്തിൽ ഒരിക്കലാണ്.

ചരിത്രാതീതകാലത്ത്, ഹിമയുഗത്തിനു മുമ്പുണ്ടായിരുന്ന തെങ്ങുകളിലെ നാളികേരം ഗോൾഫ് പന്തുകളുടെ വലിപ്പമുള്ളവയും സാധാരണ നാളികേരങ്ങളോടു സാദൃശ്യമുള്ളവയുമായിരുന്നു. 2,000,000-ൽ പരം വർഷത്തെ പഴക്കമുള്ള അത്തരം നാളികേരങ്ങൾ ന്യൂസിലൻഡിൽ കണ്ടുകിട്ടിയിരിക്കുന്നത്രേ.

ഒരു ശിശു ജനിച്ചതുമുതൽ രണ്ടുമാസത്തേയ്ക്കു അതിനു ശരിയായ കാഴ്ച്ചയുണ്ടായിരിക്കുകയില്ല. നിങ്ങൾ അടുത്തു കുനിഞ്ഞുനിന്നാൽ മുഖത്തിന്റെ ഒരു അവ്യക്തമായ ഛായമാത്രം അതു കാണുന്നു.

ബ്രിട്ടനിൽ ഏറ്റവും കൂടുതൽ ജോലിക്കാർ ജോലിചെയ്യുന്ന സ്ഥാപനം പോസ്റ്റാഫീസാണ്.

ലോകത്തിലേക്കു ഏറ്റവും ദൈർഘ്യമുള്ള തുരങ്കം 'പിക്കാഡില്ലി അണ്ടർഗ്രൗണ്ട്' ആണ്. അതിന്റെ നീളം 25 മൈൽ ആണ്.

ബ്രിട്ടനിലെ വീട്ടുമൃഗങ്ങളുടെ കാനേഷുമാരി കണക്കെടുത്താൽ ഒന്നാംസ്ഥാനം ലഭിക്കുന്നതു പൂച്ചയ്ക്കാണ്.

സാധാരണ വൃക്ഷങ്ങളുടെ ഇലകളാണു വർഷത്തിലൊരിക്കൽ കൊഴിഞ്ഞുവീഴുന്നത്. എന്നാൽ യൂക്കാലിപ്റ്റസ്സിന്റെ പട്ടയാണു കൊഴിയുന്നത്.

7. Harp എന്ന സംഗീതോപകരണമാണു ഇന്നുള്ളതിൽ ഏറ്റവും പഴക്കമുള്ളതു. അതിനു 5000 വർഷത്തെ പഴക്കമുണ്ട്.

ലോകത്തിലുള്ള സിനിമാശാലകളിൽ ഒരാഴ്ചയിൽ ഏകദേശം ൨൩൦൦൦൦൦൦ പേർവീതം പ്രദർശനങ്ങൾ കാണുന്നതിനു പോകുന്നുണ്ട്.

ഏറ്റവും ചെറിയ 'ആറ്റം' ഒരു 'എലക്ട്രോ'ണെക്കാൾ ഫ്വർ മടങ്ങു ഭാരക്കൂടുതലുള്ളതാണ്.

'ബിഗ്ബെൻ' എന്ന നാഴികമണിയുടെ പെൻഡുലത്തിന്റെ ഭാരം ർവ്വ റാത്തലാണ്.

ടോറന്റോനഗരത്തിലെ പഥികന്മാർ റോഡിൽ സഞ്ചരിക്കുമ്പോൾ കൈ ഉയർത്തി അടയാളം കാണിച്ചിട്ടായിരിക്കണം തിരിയേണ്ടതു.

'പ്ലൈവുഡ്' ൫൦൦൦ സംവത്സരങ്ങൾക്കു മുമ്പു ഈജിപ്റ്റിൽ ഉപയോഗിച്ചിരുന്നു. 'മൊറോക്കോ' തോൽ ഉണ്ടാക്കിയിട്ടുള്ളതു മൊറോക്കോയിലല്ല.



# സംസ്കൃതവൃത്തങ്ങളുടെ സംഗീതഭാവം

(തുടർച്ച)

റ്റി. കെ. ശങ്കരൻനായർ ബി. ഏ. ബി. എൽ.

മിശ്രഗതി.

ഏഴുമാത്രകളാണ് മിശ്രജാതിക്കുള്ളത്. അതിനുള്ള ഇരുപത്തിയൊന്നു രൂപങ്ങളിൽ ചിലതുമാത്രമേ ഇവിടെ ഉദാഹരിക്കുന്ന വൃത്തങ്ങളിൽ വരികയുള്ളൂ. രൂപങ്ങളുടെ നിഷ്പത്തിക്രമത്തേയും ബാക്കിരൂപങ്ങൾ മററുവൃത്തങ്ങളിൽ വരാമെന്നുള്ളതിനേയും പരിഗണിച്ച് രൂപങ്ങൾ മുഴുവനും അടിയിൽ ചേർക്കുന്നു.

(൧) ആദിഗുരു ,, മാനജലനിധി
(൨) ദ്വിതീയഗുരു ,, മരാളഗമന
(൩) തൃതീയഗുരു ,, മദിരാകണിക
(൪) ചതുർത്ഥഗുരു ,, മന്ദമരീചിക
(൫) പഞ്ചമഗുരു ,, മദനപതാക
(൬) അന്ത്യഗുരു ,, മധുരവചനം
(൭) ആദിദ്വിതീയ ഗുരു ,, മാലാകലിത
(൮) ആദിതൃതീയ ഗുരു ,, മാലതീസുമ
(൯) ആദിചതുർത്ഥ ഗുരു ,, മാരധാനാശി
(൧൦) ആദ്യന്തഗുരു ,, മാധവമുഖം
(൧൧) ദ്വിതീയതൃതീയഗുരു ,, മനോഹാരിണി
(൧൨) ദ്വിതീയചതുർത്ഥഗുരു ,, മനോഭിരാമ
(൧൩) ദ്വിതീയാന്ത
(൧൪) തൃതീയചതുർഗുരു ,, മദാലപിതം
ർത്ഥഗുരു ,, മധുരാകാര
(൧൫) തൃതീയാന്തഗുരു ,, മധുവഞ്ജനം
(൧൬) ചതുർത്ഥപഞ്ചമഗുരു ,, മധുപമലാകം
(൧൭) ആദിലഘു ,, മഹാരാജം
(൧൮) ദ്വിതീയലഘു ,, മാസവീതം
(൧൯) തൃതീയലഘു ,, മാനാധികം
(൨൦) അന്തലഘു ,, മാലാധാരി
(൨൧) സർവ്വലഘു ,, മന്ദകലതിലകം

ഏകരൂപകങ്ങൾ

ആദിതൃതീയഗുരു

(൧൫) മല്ലിക (൨൦൪) ര-സ-ജ-ജ-ഭ-ര
അഞ്ചിതദ്യുതി ചൂതപുഷ്പധ
നസ്സൊട്ടത്തൊരു വീരനാം

'വീരനാം' എന്നുള്ളത് ഖണ്ഡജാതിയാണ്. അത് മിശ്രഗതിയിൽ ഇരവിധം പ്രയോഗയോഗ്യമാണെന്ന് ആദിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

(൧൬) ഗീതിക-സ-ജ-സ-ഭ-ര-സ-ല-ഗ
,,,,,കര താളചഞ്ചല കങ്കണധ്വനി
മിശ്രണേനമ നോരമാ-രമ ണീയ-
വേണുനി
നാദരാഞ്ചിമ സംഗമേനസു ഖാവ-
ഹമ-ബഹ
ളാനുരാഗനി വാസരാസസ മുദ്ഭ-
വാതവ
രാഗിണാം-വിദ ധൌഹരിം ഖല്വ-
വല്ലവിജന
ചാരുചാമര ഗീതികാ

ഇതു് വൃത്തമഞ്ജരിയിൽ ഇല്ലാത്ത ഒരു വൃത്തമാണ്. ശംഭുനടനത്തിലും ഭുജംഗപ്രയാതത്തിലും താളംതുടങ്ങി നാലുമാത്ര കഴിഞ്ഞാണല്ലോ ഗീതം തുടങ്ങുന്നതു്. ഇവിടയാകട്ടെ അഞ്ചുമാത്രകഴിഞ്ഞിട്ടാണ് ഗീതാരംഭം ഭുജംഗപ്രയാതത്തേപ്പോലെ ആഹാര്യമാത്രകൾ കൂടാതെ തുടർന്ന് പാടാവുന്നതാണ്. ഗീതിക ഉദാഹരണത്തിൽ 'രമ-രമ' എന്നും 'വഹ-ബഹ' എന്നുമുള്ള യമകപ്രയോഗങ്ങൾ ഗീതാരംഭസ്ഥാനം തിരിച്ചറിയുന്നതിന് സഹായമാകുന്നു.

നാനാരൂപകങ്ങൾ

(൧൭) ഭ്രമരവിലസിതം (൨൨൧)-
ന-ഭ-ര-സ ജ-ജ-ഗ
ഹിമഗിരീന്ദ്രത ആജരക്ഷതു
മാംസദൈവദ യാപരം

ചതുർത്ഥഗുരു (൪), ആദിതൃതീയഗുരു (൮) ആദിതൃതീയഗുരു, ഖണ്ഡജാതി ഇങ്ങനെയാണ് രൂപങ്ങൾ.

മിശ്രഗതിപ്രായങ്ങൾ

ശിഖരിണി(൧൭൭) യ-മ ന-സ-ഭ-ല-ഗ

അതിക്രൂരം ബാണം കുസുമതതിയിൽ
ചെങ്കനലുപോൽ, ഇതിനേ
അതിക്രൂരം ബാണം കുസുമ
തതിയിൽ ചെം കനലുപോൽ


എന്ന് അഞ്ചു മഹാമാത്രകളിലുള്ള ഖണ്ഡഗതിയേ; അതിക്രൂരം ബാണം കുസുമതതിയിൽ ചെംക നലുപോൽ എന്ന് മിശ്രഗതിയോ ആയി താളത്തിൽ ചേർക്കാവുന്നതാണ്. എന്നാൽ ഖണ്ഡഗതിയിലേ ഭിന്നഗുരുകവും മിശ്രഗതിയിലെ അന്ത്യചതുരശ്രവും സൂചിപ്പിക്കുന്നതു് ഇവ രണ്ടുമല്ല—ശിഖരിണിയുടെ സ്വാഭാവികഗീതരൂപമെന്നാണ്.

അതിക്രൂരം ബാ,ണം" കുസുമതതിയിൽ
ചെംകനലുപോൽ
ഇതാണ് അക്ലിഷ്ടമായരൂപം.

മേഘവിസ്ഫൂർജ്ജിതം (൨൧൪)
യ-മ-ന-സ-ര-ര-ഗ
മദാമൂലം യാ,മെ"
മലഭരനമൽ മേഘവിസ്ഫൂ
ർജ്ജിതമാൻ

രണ്ടു വൃത്തങ്ങളിലേയും ആദ്യത്തെ മഹാമാത്രകൾ ആദിലഘു (൧൭) മിശ്രങ്ങളും മൂന്നാമത്തെ മഹാമാത്രകൾ അന്തലഘു മിശ്രങ്ങളുമാണ്. രണ്ടിലേയും രണ്ടാമത്തെ മഹാമാത്രകളിൽ ഇരിക്കുന്ന രണ്ടു ഗുർവ്വക്ഷരങ്ങളിൽ ആദ്യത്തേതിനു മൂന്നും രണ്ടാമത്തേതിന് നാലും മാത്രകളായി വിസ്തൃതി വരുത്തിയിട്ടുണ്ട്. ഇത്രയുമാണ് രണ്ടു വൃത്തങ്ങളും തമ്മിലുള്ള സാദൃശ്യങ്ങൾ.

ശിഖരിണിയിലെ നാലാമത്തെ മഹാമാത്ര ആദ്യന്തഗുരു (൧൦) വും മേഘവിസ്ഫൂർജ്ജിതത്തിലേതു് ദ്വിതീയലഘുവും ആകുന്നു. അതിൻെറ ഒടുവിൽ കാണുന്ന ഖണ്ഡജാതി ശിഖരിണിയിലില്ലെന്നുമാണ് വ്യത്യാസങ്ങൾ. മേഘവിസ്ഫൂർജ്ജിതത്തെ എട്ടു മഹാമാത്രകളിൽ ചതുരശ്രഗതിയിലും കൊള്ളിക്കാം. പക്ഷേ അളു മൂന്നു ഭിന്നഗുരുകങ്ങൾ വരുന്ന അ




യന്ത്രഭാഗങ്ങളെ ഘടിപ്പിക്കുന്നവൻ (ഫിററർ)

യന്ത്രങ്ങളെ ഉണ്ടാക്കി അവയെ ശരിയായ നോട്ടത്താലും, പ്രയാസമേറിയ ശരിപ്പെടുത്തലുകളാലും നിലനിൎത്തിപ്പോരുന്ന ഇവനാണ്, സകല വ്യവസായങ്ങളുടേയും പ്രധാന പിൻതാങ്ങ്.

കടച്ചക്കൂട്ടുകൾ, ആകൃതിയുണ്ടാക്കുന്ന യന്ത്രങ്ങൾ, പൊടിക്കുന്ന യന്ത്രങ്ങൾ, സമപ്പെടുത്തുന്ന യന്ത്രങ്ങൾ എന്നിവയെ പ്രവൎത്തിപ്പിക്കുവാനും, അളവുപാത്രങ്ങൾ, ബ്ലൂപ്രിൻററ്സ് എന്നിവയെ ഉപയോഗിക്കുവാനും അറിയുന്ന ഈ ഫിററർമാർ രെംഗ്ഗലത്തിൻെറ ആയിരത്തിലൊരംശം എന്ന കൃത്യതയിൽ പ്രവൎത്തിക്കുന്നു.

വ്യവസായം നല്ല ഗതാഗതമാൎഗ്ഗങ്ങളേയും നല്ല സാധനങ്ങളേയും ആശ്രയിച്ചിരിക്കുന്നപോലെതന്നെ കൌശലത്തോടുകൂടിയ ലോഹപ്രവൃത്തിക്കാരേയും ആശ്രയിച്ചിരിക്കുന്നു. ഇന്ത്യക്ക് ആളുകളേയും സാധനങ്ങളേയും നല്കുവാൻ സാധിക്കും. പക്ഷെ ഈ പ്രവൃത്തിക്കാരേയും ഉല്പാദനങ്ങളേയും കൊണ്ടുപോകുവാനുള്ള നല്ല റോഡുകൾ ഉണ്ടാകുന്നതുവരെയും ഇവ മുഴുവനും ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യമല്ല. വ്യവസായത്തിന് മികച്ച റോഡുകൾ ഏററവും ആവശ്യമാണ്.

വ്യാവസായീക പുരോഗതിക്ക് ഇന്ത്യക്ക് നല്ല റോഡുകൾ വേണമെന്ന വിശ്വാസത്താൽ ബർമ്മാ—ഷെൽ പ്രസിദ്ധീകരിക്കുന്നതു്.

BURMAH-SHELL OIL STORAGE AND DISTRIBUTING CO. OF INDIA LTD. (INCORPORATED IN ENGLAND). GA/BS/5

## പരസ്യം

—o—

മാവേലിക്കര ജില്ലാക്കോർട്ടിൽ
൧൧൨൨-ൽ ഡി. ആർ. ഏ. ൨

ഹർജിക്കാരൻ:—കോയിപ്രം പകുതിയിൽ തട്ടയ്ക്കാട്ടുമുറിയിൽ കൊച്ചുപുരയ്ക്കൽ മാമ്മൻ അബ്രഹാം.

എതൃകക്ഷികൾ:—൧. ടിമുറിയിൽ മാമൂട്ടിൽ പുത്തൻപുരയ്ക്കൽ യോഹന്നാൻ കൊച്ചുയോഹന്നാൻ. ൨. ടിമുറിയിൽ വാഴപ്പറമ്പിൽ യോഹന്നാൻ ഈശൊ. ൩. ടിയിൽനിന്നും ചിറക്കാട്ടു ഈശൊവർഗീസ്സ്. ൪. ടിമുറിയിൽ കല്ലാടിക്കയിൽ കൊച്ചുമ്മർമത്തായി. ൫. ടിമുറിയിൽ പുറയ്ക്കൽ യോഹന്നാൻ അബ്രഹാം. ൬. തോട്ടപ്പുഴശ്ശേരിപകുതിയിൽ നെടുമ്പ്രയാർമുറിയിൽ മരത്തോന്ന് ഗീവറുഗീസ് വക്കി. ൭. ടിമുറിയിൽ പറയ്ക്കൽ തോമസ്സ് ശോശാമ്മ. ൮. ടി പകുതിയിൽ കുറിയന്നൂർമുറിയിൽ മമ്മാപ്പള്ളിൽ ചാക്കൊ ചാക്കൊ. ൯. ടി കേരളവിലാസം ബാങ്ക് (ക്ലിപ്തം)വകയ്ക്കു ലിക്വിഡേറ്റർ, കോഴിമുക്കപകുതിയിൽ എടത്വാമുറിയിൽ കരിപ്പാറമ്പിൽ കെ. ജെ. ചെറിയാൻ ബി. ഏ. ബി. എൽ. ൧൦. മേഡേൺബാങ്ക് ക്ലിപ്തംവകയ്ക്കു ലിക്വിഡേറ്റർ തിരുവല്ലാ മുൻസിഫ് കോടതിവക്കീൽ മിസ്റ്റർ എം. ജെ. ചാക്കോ. ൧൧. കോയിപ്രംയൂണിയൻ ബാങ്ക് ക്ലിപ്തം വകയ്ക്കു ലിക്വിഡേറ്റർ കോയിപ്രംപകുതിയിൽ തട്ടയ്ക്കാട്ടു മുറിയിൽ കരിപ്പാത്തു ഈശൊ ജോൺ. ൧൨. ഇരവിപേരൂർ പകുതിയിൽ ഇരവിപേരൂർമുറിയിൽ മഴവഞ്ചേരിപറമ്പിൽ കുരുവിള കുരുവിള.

ടി എതൃകക്ഷികളെ തെര്യപ്പെടുത്തുന്നതു്.

കടനിവാരണ ആക്ട് ൧൩-ാംവകുപ്പനുസരിച്ചു പട്ടികവസ്തുക്കളുടെ നാലിൽ മൂന്നുഭാഗം എതൃകക്ഷികൾക്കു കൊടുത്തും നാലിൽ ഒരുഭാഗം നിർബാധമായി കൊടുപ്പിക്കണമെന്നും മറ്റും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ടി നമ്പ്ര ഡി. ആർ. ഏ. ഹർജിസംഗതി ൧൧൨൨-ാമാണ്ടു മകരമാസം ൪-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അതേപ്പറ്റി എതൃകക്ഷികൾക്കു മറ്റൊക്കെങ്കിലുമോ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ, മുറപ്രകാരം അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേറ്റോ വക്കീലോ മുഖാന്തിരമോ, നേരിട്ടോ ഹാജരായി രേഖാമൂലം ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജിസംഗതികൾ തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം,
ശിരസ്തദാർ (ഒപ്പ്.)

൧൧൨൨-ാമാണ്ടു ധനുമാസം ൧-ാംനു

—o—

### സിവിൾ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്.

—o—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൧-ാമാണ്ടു സിവിൽ ൩൭൭-ാംനമ്പർ

വാദികൾ.—൧. പള്ളിപ്പുറംപകുതി ടി മുറിയിൽ കന്നേഴത്തു വക്കി അവുസേപ്പു. ൨. ടിയിൽ ടിയാന്റെ ഭാര്യ പത്രോസ്സ് മറിയം.

പ്രതി:—കടുത്തുരുത്തിപകുതി മാന്നാർ കരയിൽ ചിറട്ടപ്പള്ളിൽനിന്നും വടയാർ തലയോലപ്പറമ്പു കരയിൽ വടക്കേകൊല്ലംപറമ്പി താമസം മത്തായി ചാക്കൊ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ഉടൻജപ്തിഹർജി അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൾപലവകഹർജിസംഗതി ൧൧൨൨-ാമാണ്ടു മകരമാസം ൪-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം,
ഹെഡ്ഗുമസ്താ (ഒപ്പ്.)

൧൧൨൨-ാമാണ്ടു വൃശ്ചികമാസം ൨൮-ാംനു

—o—

## പ്രതിസമൻ

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൧-ൽ സിവിൽ ൩൭൭

വാദികൾ:—൧. പള്ളിപ്പുറംപകുതി ടി മുറിയിൽ കന്നേഴത്തു വക്കി അവുസേപ്പു. ൨. ടിയിൽ ടിയാന്റെ ഭാര്യ പത്രോസ്സ് മറിയാമ്മ.

വക്കീൽ മിസ്റ്റർ വി. വക്കി.

പ്രതി:—കടുത്തുരുത്തിപ്പകുതി മാന്നാർ കരയിൽ ചിറട്ടപ്പള്ളിൽനിന്നും വടയാർ പകുതി തലയോലപ്പറമ്പുകരയിൽ വടക്കേകൊല്ലംപറമ്പിൽ താമസം മത്തായി ചാക്കൊ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി നിങ്ങളുടെ മേൽ ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു ഉത്തരംബോധിപ്പിക്കുന്നതിനായി ൧൧൨൨ മകരമാസം ൪-ാംനു പകൽ ൧൧ മണിക്കു നിങ്ങളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരാകാതെ ഇരുന്നാൽ നിങ്ങളെക്കൂടാതെ കേസ്സു തീരുമാനിക്കുന്നതാണു്.

ഉത്തരവിൻപ്രകാരം,
ഹെഡ്ഗുമസ്താ (ഒപ്പ്.)

൨൮-൪-൧൧൨൨

—o—

## പരസ്യനോട്ടീസ്

—o—

ചേർത്തല ടെമ്പററി ഡിസ്ട്രിക്റ്റമുൻസിഫ് കോർട്ടിൽ
൧൧൧൩—ൽ സിവിൽനമ്പർ—൪൩൩

കൂട്ടതൽ ൨-ാംവാദി—തുറവൂർ തെക്കപകുതി പടിഞ്ഞാറേകര തെക്കേമുറിയിൽ തുരുത്തിക്കാട്ടു പള്ളത്തിൽ ദേവൻ പത്മനാഭക്കർത്താവു്.

വക്കീൽ എം. എൻ. പരമേശ്വരൻപിള്ള

൪-ാംപ്രതി—ആര്യാട്ടു തെക്കനാര്യാട്ടു മുറിയിൽ വളവത്തുവീട്ടിൽ കമലമ്മ.

൪-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിക്കടത്തിനു ജപ്തിവസ്തുക്കളും ഡിഗ്രിവസ്തുക്കളും ലേലത്തിൽ വില്പിക്കുന്നതിനു വാദി അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിലടങ്ങേണ്ട വിവരങ്ങൾവ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨—മകരം ൨-ാംനുക്കവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൭-൭-൧൧൨൨

—o—

## പരസ്യം

—o—

ചങ്ങനാശേരിമുൻസിഫ്കോർട്ടിൽ
൧൧൨൧—സിവിൾനമ്പ്ര ൪൮൦

വാദി—നെടുംകുന്നം പകുതിയിൽ ടി മുറിയിൽ മാമൂണ്ടവീട്ടിൽ മാധവിയമ്മ തങ്കമ്മ.

വാദിഭാഗം അഡ്വൊക്കേററു സി. ഗോപാലപ്പണിക്കർ

പ്രതികൾ—൧. ഇരവിപേരൂർപകുതിയിൽ തലയാറുമുറിയിൽ ആല്യവേലിൽവീട്ടിൽ ലക്ഷ്മിയമ്മ. കുട്ടിയമ്മ ൨. ടിയിൽ പരമേശ്വരപ്പണിക്കർസുരേന്ദ്രനാഥപ്പണിക്കർ ൩. ടിയിൽ മൈനർ പരമേശ്വരപ്പണിക്കർ രാമചന്ദ്രപ്പണിക്കർ ൪. ടിയിൽ മൈനർകുട്ടിയമ്മ ഭവാനിയമ്മ. മൈനർ ൩ ൪-ാംപ്രതികളുടെ രക്ഷകർത്താവു്, മാതാവായ ൧-ാംപ്രതിയാകുന്നു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു് എന്തെന്നാൽ

ഈ നമ്പ്രകേസിൽ മേൽവിവരിച്ചപ്രതികൾക്കു കോടതിയിൽനിന്നും സമൻസു അയച്ചതിൽ മടങ്ങിവന്നിട്ടുള്ളതിനാൽ മേൽനമ്പർ കേസിന്റെ അടുത്തവിചാരണദിവസമായ ൧൧൨൨—മകരമാസം ൪-ാംതീയതി പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതികളെക്കൂടാതെ കേസു തീർച്ചചെയ്യുന്നതുമാണെന്നുള്ളവിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താം (ഒപ്പ്)

൧൧൨൨—ധനു ൪-ാംനു

—o—

### വസ്തുഒഴിപ്പിക്കുന്നസംഗതിക്കു നോട്ടീസ്

—o—

സിവിൾ നടപടി നിയമത്തിന്റെ ആഡർ ൨൧, റൂൾ ൩൩, ൩൪, ൩൫, ൩൬,
ആലപ്പുഴ അഡിഷനൽ മുൻസിഫ് കോർട്ടിൽ
൧൧൨൧-ാമാണ്ടു സീ നമ്പർ
ആദ്യവ്യവഹാരം ൭൩൨

വാദി—ആലപ്പുഴ മുല്ലക്കൽ ജവുളിവ്യാപാരം പി. പെത്താറെഡ്യാർ.

പ്രതി—ആര്യാട്ട തെക്കപകുതിയിൽ തെക്കനാര്യാട്ടുമുറിയിൽ തോണ്ടംകുളങ്ങാചിറപ്പാമ്പുവീട്ടിൽ നിന്നും ആലപ്പുഴമുല്ലക്കൽ ക്ഷേത്രത്തിനു തെക്കുവശം വാദിവകകെട്ടിടത്തിൽ കച്ചവടം വേലായുധൻപിള്ള ശിവാനന്ദൻപിള്ള

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ ഡിക്രിയിൽകൊണ്ട വസ്തു ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു വാദി അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-ാമാണ്ടു മകരമാസം ൨-ാംനു സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമീനു ൨൭-ാംനു ഉത്തരവുകൊടുക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തൻ(ഒപ്പ്)

൧൧൨൨-ാമാണ്ടു ധനു മാസം ൧൭-ാംനു

—o—

## പ്രതിസമൻ
## പരസ്യം

—o—

ഹരിപ്പാട്ട മുൻസിഫ്കോർട്ടിൽ.
൧൧൨൭ സിവിൾ ൬൨൭.

വാദികൾ—കാർത്തികപ്പള്ളി പകുതിയിൽ മാവേലിക്കാട്ടുമുറിയിൽ ബംഗ്ലാവിൽ താമസം ഏ. വി. ആനന്ദരാജൻ മുതൽ പേർ.

കൂട്ടതൽപ്രതികൾ—൪. കുന്നല്ലൂർ പകുതിയിൽ പുതിയവിള മുറിയിൽ കോമത്തുവീട്ടിൽ പത്മനാഭപിള്ള നാരായണപിള്ള. ൫ ടി കോമത്തുവീട്ടിൽ കുഞ്ഞുകുഞ്ഞുപിള്ള കാളിപ്പിള്ള. ൬. ടി യിൽ കാളിഅമ്മ ചെല്ലമ്മ. ൭. ടിയിൽ മൈനർ കാളിഅമ്മ തങ്കമ്മ. (രക്ഷകർത്താ ൪-ാം പ്രതി.)

ടി പ്രതികളുടെമേൽ വാദികൾ ഫയൽചെയ്തിരിക്കുന്ന വ്യവഹാരത്തിനുത്തരം പറവാനുണ്ടെങ്കിൽ പ്രതികൾ നേരിട്ടോ അധികാരപ്പെടുത്തിയ വക്കിൽമുഖാന്തിരമോ ൧൧൨൨ മകരം ൨-ാംനു പകൽ ൧൧ മണിക്കു കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതികളെക്കൂടാതെ മേൽനമ്പ്രകാര്യം തീരുമാനിക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താം (ഒപ്പ്)

—o—

## പരസ്യം

—o—

കോട്ടയം ജില്ലാക്കോർട്ടിൽ
൧ ബി
൧൧൪-ാമാണ്ടു ആദ്യനമ്പർ ൧൩൦.

വാദി—ദി ബാങ്ക് ഓഫ് ഡക്കാൻ ക്ലിപ്തം. കോട്ടയം. ടി കമ്പേനി മാനേജിംഗ ഡയറക്റ്റർ നാട്ടകം പകുതിയിൽ പള്ളം കരയിൽ വടക്കേപറമ്പിൽനിന്നും പനച്ചിക്കാട്ടുപകുതി ചാന്നാനിക്കാട്ടുകരയിൽ തോപ്പിൽതാമസം വി. ചാണ്ടി ഇട്ടി.

കൂട്ടതൽ ൭-ാംപ്രതി—കോട്ടയം പകുതിയിൽ ടി കരയിൽ താഴത്തങ്ങാടിയിൽ എറികാട്ടുപുത്തൻബംഗ്ലാവിൽ തമ്പി എന്നു വിളിച്ചുവരുന്ന ജോസഫ് മാത്യൂ.

മേൽപറഞ്ഞ പ്രതിയുടെ മേൽ ചിട്ടിപണയാധാരപ്രകാരം വരേണ്ട മുതൽപലിശയ്ക്കുംമറ്റും വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ടു മകരമാസം ൩-ാംനു വ്യാഴാഴ്ച പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻതക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആ വക എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻശേഷിയുള്ള മററുവല്ല ആളോടുകൂടിവരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമെ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെക്കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതുംആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൧൨൨-ാമാണ്ടു ധനുമാസം ൪-ാംനു

—o—

## പ്രതിസമൻ

—o—

വൈ-ടെ-മു-കോർട്ടിൽ
൧൧൨൦-ാമാണ്ടു ആദ്യനമ്പർ സി ൨൧൩.

കൂ: വാദി—ചേർത്തല കൊക്കോതമംഗലംപകുതി കിഴക്കുംമുറിയിൽ തെക്കേടത്തുകോവിലകത്തു അംബാലികതമ്പുരാട്ടി അമ്മുക്കുട്ടിത്തമ്പാട്ടി.

പ്രതികൾ—൧൭. പള്ളിപ്പുറം പകുതി തിരുനല്ലൂർമുറിയിൽ കുറിയിൽ പാക്കം ചെല്ലപ്പൻ. ൨൧. ടി മുറിയിൽ ചെങ്ങണ്ടകരിയിൽ പാക്കം അച്ചുതൻ നാരായണൻ. ൨൨. ടി യിൽ കായി പാപ്പി. ൨൩. ടിയിൽ കായി മങ്കു. ൨൪. ടിയിൽ കായി ചീരു.

മേൽപറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ടു മകരമാസം ൩-ാംനു വ്യാഴാഴ്ച പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻതക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതൊ അല്ലെങ്കിൽ ആ വക എല്ലാചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടി വരുന്നതൊ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമൊ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെക്കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താം (ഒപ്പ്)

൧൧൨൨-ാമാണ്ടു ധനുമാസം ൨-ാംനു

—o—

### സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

o

### Notice of Transfer

മാവേലിക്കര മുൻസിഫ്കോർട്ടിൽ.
൧൧൨൦-ാമാണ്ടു സി ൭൭.

കൂട്ടതൽവാദി—൨. കൊച്ചിസംസ്ഥാനത്തു തൃശ്ശിവപേരൂർ താലൂക്കു വല്ലച്ചിറവില്ലേജു കടലാശ്ശേരിദേശത്തു ഉമ്മൻ പള്ളിമനയ്ക്കൽ തുപ്പൻ നാരായണൻ നമ്പൂതിരിപ്പാട്.

പ്രതികൾ—൨. കൊല്ലം ഇരവിപുരം തെക്കുംകരചേരിയിൽ കാരാവള്ളിമഠത്തിൽ ശങ്കരയ്യർ സുബ്രഹ്മണ്യയ്യർ. ൩. ടിയിൽ മീനാക്ഷിഅമ്മാൾ തങ്കച്ചിഅമ്മാൾ.

൨-ം ൩-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര കേസ്സ് വിധിനടത്താനായി അടൂർ മുൻസിഫ് കോടതിക്കയയ്ക്കാൻ അനുവദിച്ചുത്തരവുണ്ടാകണമെന്നുംമറ്റും കൂട്ടതൽ ൨-ാംവാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു Ex : Pet 3-ാംനമ്പർ ഹർജിസംഗതി ൧൨൨-ാമാണ്ടു മകരമാസം ൩-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.


ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താം (ഒപ്പ്)

൧൧൨൨-ാമാണ്ടു വൃശ്ചികമാസം൨൩-ാംനു

—o—

# രാജകീയ വിവാഹം?





ബ്രിട്ടനിലെ കിരീടാവകാശിനിയായ എലിസബെത്തു രാജകുമാരിയുടെ വിവാഹം ബ്രിട്ടീഷുപത്രങ്ങളുടെ ഇടയിൽ ഒരു വാദവിഷയമായി തീർന്നിരിക്കുന്നു. കുമാരിയുടെ ഭാവിവരൻ ഗ്രീസിലെ ഫിലിപ്പ് രാജകുമാരനാണെന്നാണ് പ്രസ്താവിക്കപ്പെട്ടുകാണുന്നതു്. മന്ത്രിസഭയിലും ഇതര രാഷ്ട്രീയകേന്ദ്രങ്ങളിലും ഈ വിവാഹം നിരൂപണവിഷയമായെന്നുള്ള വാർത്ത നിഷേധിക്കപ്പെട്ടുകണ്ടു. എന്നാൽ ഒരു കമ്യൂണിസ്റ്റ് പത്രമായ "ഡെയിലി വർക്കർ" പ്രസ്തുത വാർത്ത ആവർത്തിക്കുകയും, അപ്രകാരമുള്ള ഒരു ബന്ധം മെഡിറ്ററേനിയനിലെ ഒരു പ്രധാന രാജ്യമായ ഗ്രീസിൻ്റെ മേൽ ബ്രിട്ടൻ്റെ പിടി മുറുക്കുന്നതിനുള്ള ഒരുപായമാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു. കുമാരിയുടെ വിവാഹസംഗതി ഒരു പൊതുവിമർശനവിഷയമാക്കരുതെന്നു ഒരുസംഘം പത്രങ്ങൾ അഭിപ്രായപ്പെടുന്നതിനെതിരായി: "സൺഡേ പിക്ചോറിയൽ" അതിൻ്റെ വായനക്കാരുടെ അഭിപ്രായം ആരായുകയും, 1936-ലെപ്പോലെ സംഭവം കഴിഞ്ഞു അഭിപ്രായം പുറപ്പെടുവിക്കുന്നതിനെക്കാൾ ഉത്തമം അതിനു മുമ്പുതന്നെയാണ് എന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. ഈ ബന്ധത്തെ റഷ്യ എങ്ങനെ വീക്ഷിക്കും എന്ന ചോദ്യവും പ്രസ്തുത പത്രം ചോദിക്കുന്നു. രാജകുമാരി ഫിലിപ്പിനെ തൻ്റെ വരനായി നിശ്ചയിച്ചുകഴിഞ്ഞു എന്നു പ്രസ്താവിച്ചതായി പറയപ്പെടുന്നു. മുകളിൽ കാണുന്ന ചിത്രങ്ങൾ എലിസബെത്തുരാജകുമാരിയുടെയും ഫിലിപ്പ് രാജകുമാരൻ്റെയുമാണ്.

(രണ്ടാംപേജിൽനിന്നും തുടർച്ച)

അദ്ദേഹം ശിവപ്രീതിക്കായി ഒരു ക്ഷേത്രം പണികഴിപ്പിച്ചു്, അതിനു ചുറ്റുമായി ഒരു ജനതയെയും നിവസിപ്പിച്ചു് ആ സ്ഥലത്തിനു് മധുര—ശിവൻ നൃത്തംചെയ്തപ്പോൾ നിലത്തു് കുടഞ്ഞ ഗംഗാജലത്തിനു കൊടുത്ത പേരു്—എന്നു നാമകരണം ചെയ്തുവെന്നാണിവർ വ്യക്തമാക്കുന്നതു്. ഏതായാലും മധുര എന്ന പേരിൻ്റെ ആഗമനമിപ്പോഴും ഇന്നും വാദവിഷയമായി ശേഷിക്കുന്നതേയുള്ളു.

മധുരയിലെ മഹത്തായ കെട്ടിടങ്ങളിൽ പ്രഥമവും പ്രധാനവും പ്രകടവും ആയ സ്ഥാനം നഗരത്തിൻ്റെ മിക്കവാറും കേന്ദ്രഭാഗത്തു് തന്നെ സ്ഥിതിചെയ്യുന്ന മീനാക്ഷി ക്ഷേത്രത്തിനാണു്. ഈ ക്ഷേത്രം തോതിൽ വിപുലമാണു്, നിലയിൽ ഗംഭീരമാണു്, ശില്പകലയിൽ അത്ഭുതാവഹവുമാണു്. നിർമ്മാണമനോഹാരിത അവർണ്ണ്യമത്രെ; അവ [illegible]ങ്ങളാൽ ആസ്വദിക്കപ്പെടുന്നവതന്നെ. ആയിരംകാൽമണ്ഡപവും കനകത്താമരക്കുളവും പ്രേക്ഷകരെ നിമിഷനേരത്തെയ്ക്കെങ്കിലും സ്തബ്ധരാക്കും. റാണിമങ്ങാം നിറുത്തിയിട്ടുള്ള പുതുമണ്ഡപവും ക്ഷേത്രത്തിൽ തന്നെയാണു്. പുതുമണ്ഡപത്തിൻ്റെ മറ്റുത്തുള്ള വിശാലമായ ഹാളിലാണു് മധുരയിലെ നായക്കരാജാക്കന്മാരുടെ പ്രതിമകളുടെ സ്ഥാനം.

പട്ടണത്തിൻ്റെ തെക്കുകിഴക്കുഭാഗത്തായി, തിരുമലനായക്കൻ പണികഴിപ്പിച്ചിട്ടുള്ള കൊട്ടാരം കാണാം. മധുരരാജാവിൻ്റെ ഭരണങ്ങളായ തഞ്ചാവൂരിലെ രാജകുമാരിയുടെ ആവശ്യത്തിലേക്കായി ഒരു [illegible] പണികഴിപ്പിച്ചതു്. ഔന്നത്യമേറുന്ന സ്തൂപികകളും സ്തംഭങ്ങളും, മേട്ടരമായ ഭിത്തികളും, അസംഖ്യം അങ്കണങ്ങളും, വിശാലങ്ങളായ പ്രസംഗശാലകളും, സ്ഫാടികസങ്കാശമായ സരസ്സുകളും നമ്മുടെ, ഏതാണ്ട് സ്മരണപാംസം വലിച്ച സൗന്ദര്യബോധത്തിൻ്റെ ഭൂതകാലസ്ഥിതിയെ പ്രഖ്യാപനം ചെയ്യുന്നു. ഇപ്പോൾ ഈ കൊട്ടാരം മധുരജില്ലയിലെ കച്ചേരികൾക്കും മാറുമായി ഉപയോഗിക്കുന്നു.

വർഷംതോറും വിവിധവിനോദങ്ങൾക്കു വിഹാരരംഗമായ മനോഹരസരസ്സ്—മറിയമ്മൻസരസ്സ്—മീനാക്ഷിക്കോവിലിൻ്റെ അരമൈൽ തെക്കായിട്ടാണു്. ഇതിൽ ആചാരവും പാരമ്പര്യവും ഹേതുവായിട്ടു തുടർന്നുകൊണ്ടിരിക്കുന്ന ഉത്സവം നടത്തുന്നതു് കുംഭം, മീനം മാസത്തിലാണു്. ശിവൻ്റെയും മീനാക്ഷിയുടേയും സമ്മേളനത്തിൻ്റെ സ്മരണയെ നിലനിർത്തുവാനാണു് ഈ ആഘോഷത്തിൻ്റെ ഉദ്ദേശ്യം. മദ്രാസ് പ്രസിഡൻസിയുടെ പലഭാഗത്തുനിന്നും ഈ കാഴ്ച കാണുന്നതിനു ജനത ഇരമ്പിക്കയറത്തക്കവണ്ണം ആർഭാടമായും വിചിത്രമായുമാണു് ഈ ഉത്സവം നടത്തുന്നതു്. ഇതുകൂടാതെ വൃശ്ചികമാസത്തിൽ നടത്തുന്ന മറ്റൊരു ഉത്സവവുമുണ്ടു്, ഇതു താരതമ്യേന അല്പം മോശമായിട്ടാണു് നടത്തുന്നതെങ്കിലും, ഇതിൻ്റെയും മനോഹാരിത അവാച്യമാണു്.

മധുരാനഗരിയുടെ ചരിത്രത്തെപ്പറ്റി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. രാമനാഥം, തിരുനൽവേലി, മധുര ഇവയുൾപ്പെട്ട പാണ്ഡ്യസാമ്രാജ്യത്തിൻ്റെ തലസ്ഥാനമായിരുന്നു ഈ പട്ടണം. പ്രസ്തുത സാമ്രാജ്യം പാണ്ഡ്യരാജാക്കന്മാർ രണ്ടാം ശതകാരംഭം വരെ സ്വതന്ത്രമായിത്തന്നെ ഭരിച്ചു. രണ്ടുമുതൽ പത്തുവരെ ശതകങ്ങളുടെ ഇടയ്ക്കുള്ള കാലത്തു് പാണ്ഡ്യന്മാരുടെ ശക്തി പ്രായേണ ക്ഷയിക്കുകയും, പല്ലവന്മാർ പാണ്ഡ്യന്മാരിൽനിന്നു് കപ്പം വാങ്ങുന്നതിനു് ഒതുക്കി പല്ലവന്മാരുടെ മേൽക്കോയ്മ സംസ്ഥാപിക്കുകയും ചെയ്തു. മൂന്നു് ശതാബ്ദങ്ങളോളം പുഷ്ടിപ്പെട്ടുവന്ന ചോളപാണ്ഡ്യന്മാരായിരുന്നു പല്ലവരുടെ പിൻഗാമികൾ.

തദനന്തരം ഈ സാമ്രാജ്യം ഒന്നല്ലെങ്കിൽ മറ്റൊരു വിദേശമേധാവിത്വത്തിനു വിധേയമായിക്കൊണ്ടിരുന്നു. ൧൪-ാം ശതാബ്ദത്തിൽ മാലിക് കാഫർ മധുരസാമ്രാജ്യത്തെ ആക്രമിക്കുകയും, തലസ്ഥാനം പോലും പ്രതിരോധനത്തിനു വൈമുഖ്യപ്പെട്ടുകണ്ടതിനാൽ, പിടിച്ചടക്കുകയുംചെയ്തു. ഏതാനും സംവത്സരങ്ങൾക്കുശേഷം വിജയനഗരം, മുസ്ലീമിങ്ങളെ പലായനം ചെയ്യിച്ചിട്ടു്, വിജയനഗരം ചക്രവർത്തിയാൽ നിയമിതരായ പാണ്ഡ്യൻ ഗവർണ്ണറന്മാരെക്കൊണ്ടു ഭരണകാര്യങ്ങൾ നിർവഹിപ്പിക്കുകയുംചെയ്തു, [illegible]-ൽ വീരചോളൻ പാണ്ഡ്യന്മാരെ പരാജിതരാക്കി മധുര കൈവശപ്പെടുത്തുകയും, തൻമൂലം പാണ്ഡ്യന്മാർ വിജയനഗരം ചക്രവർത്തിയെ ശരണംപ്രാപിക്കാൻ ഇടയാവുകയും ചെയ്തു.

പരാജിതരായ പാണ്ഡ്യന്മാരുടെ സഹായാർത്ഥമായിരുന്നു നാഗമ്മനായക്കൻ നിയുക്തനായതെങ്കിലും വെണ്ണതൂക്കിയ ശാഖാമൃഗത്തെപ്പോലെയായിരുന്നു കാര്യം നിർവഹിച്ചതു്. അതായതു്, ചോളരാജാവിനെ തോല്പിച്ചെങ്കിലും, നാഗമ്മനായക്കൻതന്നെ സ്വയം രാജാവായി പ്രഖ്യാപിതനായി. കോപാന്ധമായ അധീശഗവണ്മെണ്ടു ചോളരാജാവിനെതിരായി നിയോഗിച്ചതു് ശിക്ഷാർഹൻ്റെ പുത്രനെത്തന്നെയായിരുന്നു. പിതാവു പുത്രനാൽ ബന്ധനസ്ഥനായെങ്കിലും, വിജയനഗരംചക്രവർത്തിയുടെ ഔദാര്യത്തിൻ്റെ അടയാളമായി ചോളരാജാവിനെ ശിക്ഷകൂടാതെ വിട്ടു.

നായക്കരാജാക്കന്മാരിൽ ആദ്യം ഭരിച്ചതു് വിശ്വനാഥനായക്കനായിരുന്നു. ആയിരംകാൽ മണ്ഡപം ഇദ്ദേഹത്തിൻ്റെ മന്ത്രി ആര്യനായക്കൻ പണികഴിപ്പിച്ചതാണെന്നു് രേഖകളിൽ കാണുന്നതു്. വിശ്വനാഥനായക്കൻ്റെ പിൻഗാമികളിൽ ഒരാളായ തിരുമലനായക്കൻ പണികഴിപ്പിച്ചതാണു് ഇപ്പോഴും അദ്ദേഹത്തിൻ്റെ പേരിൽ വിഖ്യാതമായിരിക്കുന്ന കൊട്ടാരം. തിരുമലനായക്കൻ്റെ ദുർഭരണംമൂലം രാജ്യത്തു് ആഭ്യന്തരകലഹമുണ്ടാവുകയും, തന്മൂലം ഭരണകാര്യങ്ങളിൽ ആർക്കാട്ടു് നവാബു് ഇടപെടുകയും ചെയ്തു. മഹമ്മദാലി ആർക്കാട്ടിൽ സിംഹാസനാരോഹണം ചെയ്തതോടുകൂടി മധുര ഉൾപ്പെടുന്ന സാമ്രാജ്യവുംകൂടി അദ്ദേഹത്തിൻ്റെ കുടക്കീഴിലായി. കുറച്ചുകാലംകഴിഞ്ഞു് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനിക്കു പ്രത്യുപകാരാർത്ഥം മധുരയും നെല്ലൂരുംകൂടി നൽകപ്പെട്ടു. [illegible]-ലെ ഇൻഡ്യാ ആക്ടിൻപ്രകാരം മാറ്റങ്ങളോടൊപ്പംതന്നെ മധുരയും ബ്രിട്ടീഷ് ഭരണത്തിനു് വിധേയമായി.

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.